LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 ഫെബ്രുവരി വാല്യം 3 ലക്കം 2



## നിത്യരക്ഷയും നിത്യശിക്ഷയും

ദേവസ്യാ മുല്ലക്കരസാർ



# വേറൊരു സുവിശേഷം




യഥാർത്ഥ ദൈവഭക്തി മനുഷ്യഹൃദയങ്ങളെ ത്രസിപ്പിക്കുകയും ദൈവകൃപയുടെ ആദ്ധ്യാത്മികാവിഷ്ക്കാരംകൊണ്ട് മനുഷ്യജീവിതം സ്വർഗ്ഗത്തിലെന്നപോലെ സന്തോഷംകൊണ്ട് നിറയുകയും ചെയ്യുന്നു. കേവലം മതപരമായ ഭക്തിയും മതപരത തെളിയിക്കുന്ന ആരാധനാരീതികളുമാണ് നമുക്കെങ്ങും കാണുവാൻ കഴിയുന്നത്. അത് ക്രിസ്തീയതയല്ല. ആ മതപരതകൊണ്ട് നിറയുന്ന രീതി വേദപുസ്തക ചിന്തകളെയല്ല പിൻപറ്റുന്നത്. ദുരുപദേശങ്ങളെയാണവർ പിൻപറ്റുന്നത്. "ഇങ്ങനെയുള്ളവർ കള്ളഅപ്പൊസ്തലൻമാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരുമത്രെ; അത് ആശ്ചര്യവുമല്ല, സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലൊ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല. അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്ക് ഒത്തതായിരിക്കും" (2 കൊരി.11:13-15).

മതപരമായ ആചാരാനുഷ്ഠാനങ്ങൾ ഒരിയ്ക്കലും വേദപുസ്തകശൈലിയെയല്ല പിന്തുണയ്ക്കുന്നത്. ഒരു കൂട്ടം മതനേതാക്കന്മാരൊ ഒരു മതനേതാവൊ വിശുദ്ധമായ അന്തരീക്ഷത്തിലാണെന്ന് വരുത്തിത്തീർത്തുകൊണ്ടുണ്ടാക്കുന്നതാണ് അത്തരം ശൈലികൾ. 2 കൊരി.11-ൽ അത്തരക്കാരെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് ഉദ്ദേശിച്ചത് നാമിപ്പോൾ രേഖപ്പെടുത്തിക്കഴിഞ്ഞു. ദൈവവചനത്തിന്റെയും ദൈവകൃപയുടെയും ആവിഷ്ക്കാരമായിരിക്കണം ആരാധനയിലും വിശ്വാസത്തിലും പ്രാർത്ഥനയിലും പ്രകടമാകേണ്ടത്. എങ്കിലത് പരിശുദ്ധാത്മാവിനാലാണ്. അല്ലെങ്കിലതിനെ കൾട്ട് എന്ന ഇംഗ്ലീഷ്പദംകൊണ്ടാണ് വിളിക്കേണ്ടത്. മതനേതാവിനൊ മതശൈലിയിലുള്ള ആരാധനാരീതിക്കൊ കൊടുക്കുന്ന വചനവിരുദ്ധമായ ബഹുമാനവും, ചിലപ്പോൾ അത് ആരാധനയുമാകും; വണക്കവുമൊക്കെചേർന്ന് ക്രിസ്തുവിന്റെ ആത്മാവില്ലാത്തതും യഥാർത്ഥ പശ്ചാത്താപവും മാനസാന്തരാനുഭവവുമില്ലാത്ത അവസ്ഥയിലേക്ക് കൊണ്ടുപോകുന്നതുമാകും.

ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ 1-ാം അദ്ധ്യായത്തിൽ 6- മുതൽ 10- വരെയുള്ള വചനഭാഗം പ്രാർത്ഥനയോടെ ധ്യാനിച്ചാൽ ആരൊക്കെയാണ് കൾട്ടുകളെന്ന് കാണാൻ കഴിയും. "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെവിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അത് വേറൊരു സുവിശേഷമെന്നല്ല, ചിലർ

## Contents

**എഡിറ്റോറിയൽ..........................2,4,5**

**നിത്യരക്ഷയും നിത്യശിക്ഷയും (ദേവസ്യാ മുല്ലക്കരസാർ)..........3,6-11**

**അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ (പാ.ജോണി പാറപ്പുറത്ത് )..........................12,14-21**

**പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും.....................13**

**സത്യാരാധന (പാ.രാധാകൃഷ്ണൻ)...............22-34**

**വാർത്തകൾ ..................................35**



# നിത്യരക്ഷയും നിത്യശിക്ഷയും

## ദേവസ്യാ മുല്ലക്കരസാർ

നൂറ്റാണ്ടുകൾക്കുമുമ്പെ ദൈവം തന്റെ പ്രവാചകന്മാരിലൂടെ അയച്ച വചനം കേട്ട് നമുക്ക് ഇന്ന് ആത്മരക്ഷയുടെ സങ്കീർത്തനങ്ങൾ പാടാം. കാലാകാലങ്ങളായി ദൈവം അവിടുത്തെ പ്രവാചകന്മാരിലൂടെയും ഏറ്റവുമൊടുവിൽ അവിടുത്തെ പുത്രനിലൂടെയും അയച്ച രക്ഷയുടെ സദ്വാർത്തകേട്ട് നമുക്ക് നമ്മുടെ ഹൃദയങ്ങളെയും മനസ്സിന്റെ ഉള്ളറകളെയും ശരീരത്തെയും വിശുദ്ധീകരിക്കാൻ ശ്രമിക്കാം (ഹെബ്രാ.1:1). നിങ്ങളറിയുന്നതുപോലെ, വേദപുസ്തകമാണ് പ്രപഞ്ചത്തിലെ എല്ലാ ദൈവീകവെളിപാടുകളുടെയും സമൂലമായ ആവിഷ്ക്കാരമെന്ന് പറയുന്നത്. സുവിശേഷം കേൾക്കുമ്പോൾ, സുവിശേഷത്തിലുള്ള ആശയങ്ങൾ ഗ്രഹിക്കുമ്പോൾ, നമ്മെ ഭരിക്കുന്നത്, ദൈവത്തിന്റെ ആത്മാവാണ്. സുവിശേഷത്തിന്റെ കേന്ദ്രബിന്ദു നമ്മുടെ കർത്താവായ യേശുവാണ്. സുവിശേഷത്തിന്റെ കേന്ദ്രബിന്ദു കർത്താവായ യേശുവാണെങ്കിൽ, ആ യേശു ആവിഷ്ക്കരിക്കുന്ന രക്ഷയാണ്, സുവിശേഷത്തിലെ ചർച്ചാവിഷയം.

നമ്മുടെ ജീവിതത്തെ അനുഗ്രഹിക്കുവാനും രൂപാന്തരപ്പെടുത്തുവാനും നിരന്തരം തയ്യാറുള്ള ദൈവമാണ് ക്രിസ്തു എന്ന് സുവിശേഷം പറയുന്നു. ക്രൈസ്തവമതങ്ങൾ പോലും, നമ്മെ അനുഗ്രഹിക്കുവാനും രൂപാന്തരപ്പെടുത്തുവാനും ദൈവം ക്രിസ്തുവിനെയാണ് നിയോഗിച്ചിരിക്കുന്നതെന്ന്, വേണ്ടത്ര അറിയുന്നുണ്ടോ എന്ന് സംശയമാണ്. കാരണം, ലോകാരംഭംമുതലേ പിശാച് അവന്റെ ജോലി ചെയ്തുകൊണ്ടേയിരിക്കുന്നു. ശരിക്കും, ക്രിസ്തുമതമെന്ന പേരിൽ എന്നൊന്നുവേണം എങ്കിൽ "ഒരു ക്രിസ്തുമതം" മതിയായിരുന്നു. എന്നാൽ വിവിധ ക്രിസ്തുമതങ്ങൾ സംഘടിപ്പിച്ചുകൊണ്ട്, വിവിധ സഭാനേതാക്കന്മാരെ നിയമിച്ചുകൊണ്ട് വിവിധ പുസ്തകരചനകൾ നടത്തിക്കൊണ്ട്, ലക്ഷക്കണക്കിന് ആളുകളുടെ ജീവിതപ്രശ്നങ്ങളെ പരിഹരിക്കുവാൻ ലോകത്തിലേക്ക് വന്ന ക്രിസ്തുവിനെ, നമുക്കാർക്കും അറിയാൻ പാടില്ലാത്തവിധത്തിൽ, ആക്കിത്തീർത്ത് മിക്ക ക്രിസ്തുമതങ്ങളും അവയുടെ ജോലി തുടരുന്നു. അവരിൽ പലരും മറിയ തുടങ്ങിയ വിശുദ്ധഗണങ്ങളെയും കുമ്പസാരകുർബാനകളെയും, അവതരിപ്പിച്ചുകൊണ്ട് മെത്രാന്മാരുടെ കല്പനകളിലൂടെ അവരുടെ ആശയങ്ങൾ ശരിയാണ് എന്ന് വരുത്തിക്കൊണ്ടും യഥാർത്ഥ രക്ഷകനെ ലോകത്തിന് വേണ്ട വിധത്തിൽ മനസ്സിലാക്കാൻ കഴിയാത്ത വിധത്തിലാണ്, കാര്യങ്ങളെ കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. എന്നെയും നിങ്ങളെയും അലട്ടുന്ന വിഷയങ്ങളെ പരിഹരിക്കുവാൻ ദൈവം ലോകത്തിലേക്ക് ഒരു സംവിധാനമയച്ചിട്ടുണ്ട്. അത് ക്രിസ്തുവാണ്. നമ്മുടെ ജീവിതത്തിലെ അതൃപ്തികളെയും ശൂന്യതാബോധങ്ങളെയുമൊക്കെ നമ്മിൽ നിന്ന് എടുത്തുമാറ്റി നിലവിലുള്ള മാനസികസംഘർഷങ്ങളെയും, വേദനകളെയും, കുറ്റബോധങ്ങളെയും മാറ്റുവാൻവേണ്ടി ദൈവം ലോകത്തിലേക്ക് ഒരു മഹാനുഭാവനെ, ദൈവത്തിന്റെ പുത്രനെ, ദൈവം തന്നെയായ വചനത്തെ, അയച്ചിട്ടുണ്ട്.

ലോകത്തിൽ 650-നും 750-നും ഇടയ്ക്ക് കോടി മനുഷ്യർ ഇന്ന് പ്രപഞ്ചത്തിലുണ്ട് എന്ന് പറയപ്പെടുന്നു. അവരിൽ വളരെ കുറഞ്ഞ ആളുകൾ മാത്രമെ ഈ സത്യം മനസ്സിലാക്കുന്നുള്ളു. മനോരോഗവിദഗ്ധർക്കൊ, ശസ്ത്രക്രിയാവിദഗ്ധർക്കൊ, പ്രൊഫസർമാർക്കൊ, ശാസ്ത്രജ്ഞന്മാർക്കൊ സമ്മതിക്കാൻ കഴിയുമൊ പ്രപഞ്ചത്തിലെ എല്ലാ ദു:ഖങ്ങൾക്കും പരിഹാരം ദൈവം കണ്ടിട്ടുണ്ട് എന്ന്? അത്, ക്രിസ്തുവിൽ നമ്മൾ നമ്മുടെ ജീവിതത്തെ സമർപ്പിച്ചാൽ ക്രിസ്തു നമുക്ക് തരുന്ന വിടുതലാണ് എന്ന് ജനകോടികൾ ഇന്ന് അറിയുന്നുണ്ടൊ? തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരാളും നശിച്ചുപോവുകയില്ല എന്ന് യോഹ.3:16. അതേ,



# വേറൊരു സുവിശേഷം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളയുവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനുവിപരീതമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാനിപ്പോൾ പിന്നെയും പറയുന്നു നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഇപ്പോൾ ഞാൻ മനുഷ്യരെയൊ ദൈവത്തെയൊ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവൊ? ഇന്ന് ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കുകയില്ല".

കൾട്ടുകളുടെ സ്വഭാവം എന്തായിരിക്കുമെന്ന് അന്വേഷിച്ച് ആരുടെയും അടുത്ത് നാം പോകേണ്ടതില്ല. ഒരു പുസ്തകവും നാം വായിക്കേണ്ടതില്ല. ഈ രണ്ട് തിരുവചനങ്ങൾ നാം പരിശോധിച്ചാൽ മതി. വേണ്ടപോലെ പരിശോധിച്ചാൽ നീ എന്ന വ്യക്തി കൾട്ട് ആയിക്കൊണ്ടിരിക്കുകയാണൊ എന്നും നിന്റെ ആദ്ധ്യാത്മികാചാര്യൻ കൾട്ട് ശുശ്രൂഷയാണൊ ചെയ്തുകൊണ്ടിരിക്കുന്നതെന്നും മനസ്സിലാകും.

അവർ, കൾട്ടുകൾ, വേറൊരു സുവിശേഷത്തിലേക്ക് മറിയുകയാണ്. വേറൊരു സുവിശേഷം, ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളയുവാനാണ് ഉപയോഗിക്കപ്പെടുക. നമ്മുടെ ആത്മരക്ഷയ്ക്ക് അത്യാവശ്യമായിരിക്കുന്നത് ക്രിസ്തുവിന്റെ സുവിശേഷമാണ്. ഇന്നത്തെ കാലത്തൊ പഴയകാലത്തൊ ജീവിച്ചിരുന്ന ജീവിച്ചുകൊണ്ടിരിക്കുന്ന ഒരാളുടെ വാചകകസർത്തുകളിലൊ ഗാനാമൃതം പൊഴിക്കലിലൊ രോഗസൗഖ്യമൊ ദൂതുപറച്ചിലിലൊ ഉള്ള വൈഭവത്തിൽ ക്രിസ്തുവാണൊ മികച്ചുനിൽക്കുന്നത്, അവിടുത്തെ വചനത്തെയാണൊ അനുകരിക്കുന്നത് എന്ന് നാം ശ്രദ്ധവെച്ച് പഠിക്കുന്നില്ലെങ്കിൽ അവർ അറിഞ്ഞും നാം അറിയാതെയും കൾട്ടായി മാറും.

അവനവൻ ആത്മീയനേതാവാണെന്നും, ആത്മീയ നേതാവായ തന്നെ അവഗണിക്കുന്നവന് വമ്പിച്ച നാശം ജീവിതത്തിലുടനീളം ഉണ്ടാകുമെന്നും കൾട്ടായിക്കൊണ്ടിരിക്കുന്ന ആൾ ഉച്ചൈസ്തരം പ്രസംഗിക്കുകയൊ പേടിപ്പെടുത്തി പ്രാർത്ഥിക്കുകയൊ ചെയ്യും. ആദ്ധ്യാത്മിക നേതൃത്വം തന്റേതിനെക്കാൾ വളരെ നിലവാരം കുറഞ്ഞതാണെന്നും അത്തരക്കാരെ അനുസരിച്ചാൽ ആത്മാക്കൾ കൊഴിഞ്ഞുപോകുമെന്നും അവർ ഇടയ്ക്കിടെ തട്ടിവിട്ടുകൊണ്ടിരിക്കും. ഇവർ അറിയാതെ ഇവരുടെ ലക്ഷ്യം ഉദരം ഭരണം ആയിത്തീരും. മാത്രമല്ല ആരെയും ഇവർ അനുസരിക്കുകയുമില്ല. അനുസരിക്കാത്തതിന് മുടന്തൻ ന്യായങ്ങൾ കണ്ടുപിടിക്കുകയും ചെയ്യും. പ്രത്യക്ഷത്തിൽ ഇവർ മറ്റാരേയുംകാൾ കേമത്തം ഭാവിക്കുകയും എളിമ ഭാവിക്കുകയും ഒക്കെ ചെയ്യും. വേറൊരു സുവിശേഷം എന്ന് പറയുന്നത് എന്താണെന്ന് നമ്മെ പരിശോധിക്കുകയൊ നമ്മൾ ഏതൊരു ആതമീയനേതാവിന്റെ നേതൃത്വത്തിലാണൊ അദ്ദേഹത്തെ പരിശോധിക്കുകയൊ ചെയ്താൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് അവരോട് കർശന വചനങ്ങളാണ് 1-ാം അദ്ധ്യായത്തിൽ 6 മുതൽ 10 വരെയുള്ള ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത്. "എങ്കിലും, ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന സുവിശേഷവും തികയ്ക്കണമെന്നേ എനിക്കുള്ളു. എന്നാൽ നിങ്ങളുടെയിടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ട് നടന്നവനായ എന്റെ മുഖം ഇനി നിങ്ങളാരും കാണുകയില്ല എന്നു ഞാൻ അറിയുന്നു" (അപ്പൊ.പ്ര.20:24,25).

പൗലൊസപ്പൊസ്തലൻ തന്റെ പ്രാണനെപ്പോലും വിലയേറിയതായി കാണുന്നില്ല. നമ്മളൊക്കെ, നമ്മുടെ ഭക്ഷണകാര്യവും വസ്ത്രത്തിന്റെ കാര്യവും വീടിന്റെയും ജോലിയുടെയും അഭിമാനത്തിന്റെയും ഒക്കെ കാര്യങ്ങൾ വിലയേറിയതായി കാണും. അങ്ങനെ കണ്ടുകൊണ്ട് ഒടുവിൽ നാം വേറൊരു സുവിശേഷത്തിലേക്ക് അറിയാതെ ചാഞ്ഞും ചരിഞ്ഞും പോവുകതന്നെ ചെയ്യും. ഇത്തരക്കാർ കപടവേലക്കാർ ആകുന്നു. ദൈവസഭയുടെ അടിസ്ഥാന




വിശ്വാസപ്രമാണങ്ങൾ (മാനസാന്തരം, വീണ്ടുംജനനം, പുതിയനിമയചിന്തകൾ നൽകുന്ന സൗജന്യവും സത്യസന്ധവുമായ വിശ്വാസവും ആരാധനയും, സഹോദരനെ കരുതുന്ന അവസ്ഥയും ശത്രുവിനെപ്പോലും സ്നേഹിക്കുന്ന അവസ്ഥയും, പാപന്ധകാരത്തിൽ അകപ്പെട്ടാൽ ക്രിസ്തു വഴിയുള്ള രക്ഷയും അരക്ഷിതാവസ്ഥയിലാകും എന്ന അറിവും, സാക്ഷാൽ പരിശുദ്ധാത്മനിറവിനാൽ മറ്റൊരു ക്രിസ്തുവായി തീരലും) തള്ളിക്കളയുകയും തിരുവചനത്തിന് ഏതോ കൾട്ടുകൾ എഴുതിയ പുസ്തകത്തെ "ഫോളൊ ചെയ്യുകയൊ" സ്വന്തം വ്യാഖ്യാനം നൽകുകയൊ, തങ്ങൾ മാത്രമാണ് യഥാർത്ഥ ദൈവസഭയെന്നും യഥാർത്ഥ ആത്മീയനെന്ന് പറയുകയൊ ചെയ്യുന്നവർ പിശാചിന്റെ കടുത്ത വഞ്ചനയാൽ കൾട്ട് ആയി മാറുകതന്നെ ചെയ്യും.

യഹോവസാക്ഷികളാണ് പ്രധാനകൾട്ട്. യഥാർത്ഥ ബൈബിളിന് പകരം വേറൊരു ബൈബിൾ അവരുണ്ടാക്കി. വാച്ച്ടവർ ബൈബിൾ സൊസൈറ്റി തയ്യാറാക്കുന്ന ബൈബിളും അവർ നൽകുന്ന വ്യാഖ്യാനവും മാത്രമെ അവർ അംഗീകരിക്കുകയുള്ളു. യഹോവാസാക്ഷികൾ ത്രിത്വത്തെ ഒരിക്കലും അംഗീകരിക്കുകയില്ല. മാത്രമല്ല, നിത്യശിക്ഷയൊ നിത്യനരകമൊ ഇല്ല എന്ന് വാദിക്കുവാൻ വേണ്ടി പലതരത്തിലുള്ള ദൈവവചനോദാഹരണങ്ങൾ അവർ കണ്ടുപിടിച്ചുകൊണ്ടുവരികയും ചെയ്യും. യഹോവാസാക്ഷികൾക്ക് മാത്രമെ സ്വർഗ്ഗം കിട്ടൂ എന്ന് തുടങ്ങിയ വാദങ്ങളാണ് അവർ മുന്നോട്ടുവെയ്ക്കുന്നത്.

മറ്റൊരു കൾട്ട്സംഘം ശബ്ബത്തുകാരാണ്. മോർമോൺ എന്ന കൾട്സംഘം അമേരിക്കയിൽ മാത്രമല്ല മറ്റ് പല രാജ്യങ്ങളിലും അവിടവിടെയായി കാണാം. ക്രിസ്ത്യൻ സയൻസ് എന്നും സൈന്റോളജി എന്നും പേരുള്ള കൾട്ട് സംഘങ്ങളുമുണ്ട്. യുയോമയർ, യൂണിഫിക്കേഷൻ ചർച്ച് എന്നിവരും കൾട്ടുകൾതന്നെ.

ആരൊക്കെ പഴയനിയമത്തെ തള്ളിക്കളയാതെ പുതിയനിയമത്തിൽ ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങളെ അതിന്റെ ശരിയായ വ്യഖ്യാനത്തോടെ അംഗീകരിക്കാതെ വേറൊരു സുവിശേഷത്തിലേക്ക് പോകുന്നുവൊ, അവരൊക്കെ അറിഞ്ഞൊ അറിയാതെയോ കൾട്ടായി മാറും. യഥാർത്ഥ സഭ ആപ്പൊസ്തലിക സഭയാണ്. സ്വന്തമായി അപ്പൊസ്തലത്വം ചമയുകയും നേതൃത്വത്തെ മറികടക്കാൻ ശ്രമിക്കുകയും അത്തരക്കാരുമായി ചങ്ങാത്തം കൂടുകയും ചെയ്യുമ്പോൾ സാത്താൻ താനും വെളിച്ചദൂതന്റെ വേഷത്തിൽ അവരെയും ദൈവജനത്തെയും വഞ്ചിക്കുകയാണ്. ഇവരുടെ ഏറ്റവും വലിയ സ്വഭാവം ദൈവം അവരോട് ഇടയ്ക്കിടക്കും കൂടെക്കൂടെയും സംസാരിക്കുന്നു എന്നു പറയുകയും അത്തരം ശുശ്രൂഷക്കാരെ കൂട്ടുപിടിച്ച് കൂട്ടായ്മ സംഘടിപ്പിക്കുക എന്നതുമാണ്. പാട്ടും പ്രസംഗവും ഒക്കെ ആകർഷകമായിരിക്കും. കുടുംബത്തിൽ അമ്മ പെങ്ങന്മാർ ഭാര്യ, ഭാര്യാബന്ധുക്കൾ ഇവരോടൊക്കെ നല്ല കാർക്കശ്യമേറിയ സ്വഭാവം കാഴ്ചവെയ്ക്കുകയും ചെയ്യും. നാം നമ്മെയും നേതൃത്വത്തെയും പരിശോധിക്കുക. സാത്താന്റെ വഞ്ചനയിൽ നിന്നും വളരെ വേഗത്തിൽ മാറിക്കൊള്ളുക.

## പ്രിയ വായനക്കാരോട് സ്നേഹപൂർവ്വം

**ആത്മാഭിഷേകം മാസികയുടെ വരിസംഖ്യ പുതുക്കാത്ത വായനക്കാർ അത് മണി ഓർഡർ ആയോ ബാങ്ക് വഴിയോ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ... Rs.300 ഇന്ത്യയ്ക്കകത്ത്, Rs.2500 ഇന്ത്യയ്ക്ക് വെളിയിൽ.**

സർക്കുലേഷൻ മാനേജർ

(പോസ്റ്റൽ അഡ്രസ്, പേജ് നമ്പർ:13, അക്കൗണ്ട് നമ്പർ, പേജ് നമ്പർ:27)

# നിത്യരക്ഷയും നിത്യശിക്ഷയും

ദേവസ്യാ മുല്ലക്കരസാർ

ബൈബിളിലെ കേന്ദ്രവിഷയം അത് തന്നെയാണ്. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരാളും നശിക്കുകയില്ല. അങ്ങനെ വിശ്വസിക്കുന്ന ഒരാളും സാമ്പത്തികമായി നശിക്കുകയില്ല. സാംസ്ക്കാരികമായി നശിക്കുകയില്ല. ദൈവത്തിന് ഈ ലോകത്തെക്കുറിച്ച് ഒരു പദ്ധതിയുണ്ട്, അത് മനുഷ്യന്റെ ശോഭനമായ ഭാവിക്കുവേണ്ടിയാണ്. യിര.29:11-13 വാക്യങ്ങളിൽ മനുഷ്യന്റെ ശുഭമായ ഭാവിയെപ്പറ്റി പറയുന്നുണ്ട്. ക്രിസ്തുയേശുവിലൂടെയുള്ള ഈ ദൈവീകപദ്ധതിയിൽ മനുഷ്യൻ വേണ്ടത്ര വിശ്വസിക്കാൻ കഴിയാത്തവിധത്തിൽ മതങ്ങൾ അവരുടെ ആവിഷ്ക്കാരങ്ങൾ നടത്തുന്നു. ക്രൈസ്തവസഭകൾ തന്നെയും മറിയത്തെയും മറ്റ് പല ബഹുമാനിതരെന്ന് പറയുന്ന, കരുതപ്പെടുന്ന വ്യക്തികളെയും ഉപയോഗിച്ചുകൊണ്ട്, ഒരു ജനതയുടെ വികാരവിചാര ചിന്തകളെ, ഹവ്വയുടെയും ആദത്തിന്റെയും വികാരവിചാര ചിന്തകളെ വചനത്തിൽ നിന്ന് പണ്ട് പിശാച് മാറ്റിയതുപോലെ, എല്ലാവരും ബിഷപ്പുമാരുടെയും പാപ്പാ-പാത്രിയാർക്കീസുമാരുടെയും കണ്ടുപിടുത്തങ്ങളായി ആചാരാനുഷ്ഠാനങ്ങളെ ഉപയോഗിച്ചുകൊണ്ട് സാത്താൻ മനുഷ്യരെ രക്ഷകനിൽനിന്നും രക്ഷയിൽ നിന്നും മാറ്റിക്കൊണ്ടിരിക്കുകയാണ്. സാത്താനാവിഷ്ക്കരിക്കുന്ന മതങ്ങളുടെ പദ്ധതിയനുസരിച്ച്, നമ്മളൊക്കെ, യാദൃശ്ചികമായി ഈ ഭൂമിയിൽ വന്നതാണെന്ന് തോന്നാം. നമ്മളൊക്കെ ദു;ഖത്തിന്റെ കയ്പ്പുനീർ കുടിക്കാൻ വന്നതാണെന്ന് തോന്നാം.

ഇന്ത്യയിലെ ചില ഓൾഡേജ്ഹോമിലെ പാവങ്ങളെപ്പോലെ, ജനിച്ചതുകൊണ്ട് ജീവിച്ചും, ജീവിച്ചുകൊണ്ടിരിക്കുന്നതിനാൽ തിന്നും കുടിച്ചും, ചാകുമ്പോൾ ചാകട്ടെ എന്നൊക്കെയുള്ള അവസ്ഥയിലും മനുഷ്യൻ ജീവിച്ചാൽ മതി എന്നതാണ് മതങ്ങൾ ആവിഷ്ക്കരിക്കുന്ന സിദ്ധാന്തം. മതങ്ങളിലെ പുരോഹിതന്മാർ എന്ന് കരുതപ്പെടുന്നവർ അവരുടെ വ്യക്തിത്വവൈഭവംകൊണ്ട്, അവരുടെ പ്രാർത്ഥനകൊണ്ട്, അവരുടെ പൂജകൾകൊണ്ട് ഈ പാവപ്പെട്ടവരും പാപികളുമായവരെ സ്വർഗ്ഗത്തിലേക്ക് അയയ്ക്കാം, അവരുടെകൂടെ നിന്നാൽ അവർ വേണ്ടത് ചെയ്യും എന്ന തരത്തിലാണ് അവരുടെ കാര്യങ്ങൾ. നമ്മൾ യാദൃശ്ചികമായി ഈ ഭൂമിയിൽ വന്ന വ്യക്തികളല്ല എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. യാതൊരു സ്വസ്ഥതയുമില്ലാത്ത ഈ പ്രപഞ്ചത്തിന്റെ നടുവിലേക്ക് ചുഴറ്റിയെറിയപ്പെട്ട ഒരു മണൽത്തരിയല്ല നമ്മൾ. നാം ദൈവത്തിന്റെ സൃഷ്ടികളാണ്. ദൈവം നിങ്ങളെ സ്നേഹിക്കുന്നവൻ മാത്രമല്ല, അവിടുത്തെ ഉദ്ദേശനിവൃത്തിക്കായി നിങ്ങളെ സൃഷ്ടിച്ചവനും ആണ്. നീ ദൈവത്തിന്റെ സൃഷ്ടിയാണ്; നിന്റെ കയ്യും, കണ്ണും, നാക്കും, മൂക്കും നിന്റെ മനസ്സും മനസ്സിന്റെയകത്തെ നൊമ്പരങ്ങളും എല്ലാം ദൈവമറിയുന്നു. ക്യാൻസറൊ, തളർവാതമൊ പോലെയോ അതിനെക്കാൾ ചെറുതൊ വലുതോ ആയ എല്ലാ രോഗങ്ങളും ദു:ഖങ്ങളും സാമ്പത്തികദുരിതങ്ങളുമെല്ലാം, ദൈവം അറിയുന്നു. ദൈവം നിന്നെ സ്നേഹിക്കുന്നു. അനന്തസ്നേഹംകൊണ്ട് - ഒരിക്കലും അവസാനിക്കാത്ത സ്നേഹംകൊണ്ട് (യിര.31:3) ദൈവം നിന്നെ നിറയ്ക്കുവാനാഗ്രഹിക്കുന്നു. അവിടുത്തെ ഉദ്ദേശത്തിന്റെ നിവർത്തിക്കായിട്ടാണ് നിന്നെ സൃഷ്ടിച്ചത്. എന്താണ് അവിടുത്തെ ഉദ്ദേശം? മനുഷ്യൻ തന്നെ അറിഞ്ഞ്, ആരാധിച്ച്, മഹത്വപ്പെടുത്തുക എന്നതും, തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട, കുടുംബത്തിലും അയൽപക്കത്തും രാജ്യത്തുമുള്ള സകലജനങ്ങളോടും ക്ഷമിച്ചുകൊണ്ട്, നിഷ്ക്കളങ്കമായി തമ്മിൽ സ്നേഹിക്കണം എന്നതും. ഇത് രണ്ടുമാണ് മനുഷ്യനെ ദൈവം സൃഷ്ടിക്കുമ്പോളുണ്ടായിരുന്ന ദൈവത്തിന്റെ പദ്ധതി.

നമ്മെ സൃഷ്ടിച്ചത് ദൈവമാണ്. സൃഷ്ടിക്കുമ്പോൾ ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ഭിക്ഷക്കാരെപ്പോലെ മനോരോഗികളെപ്പോലെ ഇതിലെ വഴി നടത്തുക, എന്നും കണ്ണുനീരും കയ്പുനീരും മാത്രം കുടിച്ചുജീവിക്കുക, എന്നതല്ല മനുഷ്യനെക്കുറിച്ചുള്ള പദ്ധതി. മതങ്ങൾ പക്ഷെ അങ്ങനെയൊക്കെ പറഞ്ഞേക്കാം. നിങ്ങളൊക്കെ ഒത്തിരി സഹിക്കണം, നിങ്ങളൊക്കെ ഒത്തിരി കഷ്ടപ്പെടണം, നിങ്ങളുടെ പാപത്തിന്റെ ഫലമാണിത്; നിങ്ങളുടെ രോഗത്തിന്റെ ഫലമാണിത്; നിങ്ങൾ, ഞങ്ങൾ പുരോഹിതന്മാർക്ക് ദശാംശങ്ങളൊക്കെ നൽകി കുമ്പസാരിച്ചും കുർബാനചൊല്ലിച്ചും ഞങ്ങളുടെ പൂജാദ്രവ്യങ്ങളൊക്കെ ഉപയോഗിച്ചുകൊണ്ട് ഞങ്ങളോട് ചേർന്നുനിന്നാൽ നിങ്ങൾക്ക് രക്ഷയുണ്ടെന്ന് മതങ്ങൾ പറയുമായിരിക്കാം. പക്ഷെ

# നിത്യരക്ഷയും നിത്യശിക്ഷയും

ദേവസ്യാ മുല്ലക്കരസാർ

മനുഷ്യനെ ദൈവം സൃഷ്ടിച്ചു എന്ന് വേദപുസ്തകം വിളംബരം ചെയ്യുന്ന വേളയിൽതന്നെ, ആദ്യം സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തോട് മത്സരിച്ച് പാപത്തിൽ നിപതിച്ചത് നാം കാണുന്നു. അപ്പോൾ മനുഷ്യർ, സ്വന്തം വഴിയിലേക്ക്, ദൈവത്തിൽ നിന്നകന്നവരായി തനിക്കുവേണ്ടിമാത്രം ജീവിക്കുവാൻ തുടങ്ങിയിടത്ത്, പ്രശ്നങ്ങളാരംഭിച്ചു എന്ന് നാം കാണുന്നു. ഈ പ്രശ്നങ്ങൾ തുടങ്ങിയത്, മനുഷ്യനല്ല, ദൈവവുമല്ല, മനുഷ്യനെ പ്രശ്നസങ്കീർണ്ണനാക്കിയത് പിശാചാണ്. അവൻ ആദ്യത്തെ സ്ത്രീയോട് ആ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നാൽ നിങ്ങൾ മരിക്കുകയില്ല നിശ്ചയം (ഉല്പ.3:4) എന്നു നുണ പറഞ്ഞുകൊണ്ട് ഈ ലോകത്തിന്റെ ദൈവം പിശാചാണെന്ന് വരുത്തിയപ്പോൾ, അതാണ് ശരി എന്ന് അവരും വിചാരിക്കുകയും, പിശാച് പറഞ്ഞതനുസരിച്ച് "തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം ആദവും ഹവ്വയും തിന്നുകയും" ചെയ്തതോടുകൂടി, പിശാചാണ് അതിന് പ്രേരിപ്പിച്ചതെങ്കിലും, മനുഷ്യൻ സ്വന്ത വഴിയിലേക്ക് ദൈവത്തിൽ നിന്നകന്ന് ദൈവത്തോട് മത്സരിക്കുന്ന സ്വഭാവമുള്ളവരായി മാറുകയായിരുന്നു. ദൈവവചനമനുസരിക്കുന്നതിനും വിശ്വസിക്കുന്നതിനും പകരം പൈശാചിക വചനത്തെ ആദിമനുഷ്യൻ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുകയായിരുന്നു. വചനത്തെ അവിശ്വസിച്ചതാണ് പാപം. ഇനി വചനത്തെ വിശ്വസിക്കുമ്പോഴാണ് പാപമോചനം. ഇതാണ് സത്യം.

വീഴ്ചയിലായ മനുഷ്യനെ തങ്ങളുടെ കർമ്മങ്ങൾ കൊണ്ട് രക്ഷപ്പെടുത്തുവാൻ പറ്റുമെന്ന് വിദ്യാഭ്യാസവും സംസ്ക്കാരവും പണവുമുള്ള ഒരു പറ്റം മതനേതാക്കന്മാർ രംഗത്ത് വന്ന് പറയുമ്പോൾ, വിദ്യാഭ്യാസവും സംസ്ക്കാരവും വിഭവശേഷിയും വേണ്ടത്രയില്ലാത്ത കോടാനുകോടികൾ, മതനേതാക്കന്മാർ പറയുന്നത് കേട്ടുപോവുകയാണ്. മതാവിനോടും യൂദായോടും അൽഫോൻസായോടുമൊക്കെ കുറച്ച് ഭക്തിക്കുപോകാം; എന്നു പലരും കരുതിപ്പോവുകയാണ്. ആദവും ഹവ്വയും ചെയ്ത പാപത്തിന്റെ അനന്തരഫലം മരണാണെന്നത്, ദൈവം പ്രഖ്യാപിച്ച വസ്തുതയാണ്. ദൈവം പറഞ്ഞ നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം നീ തിന്നാൽ നീ തിന്നുന്ന ദിവസം മരിക്കുമെന്ന് (ഉല്പ.2:17), പാപത്തിന്റെ അനന്തരഫലം മരണമാണെന്ന് (ആത്മീയമരണം) ദൈവം പറഞ്ഞു (റോമ.6:23). അങ്ങനെ ദൈവം പറഞ്ഞത് ദൈവത്തോടുള്ള ആരാധനയുടെയും സ്നേഹത്തിന്റെയും മണ്ഡലത്തിലെ കൂട്ടായ്മയിൽ എല്ലാവരും നിലനിൽക്കാൻ വേണ്ടിയാണ്. ദൈവത്തിന്, തന്റെ വചനങ്ങളനുസരിച്ചാൽ അവർക്ക് ജീവന്റെ സമൃദ്ധികൊടുക്കണമെന്നുണ്ടായിരുന്നു. സമാധാനം കൊടുക്കണം എന്നുണ്ടായിരുന്നു. ആരോഗ്യം കൊടുക്കണം എന്നുണ്ടായിരുന്നു. സന്തോഷം കൊടുക്കണം എന്നുണ്ടായിരുന്നു. ഒരു സമത്വാവസ്ഥ ജനങ്ങൾക്ക് കൊടുക്കണമെന്നുണ്ടായിരുന്നു. ആദത്തിനും ഹവ്വയ്ക്കും, അവർക്കുണ്ടാകാൻ പോകുന്ന സന്തതിപരമ്പരകൾക്കും ഇന്ന് ജീവിച്ചിരിക്കുന്ന 750 -ഓളം കോടി ജനങ്ങൾക്കും ഇനി ജീവിച്ചിരിക്കാൻ സാധ്യതയുള്ളവർക്കും സമൃദ്ധിയും സമാധാനവും കൊടുക്കണമെന്ന് ദൈവത്തിനാഗ്രഹമുണ്ടായിരുന്നു. പക്ഷെ ദൈവം ഒരു കണ്ടീഷൻ മാത്രമാണ് പറഞ്ഞത്. "നിങ്ങൾ ഈ തോട്ടത്തിലെ സകല ഫലങ്ങളും വൃക്ഷലതാദികളുടെ ഗുണങ്ങളും ഏറ്റെടുത്തോ, പക്ഷെ, നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം മാത്രം തിന്നുകൊണ്ട് മരിക്കരുതേ" എന്നാണ് ദൈവം പറഞ്ഞത്. തന്റെ സൃഷ്ടി മരിച്ചാൽ അവർ വലിയ അന്ധകാരത്തിലായിരിക്കുമെന്ന് ദൈവത്തിനറിയാമായിരുന്നു. അവർ അനുസരണക്കേട് കാണിച്ചാൽ, താൻ കൊടുക്കാൻ പോകുന്ന സമൃദ്ധിയും ആരോഗ്യവും തനിക്ക് കൊടുക്കാൻ കഴിയില്ല എന്ന് ദൈവത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് ദൈവം ആദിമനുഷ്യനോട് ആത്മീയമായി മരിക്കാതിരിക്കാൻവേണ്ടി, നിങ്ങൾ ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുതെന്ന് പറഞ്ഞത്.

പക്ഷെ, യെഹ.28-ാം അദ്ധ്യായത്തിലും യേശയ്യാപ്രവാചകന്റെ 14-ാം അദ്ധ്യായത്തിലും, വിശദമായി ചർച്ച ചെയ്യുന്ന പിശാചിന്റെ ജന്മകഥ, അതിനുമുമ്പെ സംഭവിച്ചതായിരുന്നു. അഹങ്കാരിയായ ലൂസിഫർ എന്ന മാലാഖ ദൈവത്തെക്കാൾ വലിയവനാകാൻവേണ്ടി അഹങ്കരിച്ചപ്പോൾ ദൈവം അവനെയും അവനെ സപ്പോർട്ട് ചെയ്യുന്നവരെയും ലോകത്തിലേക്ക് വലിച്ചെറിഞ്ഞു. ഈ ദുഷ്ടപിശാചും അവന്റെ

# നിത്യരക്ഷയും നിത്യശിക്ഷയും

ദേവസ്യാ മുല്ലക്കരസാർ

കൂട്ടാളികളും ദൈവത്തിന്റെ പദ്ധതികൾ നടപ്പാക്കുന്നതിന് എന്നും തടസ്സം നിൽക്കുകയാണ്. ആ പഴം ഭക്ഷിച്ചാൽ നിങ്ങൾക്ക് മരണമുണ്ടാകുകയില്ല എന്ന് പിശാച് ഹവ്വയോട് ശപഥം ചെയ്ത് പറഞ്ഞതുപോലെ ബൈബിളിലെ വചനമനുസരിക്കേണ്ട എന്ന് ലോകത്തിലുള്ള സകല മനുഷ്യനോടും ഇന്നും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് ലോകത്തിൽ നിലനിൽക്കുന്ന എല്ലാ ദു:ഖദുരിതങ്ങൾക്കും കാരണം അന്ന് വചനത്തിൽ നിന്നും അവർ തിരിഞ്ഞതു പോലെ, ഇന്ന് നമ്മളും 'വീഴ്ചക്ക്' അടിപ്പെടുന്നതാണ്. ചിലർ മദ്യപിച്ചുകൊണ്ട്, ഇനി ചിലർ വഴക്കിട്ടുകൊണ്ട്, വേറെ ചിലർ മോഷ്ടിച്ചുകൊണ്ടും, വേശ്യാവൃത്തി ചെയ്തുകൊണ്ടും, പഠിക്കേണ്ടത് പഠിക്കാതിരുന്നുകൊണ്ടും, പ്രാർത്ഥിക്കേണ്ടത് പ്രാർത്ഥിക്കാതിരുന്നുകൊണ്ടും, ഭയത്തെ ഉള്ളിൽ വരുത്തി ക്കൊണ്ടും ഉള്ളിൽ മരണം സംഭവിച്ചും കൊണ്ടുമിരിക്കു കയാണ്. അവർക്കൊക്കെ ഇന്ന്, ആന്തരിക മരണം സംഭവിച്ചു കൊണ്ടുമിരിക്കുകയാണ്. ആദ്യത്തെ സ്ത്രീ പാപം ചെയ്തപ്പോൾ ആന്തരികമരണം അവളിൽ സംഭവിച്ചു. ആദ്യത്തെ പുരുഷൻ പാപം ചെയ്തപ്പോൾ ആന്തരികമരണം അവനിൽ സംഭവിച്ചു. അന്നുമുതൽ ഇന്നുവരെ സകലസ്ത്രീകളും പുരുഷന്മാരും കുട്ടികളും പാപം ചെയ്യുന്നതുകൊണ്ട്, ദൈവവചനത്തെ ധിക്കരിക്കുന്നതു കൊണ്ട്, അവർക്ക് സംഭവിക്കുന്നത് റോമ.6:23-ൽ പറയുന്നതുപോലെ പാപത്തിന്റെ ശമ്പളമായ മരണം അഥവാ ആന്തരികമരണം സംഭവിക്കുക എന്നതാണ്. മരണത്തിന്റെ ചെക്കുകടലാസുകൾ, പിശാചിന്റെ കൈ പിടിച്ച് ഒപ്പിടുവിച്ച്, പാപത്തിന്റെ ശമ്പളത്തുകകൾ എഴുതിവാങ്ങിച്ച് 'മതമനുഷ്യൻ' കഴിയുകയാണ്. എന്നിട്ടും പാപിയായ മനുഷ്യനെ, ഉപേക്ഷിക്കാൻ ദൈവം തയ്യാറല്ല. കാരണം, അവൻ നിത്യസ്നേഹമാണ് (യിര.31:3).

ദൈവത്തിന്റെ സ്നേഹം ഉല്പ.3:15-ലൂടെ സടകുടഞ്ഞെഴുന്നേൽക്കുന്നത് നാം പരിചയപ്പെടുന്നു. "അവൻ (യേശുക്രിസ്തു) നിന്റെ (പിശാചിന്റെ) തല തകർക്കും." തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). ഈ സുവിശേഷസത്യം വിവിധ പ്രവാചകന്മാരുടെയും സങ്കീർത്തനക്കാരന്റെയും സുവിശേഷ കരുടെയും പുസ്തകങ്ങളിലൂടെ ദൈവം പ്രഖ്യാപിച്ചു. തന്റെ വാഗ്ദത്തപ്രകാരം ദൈവത്തിന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു. മത്താ.13:55 അനുസരിച്ചും, മർക്കോ.6:3-ാം വാക്യം അനുസരിച്ചും, സങ്കീ.69:8 അനുസരിച്ചും നാല് ആൺമക്കൾക്കും ഒന്നിലേറെ പെൺമക്കൾക്കും സംശുദ്ധമായ കുടുംബജീവിതത്തിലൂടെ ജന്മം കൊടുത്ത മറിയം എന്ന മാതാവ്, പക്ഷേ കന്യകയായിരുന്നപ്പോൾ തന്നെ, യേശുവിന് ജന്മം കൊടുത്തു. "വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു" (യോഹ.1:14) കൊണ്ട് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ആ ദൈവകുഞ്ഞാട് (യോഹ.1:29) കടന്നുവന്നത് പ്രപഞ്ചദു:ഖങ്ങൾ മുഴുവൻ പരിഹരിപ്പാൻ ഉള്ള കഴിവുകളോടുകൂടിയായിരുന്നു. പ്രപഞ്ചത്തിലെ സകല പ്രശ്നങ്ങൾക്കും ഏക പരിഹാരമായിട്ടാണ്. പിതാവ്, ക്രിസ്തുവേശുവിനെ ഈ ലോകത്തിലേക്ക് അയച്ചത്. ആ യേശുവിൽ നമ്മളൊന്ന് വിശ്വസിച്ചാൽ മതി നമ്മുടെ പാപവും ശാപവും, സാമ്പത്തികതകർച്ചകളും ദു:ഖവും എല്ലാം മാറും. പക്ഷെ, മിക്ക ക്രിസ്തുമതപുരോഹിതന്മാരും ഈ സത്യം പഠിപ്പിക്കുന്നതിനു പകരം ആ മതത്തിന്റെ കെട്ടുറപ്പിൽ വിശ്വസിക്കുവാനും, അവർ ആവിഷ്ക്കരിക്കുന്ന കൗദാശികജീവിതത്തിലും മദ്ധ്യസ്ഥ പ്രാർത്ഥനാ ജീവിതത്തിലും, മരണാനന്തരകർമ്മങ്ങളിലും വിശ്വസിക്കുവാൻ പറയുമ്പോൾ ജനകോടികളാകട്ടെ അതായിരിക്കും ശരിയെന്നു കരുതി പോകുന്നു. അവർ വീണ്ടും വീണ്ടും പാപത്തിന്റെ വലിയ തടവറയിലേക്കും ദു:ഖത്തിലേക്കും നിരാശയിലേക്കും രോഗത്തിലേക്കും മൂക്കുംകുത്തി വീണുംകൊണ്ടിരിക്കുകയാണ്. പിശാചാകട്ടെ, അതിവിദഗ്ധമായി വേദപുസ്തകസത്യങ്ങൾ ജനങ്ങൾ വിശ്വസിക്കാതിരിക്കത്തവണ്ണം സഭാ മെത്രാന്മാരെയും അവരുടെ പ്രസ്താവനകളെയും തിരുവചനസത്യങ്ങൾക്ക് മീതെ പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്നു. ഈ മെത്രാന്മാരോട് ചേർന്നുനിൽക്കുന്ന മദ്യപാനികളും ബാറു നടത്തുന്നവരും, അങ്ങനെയൊക്കെത്തന്നെ ഇവിടെനിന്നും പിരിയുന്നു. കരിഞ്ചന്തക്കാരും വേശ്യകളും മാനസാന്തര

# നിത്യരക്ഷയും നിത്യശിക്ഷയും

## ദേവസ്യാ മുല്ലക്കരസാർ

പ്പെടാതെ ഈ ലോകജീവിതം അവസാനിപ്പിക്കുന്നു. മതങ്ങൾക്ക് മനുഷ്യനെ മാനസാന്തരപ്പെടുത്തുവാൻ കഴിയില്ല. വചനത്തിനേ കഴിയൂ. ക്രിസ്തുവിന്റെ ആത്മാവിനെ കഴിയൂ.

ദൈവത്തിന്റെ ജീവൻ ഉയരത്തിൽ നിന്ന് പ്രാപിച്ച് മാനസാന്തര അനുഭവത്തിലൂടെ വീണ്ടുംജനനം പ്രാപിക്കണം എന്നതാണ് വേദപുസ്തകം പഠിപ്പിക്കുന്ന സുപ്രധാനമായ ആശയം (അപ്പൊ.പ്ര.14:8, മത്താ.4:17,18:2, യോഹ.3:3–5). ഇതു പഠിപ്പിക്കുവാനും അത് ശരിയാണെന്ന് ജീവിച്ച് തെളിയിക്കുവാനുമാണ് യേശുവിനെ ദൈവം ഈ ഭൂമിയിലേക്ക് അയച്ചത്. നാം വീണ്ടുംജനിക്കുമ്പോൾ മാത്രമെ ദൈവവുമായിട്ടുള്ള സമ്പർക്കം തുടരുവാൻ സാധിക്കുകയുള്ളു. യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചുകൊണ്ടല്ലാതെ പാപ-ശാപ-പൈശാചിക ബന്ധനങ്ങളിൽ നിന്ന് നമുക്ക് വിടുതലില്ല. ക്രിസ്തുയേശു 2000 വർഷങ്ങൾക്ക് മുമ്പ് ലോകത്തിലേക്ക് വന്നതും കാൽവരിയിൽ മരിച്ചതും മാനവന് വിടുതലും സ്വാതന്ത്ര്യവും നൽകുവാൻ വേണ്ടിയായിരുന്നു. അവന്റെ ക്രൂശിതമരണം, ഒരു തോറ്റ വിപ്ലവകാരിയുടെ ചരമ അടിയന്തിരത്തിനുവേണ്ടിയല്ലായിരുന്നു. അവൻ ക്രൂശിൽ മരിക്കുമ്പോൾ, ഒരു തിരസ്ക്കരിക്കപ്പെട്ട പ്രവാചകനായി മാറുകയല്ലായിരുന്നു. അവൻ ക്രൂശിൽ മരിക്കുമ്പോൾ, തന്റേതായ വിശ്വാസപ്രമാണങ്ങൾക്കും ചിന്തകൾക്കുംവേണ്ടി രക്തസാക്ഷിത്വം വഹിക്കുകയും അല്ലായിരുന്നു. പിന്നെയോ? മനുഷ്യരക്ഷയ്ക്ക്വേണ്ടി, അവന് ആത്മനാശം സംഭവിക്കാതിരിക്കാൻവേണ്ടി, അവന്റെ പാപം മാറാൻവേണ്ടി, ശാപവും പൈശാചികബന്ധനങ്ങളും രോഗവും തീരാൻവേണ്ടി, അത്രവലിയ ആത്മീയസ്വാതന്ത്ര്യം നൽകാൻ വേണ്ടിയും ആയിരുന്നു. ക്രിസ്തുവഴി ഉണ്ടായ ഈ സമ്പൂർണ്ണരക്ഷയെ വിശ്വസിക്കുന്ന സകലർക്കും കൊടുക്കുവാൻ ദൈവത്തിന് ഇഷ്ടമാണെങ്കിലും, ദൈവം ദൈവമാണെങ്കിലും, മെത്രാന്മാർ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളിലൂടെ മാത്രമേ മനുഷ്യർക്ക് ലഭിക്കൂ എന്നു വന്നാൽ, ദൈവം വിചാരിച്ചാലും മറ്റെന്തു ചെയ്യുവാൻ കഴിയും?

തന്റെ ഏകജാതനായ പുത്രനെ മരണത്തിന്റെ വായിൽ വിട്ടുകൊടുക്കുവാനും മാത്രം അത്ര അളവിൽ ദൈവം നമ്മെ സ്നേഹിച്ചിരുന്നതുകൊണ്ടാണ് ക്രിസ്തുവിന്റെ ക്രൂശിതമരണം സംഭവിച്ചതെന്ന് ദൈവത്തിനറിയാമായിരുന്നു. മാനവകുലത്തോടുള്ള സ്നേഹത്തെപ്രതിയാണ് താൻ മരിക്കുന്നതെന്ന് യേശുവിനറിയാമായിരുന്നു. ആ യേശുവിനെ പ്രഘോഷിക്കുകയാണ് സഭയിലൂടെ താൻ ചെയ്യേണ്ടത് എന്ന് പരിശുദ്ധാത്മാവിനും അറിയാമായിരുന്നു. ഇതാണ് സുവിശേഷസത്യമെന്നിരിക്കെ, ഇത് പഠിപ്പിക്കാതിരിക്കുവാൻ, ആസൂത്രിതമായി, സാത്താൻ, അനേകമനേകം മതഗ്രന്ഥങ്ങളും, ആചാരാനുഷ്ഠാനങ്ങളും. അവയ്ക്ക് നേതൃത്വം കൊടുക്കുവാൻ ആചാര്യന്മാരെയും സംഘടിപ്പിച്ചു.

നാം തിരിച്ചടയ്ക്കേണ്ട പാപകടം യേശു കാൽവരി മരണത്താൽ വീട്ടുകയായിരുന്നു. നമ്മുടെ പാപകടച്ചീട്ട് യേശു ക്രൂശിൽ തറച്ചുകൊണ്ട് അവയുടെമേൽ വിജയം വരിക്കുകയായിരുന്നു. കടം വീട്ടുക മാത്രമല്ല വീണ്ടെടുപ്പും സ്വാതന്ത്ര്യവും നൽകുകയും ചെയ്തു. യേശു മരിച്ചു എന്നതിനേക്കാൾ ഉപരി തന്റെ ജീവനെ നമുക്ക് പകരമായി നൽകുകയായിരുന്നു. എല്ലാവരുടെയും രോഗങ്ങളും ശാപങ്ങളും ക്രൂശിതമരണത്തിലൂടെ അവൻ ഏറ്റെടുത്തു. ''ഞാൻ വെള്ളംപോലെ തൂകിപ്പോകുന്നു. എന്റെ അസ്ഥികളെല്ലാം ബന്ധംവിട്ടിരിക്കുന്നു" എന്ന് സങ്കീ.22:14–ലും "എന്റെ നാവ് അണ്ണാക്കോട് പറ്റിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു" എന്ന് സങ്കീ.15–ലും വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു'' എന്ന് ഏശ.53:4,5,6 വചനങ്ങളിലും പഠിപ്പിക്കപ്പെടുമ്പോൾ, എത്ര മഹാരാജാക്കന്മാരും ബിഷപ്പുമാരും യുക്തിവാദികളും മനുഷ്യസ്നേഹികൾ എന്ന് പറയപ്പെടുന്നവരും ഇതിനപ്പുറം എന്തെല്ലാം പഠിപ്പിച്ചിരുന്നാലും, വിവേകമതികൾ അവയ്ക്കൊന്നിനും ചെവികൊടുക്കാൻ പാടില്ല.

പാപം മാത്രമല്ല എല്ലാവരുടെയും എല്ലാ രോഗവും, സകല വേദനകളും ദു:ഖങ്ങളും യേശു തന്റെ ദേഹത്തിൽ ചുമന്നുകൊണ്ട് പോയാണ് മരിച്ചത്. യേശു ക്രൂശിൽ മരിച്ചവേളയിൽ ഇവയെല്ലാം യേശുവോടൊപ്പം മരിച്ചുകഴിഞ്ഞു.

# നിത്യരക്ഷയും നിത്യശിക്ഷയും

## ദേവസ്യാ മുല്ലക്കരസാർ

മനുഷ്യവർഗ്ഗത്തിന്റെ സാമ്പത്തികദുരിതങ്ങൾ ഉൾപ്പെടെയുള്ള സകല ദു:ഖങ്ങളും യേശുവിന്റെ ക്രൂശിതമരണത്തോടെ ക്യാൻസലായി. ഇങ്ങനെ, വചനമനുസരിച്ച് വിശ്വസിക്കുന്നവർ, ആത്മീയവും ഭൗതികവുമായി അനുഗ്രഹിക്കപ്പെടുകയാണ്.

മാത്രമല്ല, മൂന്നാംനാൾ യേശു ഉയിർപ്പിക്കപ്പെട്ടപ്പോൾ, പാപശാപമരണങ്ങളുടെമേലും പിശാചിന്റെമേലും അവൻ പൂർണ്ണവിജയം നേടുകയായിരുന്നു. പുനരുത്ഥാനം ചെയ്ത യേശു എമ്മാവൂസിലേക്ക് പോയ ശിഷ്യന്മർക്ക് പ്രത്യക്ഷപ്പെട്ടതായി നാം കണ്ടുമുട്ടുന്നു (ലൂക്കോ.24:13-32, മർക്കോ.16:12-13). യെരുശലേമിൽവെച്ച്, ഉത്ഥാനം ചെയ്ത കർത്താവ് പത്രൊസിന് പ്രത്യക്ഷപ്പെട്ടു (ലൂക്കോ.24:34). ശിഷ്യന്മാർക്ക് പലവട്ടം യേശു പ്രത്യക്ഷപ്പെട്ടു (ലൂക്കോ .24:36-43, യോഹ.20:19-25, മർക്കോ.16:14-49, യോഹ.20:26-29, യോഹ.21:1-4, മത്താ.28:16-20, മർക്കോ.16:15-18).

ഉത്ഥാനം ചെയ്ത കർത്താവ് 500-ൽ അധികം സഹോദരന്മാർക്ക് ഒരുമിച്ച് പ്രത്യക്ഷപ്പെട്ടതായും പൗലൊസിനും യാക്കോബിനും ദർശനം കൊടുത്തതായും നാം വായിക്കുന്നു (1 കൊരി.15:6,7, അപ്പൊ.9:3-27). മാത്രമല്ല യോഹന്നാന് പത്മോസ് ദ്വീപിൽവെച്ച്, ഉത്ഥാനം ചെയ്ത ക്രിസ്തു വെളിപ്പാടുകൾ നൽകുകയുണ്ടായി (വെളി.1:10-19).

ക്രൂശിൽ മരിച്ചതിനുശേഷം 3-ാം നാൾ ഉയിർത്തു കൊണ്ട്, മറ്റൊരു മതദർശനങ്ങളിലും ഇല്ലാത്ത ഉത്ഥാന സംഭവത്തിലൂടെ നാമും മരിച്ചാൽ ഉയിർക്കുമെന്ന് വലിയ പ്രതീക്ഷ കർത്താവ് നൽകുകയായിരുന്നു. പ്രിയ വായനക്കാരാ, വിവിധ മതദർശനങ്ങളുടെ ആചാരങ്ങളിലും ഉപചാരങ്ങളിലും നീ പെട്ട് പോകുമ്പോൾ, ദൈവപിതാവ്, ക്രിസ്തുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും, നിനക്ക് തരുവാൻ വെച്ചിരിക്കുന്ന നിത്യജീവൻ എന്ന അവാർഡ് നിരസിക്കപ്പെടുകയാണ് എന്നത്, ദയവായി വിസ്മരിക്കരുതേ. നിത്യജീവൻ നൽകുവാൻ മാത്രമല്ല നമ്മുടെ അനുദിന ജീവിതത്തിലെ ക്ലേശങ്ങളും, രോഗങ്ങളും, സാമ്പത്തിക പരാധീനതകളും, മുഴുവൻ തുടച്ചുമാറ്റി, നമ്മെ വിശുദ്ധീകരിച്ച്, വിജയശ്രീലാളിതരായി ജീവിക്കുവാൻവേണ്ടി തന്നെയാണ്, ദൈവം ക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചത്.

ആകാശവും ഭൂമിയും അതിലുള്ളതെല്ലാം ഉണ്ടാക്കിയശേഷം “ദൈവം നോക്കി, അത് എത്രയും നല്ലത് എന്ന് കണ്ടു” എന്ന് ഉൽപ.1:39-ൽ നാം വായിക്കുന്നു. സൃഷ്ടി കഴിഞ്ഞപ്പോൾ ദൈവം സന്തോഷവാനായിരുന്നു. “നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക'' (ഉല്പ.1:27) എന്നും പറഞ്ഞ് മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ദൈവം അനുഭവിച്ച മഹത്വങ്ങളെല്ലാം അവനിലൂടെയും ഉണ്ടാകുന്നതിന് ദൈവത്തിന് പ്ലാനില്ലായിരുന്നുവെങ്കിൽ തന്റെ തന്നെ സ്വരൂപത്തിൽ അവനെ സൃഷ്ടിക്കേണ്ടതില്ലായിരുന്നുവല്ലോ. എന്നാൽ ഉൽപ്പത്തി 1:39-ൽ തന്റെ സൃഷ്ടവസ്തുക്കൾ എല്ലാം, പ്രത്യേകിച്ച്, മനുഷ്യനും ''നല്ലതാണെന്ന്'' മാത്രമേ ദൈവത്തിന് പറയുവാൻ കഴിയുകയുള്ളു. ഇന്ന് ജീവിച്ചിരിക്കുന്ന 650-750 കോടികളും ദൈവസൃഷ്ടിപ്പാകയാൽ എല്ലാം ''നല്ലതു” തന്നെയാണ്.

ആദിമാതാപിതാക്കന്മാരായ ആദാമിലും ഹവ്വയിലും ദൈവം ഒരിക്കലും പാപവും രോഗവും, ദാരിദ്ര്യവും മരണവും, സൃഷ്ടിച്ചില്ല. ഈ ദൈവത്തെ നാം മാനിക്കേണം. ദൈവം സൃഷ്ടിച്ചപ്പോൾ ആദ്യ സ്ത്രീയിൽ പാപമില്ലായിരുന്നു. ഈ ദൈവത്തെ നാം ആരാധിക്കേണം. ഈ ദൈവത്തെ മാത്രം നാം മഹത്വപ്പെടുത്തേണം, കാരണം ഈ ദൈവം ചെയ്യുന്നതെല്ലാം നല്ലതാണ്.

നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണെന്നും ദൈവരാജ്യം അങ്ങകലെയൊന്നുമല്ല നമ്മോടുകൂടെ യാണെന്നും നാം വേദപുസ്തകത്തിലൂടെ മനസ്സിലാക്കുന്നു (1 കൊരി.3:16, 1 കൊരി.6:19, 2 കൊരി.6:16, ലൂക്കോ.17:21). നമ്മുടെ ശരീരം, ദൈവമഹത്വം വസിക്കുന്ന മാനപാത്രമാണ്. പാപത്തെയും പിശാചിനെയും ലോകത്തെയും ഏതിർക്കുവാനുള്ള ശക്തി, ദൈവത്തിന്റെ കൈപ്പണിയായ ഈ മന്ദിരത്തിനുണ്ട്. രോഗത്തെയും പിശാചിനെയും ഏറ്റുവാങ്ങുന്ന ഒന്നായിട്ടല്ല ഈ ശരീരത്തെ സൃഷ്ടിച്ചിരിക്കുന്നത്. പക്ഷെ ''ഏകമനുഷ്യനാൽ പാപവും പാത്താൽ മരണവും ലോകത്തിൽ കടന്ന്; ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നു” (റോമ.5:12). ആദം ലംഘനം നടത്തിയതോടെ മനുഷ്യവർഗ്ഗത്തിന് നേർക്ക് പാപവും, അതിന്റെ അനന്തരഫലങ്ങളും പാഞ്ഞെ

# നിത്യരക്ഷയും നിത്യശിക്ഷയും

## ദേവസ്യാ മുല്ലക്കരസാർ

ത്തുകയായിരുന്നു. മുനിസിപ്പാലിറ്റിയുടെ വിവിധ വാഹനങ്ങളിൽ പെറുക്കിയെടുത്തുകൊണ്ടുവരുന്ന മാലിന്യവസ്തുക്കൾ തീവെച്ച് നശിപ്പിക്കാതെയും മണ്ണിട്ട് മൂടാതെയും ഇട്ടിരുന്നാൽ, അതിന്റെ അനന്തരഫലം എന്തായിരിക്കും? ദുർമ്മണവും രോഗവും പരക്കുകതന്നെ ചെയ്യും. മാത്രമല്ല, ഈ മാലിന്യക്കൂമ്പാരങ്ങൾ ചില പക്ഷികളും മൃഗങ്ങളും നാടുനീളെ ആക്കുകയും ചെയ്യും. പാപം ചെയ്ത മനുഷ്യന്റെ ഹൃദയത്തിൽ മാലിന്യക്കൂമ്പാരങ്ങൾ അടിഞ്ഞുകൂടിയപ്പോൾ രോഗവും ദു:ഖവും ശാപവും ബന്ധനവും പടർന്നു. ആത്മീയമരണം സംഭവിച്ചു. ആകാശത്തിലൂടെ സഞ്ചരിക്കുന്ന ഉപഗ്രഹങ്ങൾക്ക് കൺട്രോൾ ടവറുമായുള്ള ബന്ധം വിട്ടാൽ എന്നതുപോലെ മാനവന്റെ ദൈവീകബന്ധം അവസാനിച്ചു. ഈ ദൈവീകബന്ധം പുന:സ്ഥാപിക്കുവാൻ ദൈവത്തിനല്ലാതെ ആർക്കാണ് കഴിയുക?

സാത്താനാണ് ആദത്തെയും ഹവ്വയേയും കൊണ്ട് പാപം ചെയ്യിച്ചത്; ദൈവമല്ല, പാപത്തിന്റെ ഉറവിടം സാത്താനാണ്; ദൈവമല്ല. രോഗത്തിന്റെ ഉറവിടം, സാത്താനാണ്; ദൈവമല്ല. ശാപത്തിന്റെ ഉറവിടം, സാത്താനാണ് ദൈവമല്ല. ''സാത്താന്റെ പ്രവൃത്തികളെ അഴിക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി" (1 യോഹ.3:8) മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും കടന്നുവന്ന ദുഷ്ടനെ തകർത്തുകൊണ്ട് നമുക്ക് ജീവൻ നൽകുവാനും അത് സമൃദ്ധമായി നൽകുവാനും ആണ് (യോഹ.10:10) യേശു ലോകത്തിലേക്ക് വന്നത്. ഈ യേശു, അന്നുമിന്നുമെന്നും ജീവിച്ചിരിക്കുമ്പോൾ (ഹെബ്രാ.13:8), ദൈവത്തിന്റെ വാഗ്ദത്തമനുസരിച്ച്, അവനിൽ വിശ്വസിച്ച് ദത്തെടുപ്പും വീണ്ടെടുപ്പും പ്രാപിച്ച്, (റോമ.3:24,25) വീഴ്ചക്ക് മുമ്പുള്ള ആദത്തെയും ഹവ്വയെയും പോലെ, നാം ജീവിക്കുക എന്നതാണ് വേദപുസ്തകം പഠിപ്പിക്കുന്ന ദൈവീകപദ്ധതി. പൗരോഹിത്യശുശ്രൂഷ ചെയ്യുന്നവരും അവരോട് ചേർന്ന് വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിയവരും, ചില വരദാനങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് ഉപരിപ്ലവമായ ആരാധനയുടെ വികാരോഷ്മളതയിൽ കുടുങ്ങിയ ആധുനിക പൗരോഹിത്യരഹിതരും, ക്രിസ്തുയേശുവിന്റെ മരണ-അടക്ക-പുനരുത്ഥാന-വീണ്ടും വരവുകളിൽ വിശ്വസിച്ച്, സ്നേഹം നിറഞ്ഞ പ്രാർത്ഥനാജീവിതത്തിലേക്ക് മടങ്ങിവന്നാൽ, നിത്യത ഉറപ്പാണ്; അല്ലെങ്കിൽ ഇത്രമഹത്തായ രക്ഷ (എബ്രാ.2:4) ലഭിക്കുന്നതിന് പകരം, നിത്യനാശം എന്ന ശിക്ഷാവിധി (2 തെസ്സ.1:10) അനുഭവിക്കേണ്ടിവരും.





# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

**പാ.ജോണി പാറപ്പുറത്ത്** (ചർച്ച് ഓഫ് ഇറ്റേണിറ്റി, തൃശ്ശൂർ)

വി. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ 3-ാം വാക്യം ഇങ്ങനെയാണ്. "അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്ന്, അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു."

ഈ വാക്യത്തിൽ 'അത്' എന്താണെന്നും 'എപ്പോൾ' എന്നത് ഏതു സമയമാണെന്നും 'അടയാളം' എന്താണെന്നും മൂന്നു കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. 24-ഉം 25-ഉം അദ്ധ്യായങ്ങളെ ഒലിവുമലപ്രഭാഷണങ്ങൾ എന്നാണ് ദൈവശാസ്ത്രവിശാരദന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. അതിനുകാരണം യേശു മരിക്കുന്നതിന്റെ ആ ആഴ്ചയിലും അതിനുമുമ്പുള്ള കുറച്ചുദിവസങ്ങളിലെയും സകല പ്രവർത്തനങ്ങളും ഒലിവുമലയിലും ജറുസലേം ദേവാലയത്തിന്റെ പരിസരങ്ങളിലും ബഥാനിയായിലും മറ്റും ആയിരുന്നു.

അത് = മത്തായിയുടെ സുവിശേഷത്തിൽത്തന്നെ 24-ാം അദ്ധ്യായത്തിന്റെ 1-ഉം 2-ഉം വാക്യങ്ങളിൽത്തന്നെ നമുക്ക് കാണാം. "യേശു ദേവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവനെ ദേവാലയത്തിന്റെ പണി കാണിക്കേണ്ടതിന് അവന്റെയടുക്കൽ വന്നു. അവൻ അവരോട് "ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിൻമേൽ കല്ല് ഇവിടെ ശേഷിക്കുകയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" എന്നു പറഞ്ഞു. ദേവാലയത്തിന്റെ പണി എത്ര മനോഹരമാണെന്നും, 46 സംവത്സരംകൊണ്ടാണ് ഇത് പണിതതെന്നും മറ്റുമുള്ള കാര്യങ്ങളായിരിക്കാം ശിഷ്യന്മാർ യേശുവിനോട് പറഞ്ഞിരിക്കുക. അപ്പോഴാണ് യേശു പറയുന്നത് ഇത് കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഇടിഞ്ഞുപോകുമെന്ന്.

ഒരു സാദാ യഹൂദന് അത്രപെട്ടെന്ന് ഈ പ്രഖ്യാപനത്തെ മുഖവിലയ്ക്കെടുക്കുവാൻ തടസ്സം നിൽക്കുന്ന നാലുപ്രധാനപ്പെട്ട കാര്യങ്ങളുണ്ട്.

1. അത് നീണ്ട 46 വർഷങ്ങൾകൊണ്ടാണ് ശലോമോൻ പണികഴിപ്പിച്ചത്. യോഹ.2:20-ൽ യഹൂദന്മാർ അവനോട് "ഈ മന്ദിരം 46 സംവത്സരംകൊണ്ട് പണിതിരിക്കുന്നു. നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമോ? എന്നു ചോദിച്ചു." ഇങ്ങനെയുള്ള ദേവാലയത്തിന്റെ പുതുക്കിപ്പണിയൽ ഇപ്പോൾ നടന്നുകൊണ്ടുമിരിക്കുന്നു. ഹെരോദാ രാജാവിന്റെ കാലത്താണ് അതായത് യേശുവും ശിഷ്യന്മാരും ഇപ്പോൾ ആയിരിക്കുന്ന സമയത്തുതന്നെ AD 20 മുതൽ 50 വരെയുള്ള വർഷങ്ങളിൽ ദേവാലയം പുതുക്കിപ്പണിതു.

2. അത്യന്തം ബലവത്തായ രീതിയിലാണ് ഇത് പണികഴിപ്പിച്ചിട്ടുള്ളത്. ജോസീഫസ് പോലെയുള്ള ചരിത്രകാരന്മാർ ദേവാലയത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അതിന്റെ നിർമ്മാണത്തിനായി 24 അടി നീളവും (ഏകദേശം 8 മീറ്റർ) 8 അടി വീതിയും (രണ്ടരമീറ്ററിലധികം) ഒക്കെയുള്ള കല്ലുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്നാണ്. അതിൽ ഒന്നിന്റെ ഭാരം 10 മുതൽ 30 ടൺ വരെയായിരുന്നു. ആനയെക്കൊണ്ട് പിടിപ്പിച്ചും ചരിവുപലകകൾ സ്ഥാപിച്ച് അതിലൂടെ നിരക്കിനിരക്കി കയറ്റിയും മറ്റുമൊക്കെയാണ് ഇത്രയും ഭാരമുള്ള കല്ലുകൾ ഭിത്തിയുടെ മുകളിൽ എത്തിച്ചിരുന്നത്. ഇന്നെന്നപോലെ സിമന്റൊ പൂഴിയൊ മറ്റു സാധനങ്ങളൊന്നുംതന്നെ അന്നത്തെ കാലത്ത് ഉപയോഗിച്ചിരുന്നില്ല. എന്നിട്ട് തനിത്തങ്കംകൊണ്ട് പൊതിഞ്ഞ് മറ്റൊരു സൂര്യൻ ഉദിച്ചുവരുന്നതുപോലെ അത്രയും മനോഹാരിതയിൽ യഹൂദന്റെ അഭിമാനമായി ആ ദേവാലയം വിരാചിച്ചിരുന്നു. ഇത്രയും ബലവത്തായ ഇതിനെ ഇടിച്ചുകളയുക അത്രയും എളുപ്പമാണൊ എന്നും മറ്റും അവർ ചിന്തിച്ചേക്കാം.

3. ദൈവം വസിക്കുന്നത് ദേവാലയത്തിലാണ് എന്ന് വിശ്വസിച്ചിരുന്ന യഹൂദൻ തന്റെ ജീവൻ കൊടുത്തും അതിനെ സംരക്ഷിക്കാനുള്ളപ്പോൾ ആർക്കാണ് അത്രയും പെട്ടെന്ന് ഇത് ഇടിച്ചുകളയുവാൻ സാധിക്കുക.

(ശേഷം 14-ാം പേജിൽ)

# പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9495932106, 9946635111

## സമയം: രാവിലെ 6 മുതൽ 9 വരെ

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

### എറണാകുളം അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

### ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

## e-mail: ekmoffice@gmail.com
## our official website: www.churchofeternity.org

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

### അയക്കേണ്ട വിലാസം:

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph:04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

(12-ാം പേജിൽ നിന്നും തുടർച്ച)

4. ഏറ്റവും പ്രധാനപ്പെട്ട കാരണം, പഴയനിയമത്തിലെ മോശെയുടെ ന്യായപ്രമാണമടങ്ങുന്ന 39 പുസ്തകങ്ങൾ മാത്രമെ അന്നു യഹൂദന്റെ കയ്യിലുള്ളൂ. പുതിയനിയമം എഴുതപ്പെട്ടിരുന്നില്ലല്ലോ. ഈ പഴയനിയമപുസ്തകങ്ങളിൽ അവസാനത്തെ പുസ്തകമായ മലാഖി പ്രവാചകന്റെ പുസ്തകത്തിൽ 3-ാം അദ്ധ്യായത്തിൽ 1-ഉം 2-ഉം വാക്യങ്ങൾ ഇങ്ങനെയാണ്. "നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്ക് വരും; ഇതാ,അവൻ വരുന്നു എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനിൽക്കും? ........" യഹൂദൻ പ്രതീക്ഷിക്കുന്ന 'മശിഹാ' ദേവാലയത്തിലേക്കാണ് വരുന്നത്. തങ്ങളുടെ വീണ്ടെടുപ്പുകാരന് പ്രവേശിക്കുവാൻ ദേവാലയം നിലനിൽക്കേണ്ടേ. പിന്നെങ്ങനെ ദേവാലയം ഇടിഞ്ഞുപോകും, ഇടിച്ചുകളയും. ഇത്യാദി ചിന്തകളൊക്കെ യഹൂദന്റെ മനസ്സിൽ വന്നു ഭവിച്ചിരിക്കാം.

എന്നാൽ ശിഷ്യന്മാർ അവൻ പറഞ്ഞതു വിശ്വസിച്ചു. ഇതൊരു പ്രവചന നിവൃത്തിയാണെന്ന് അവർ തിരിച്ചറിഞ്ഞു. ആ പ്രവചനം ഇതാണ്, മീഖാ പ്രവാചകന്റെ പുസ്തകം 3:9-12 വാക്യങ്ങൾ: "ന്യായം വെറുക്കുകയും ചൊവ്വുള്ളതെല്ലാം വളച്ചുകളയുകയും ചെയ്യുന്ന യാക്കോബുഗൃഹത്തിന്റെ തലവന്മാരും യിസ്രായേൽഗൃഹത്തിന്റെ അധിപന്മാരുമായുള്ളോരെ, ഇതു കേൾക്കുവിൻ. അവർ സീയോനെ രക്തപാതകംകൊണ്ടും യെരുശലേമിനെ ദ്രോഹംകൊണ്ടും പണിയുന്നു. അതിലെ തലവന്മാർ കൈക്കൂലി വാങ്ങി ന്യായം വിധിക്കുന്നു; അതിലെ പുരോഹിതന്മാർ കൂലി വാങ്ങി ഉപദേശിക്കുന്നു; അതിലെ പ്രവാചകന്മാർ പണം വാങ്ങി ലക്ഷണം പറയുന്നു. എന്നിട്ടും അവർ യഹോവയെ ചാരി, യഹോവ നമ്മുടെയിടയിൽ ഇല്ലയോ? അനർത്ഥം നമുക്ക് വരികയില്ല' എന്നു പറയുന്നു. അതുകൊണ്ട് നിങ്ങളുടെ നിമിത്തം സീയോനെ വയൽ പോലെ ഉഴുതും; യെരുശലേം കൽക്കുന്നുകളും ആലയത്തിന്റെ പർവ്വതം കാട്ടിലെ മേടുകൾ പോലെയും ആയിത്തീരും." നേതാക്കന്മാർ കൈക്കൂലി വാങ്ങി ന്യായം വിധിച്ചിട്ടും പ്രവാചകൻ പണം വാങ്ങി പ്രവചനം പറഞ്ഞിട്ടും പുരോഹിതൻ പ്രതിഫലം വാങ്ങി ഉപദേശം പറഞ്ഞിട്ടും അഹങ്കാരത്തോടെ അവർ പറയുകയാണ് യഹോവ നമ്മുടെയിടയിൽ ഉണ്ട്; നമുക്ക് ഒരു അനർത്ഥവും വരികയില്ല. അതിന്റെ കാരണം എന്താണെന്നറിയുമോ, ദേവാലയം ഉള്ളതുകൊണ്ട് ദൈവവും ഉണ്ടെന്ന് അവർ വിശ്വസിക്കുകയാണ്.

ഇന്നും ചിലരിങ്ങനെയാണ്. സകലവിധ അന്യായങ്ങളും, ദുഷ്ക്കർമ്മങ്ങളും ചെയ്തു മാനസാന്തരത്തിന്റെ ലക്ഷണം പോലുമില്ലെങ്കിലും, പെരുന്നാൾ നടത്തിയും, കനത്ത സ്തോത്രക്കാഴ്ചകൾ കൊടുത്തും, പുരോഹിതന്മാർക്കു വസ്ത്രങ്ങൾ വാങ്ങിയും ദേവാലയം മോടികൂട്ടാൻ മാർബിളും പരവതാനിയും ഒക്കെ സംഘടിപ്പിച്ചും സന്നദ്ധസംഘടനകളുടെ മുമ്പിൽ നിന്നും വെടിക്കെട്ടിന്റെ കാഠിന്യം വർദ്ധിപ്പിച്ചും നയനാന്ദകരമായ ഇലക്ട്രിക് ഇലൂമിനേഷനുകളും കരിമരുന്ന് പ്രയോഗങ്ങളും നടത്തിയും തങ്ങളാണ് വലിയ ആത്മീയരെന്ന് ഭാവിച്ചുകൊണ്ടും ഇതൊക്കെയാണ് യഥാർത്ഥ സുവിശേഷജോലി എന്ന് തെറ്റിദ്ധരിച്ചുംകൊണ്ട് മുന്നോട്ടുപോകുമ്പോൾ അവരും പറയുന്നു യഹോവ നമ്മുടെയിടയിലുണ്ട്, നമുക്ക് ഒരനർത്ഥവും വരികയില്ല. എന്നാൽ ദൈവം പറയുന്നു അവരുടെ രക്തപാതകങ്ങൾക്കു പകരമായി, ഞാൻ ഇരിക്കുന്നു എന്ന് അവർ വമ്പു പറയുന്ന ദേവാലയമുൾപ്പെടെ യരുശലേമിനെ വയൽപോലെ ഉഴുതു മറിക്കും; അതിനെ കൽക്കൂമ്പാരമാക്കിക്കളയും. ഇത് എല്ലാ ജനതയ്ക്കുമുള്ള ദൈവത്തിന്റെ താക്കീതാണ്.

ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തിൽ വിശ്വസിച്ച ശിഷ്യന്മാർ യേശുവിനോട് ചോദിക്കുന്ന രണ്ടാമത്തെ കാര്യം 'എപ്പോൾ സംഭവിക്കും' എന്നതിന് യേശു പറഞ്ഞ മറുപടി പരിശോധിക്കാം.

മത്തായിയുടെ സുവിശേഷത്തിൽ 24-ന്റെ 4 മുതലുള്ള വാക്യങ്ങളിൽ യേശു പറഞ്ഞത് അവന്റെ രണ്ടാമത്തെ വരവിൽ മഹത്വപ്രത്യക്ഷതയോടുള്ള ബന്ധത്തിൽ അതിന്റെ ലക്ഷണങ്ങൾ മാത്രമാണ് (24 മുഴുവനും). എന്നാൽ അത് എപ്പോഴാണെന്നുള്ളതിന്റെ കൃത്യമായ മറുപടി ലൂക്കോസിന്റെ സുവിശേഷത്തിലാണുള്ളത്, 19-ഉം 21-ഉം അദ്ധ്യായങ്ങളിൽ. ലൂക്കോ.21:20 "സൈന്യങ്ങൾ യെരുശലേമിനെ

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊള്ളുവിൻ. അന്ന് (അക്കാലത്ത്) യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ. അതിന്റെ നടുവിലുള്ളവർ പുറപ്പെട്ടുപോകട്ടെ; നാട്ടിൻ പുറങ്ങളിലുള്ളവർ അതിൽ കടക്കരുത്." ഇവിടെ സ്വാഭാവികമായും ഉണ്ടായേക്കാവുന്ന ഒരു സംശയനിവൃത്തി വരുത്തേണ്ടത് അത്യാവശ്യമാണെന്നു തോന്നുന്നു. സൈന്യം യെരുശലേമിനെ വളഞ്ഞിരിക്കുമ്പോൾ എങ്ങനെയാണ് യഹൂദർക്ക് അവിടെനിന്ന് ഓടിപ്പോകാൻ കഴിയുക. യരുശലേം മതിലുകളാൽ ചുറ്റപ്പെട്ട ഒരു നഗരമാണെന്ന് നമുക്കറിയാം. എന്നാൽ ഇതിലേയ്ക്കെത്തിനോക്കുമ്പോൾ അല്പം ചരിത്രപശ്ചാത്തലംകൂടി നമ്മൾ പരിശോധിക്കേണ്ടി വരും.

തീത്തോസ് കൈസർ AD 70-ൽ യെരുശലേം ആക്രമിക്കുന്നതിന് അല്പംമുമ്പ് തന്നെ റോമാപ്പട്ടാളം ഒരു പ്രാവശ്യം യെരുശലേം വളഞ്ഞായിരുന്നു. എന്നാൽ റോമാ ചക്രവർത്തി മരിച്ചു എന്ന വാർത്ത കേട്ട് പട്ടാളം ഉപരോധം പിൻവലിച്ചു മടങ്ങിപ്പോയി. അതു കഴിഞ്ഞാണ് തീത്തോസ് വലിയൊരു സൈന്യവുമായി വന്ന് വീണ്ടും സുരക്ഷിതനഗരത്തെ വളഞ്ഞ് അതിനെ ഉപരോധിച്ചത്. ആദ്യത്തെ സംരംഭത്തിനും രണ്ടാമത്തേതിനുമിടയ്ക്ക് കിട്ടിയ ചെറിയൊരു ഇടവേളയിൽ കർത്താവിന്റെ വചനം വിശ്വസിച്ച യഹൂദന്മാരും ക്രിസ്ത്യാനികളും അവിടെനിന്നും കിട്ടാവുന്ന ധനവും പ്രമാണരേഖകളുമെല്ലാം സംഘടിപ്പിച്ച് പാലായനം ചെയ്തു. അവർ 'പെന്റ' എന്ന സ്ഥലത്തെ കുന്നിൻ ചെരിവുകളിലെല്ലാം പോയി താമസിച്ചു. എന്നാൽ ഇത് വളരെ കുറച്ചുപേർ മാത്രമായിരുന്നു. ബാക്കി വരുന്ന ബഹുഭൂരിപക്ഷവും യരുശലേമിൽ തന്നെ താമസിച്ചു ദേവാലയം തങ്ങളുടെ നഗരത്തിൽ ഇരിക്കുന്നിടത്തോളം കാലം ശത്രുക്കൾക്ക് തങ്ങളെ ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്ന് അവർ അന്ധമായി വിശ്വസിച്ചു. എന്നാൽ അധികം കഴിയാതെ തീത്തോസ് വീണ്ടും വന്ന് നഗരത്തിനെതിരെ ഉപരോധം ഏർപ്പെടുത്തി.

ഇനി നമുക്ക് ലൂക്കോസ് 19-ന്റെ 41 മുതൽ 44 വരെയുള്ള വചനങ്ങൾ നോക്കാം. "അവൻ നഗരത്തെ സമീപിച്ചപ്പോൾ അതിനെകണ്ടു അതിനെക്കുറിച്ച് കരഞ്ഞു. ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളാമായിരുന്നു. ഇപ്പോഴൊ അത് നിന്റെ കണ്ണിന് മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശനകാലം നീ അറിയാത്തതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്ക് ചുറ്റും വാട കോരി (ചിറ കോരി) നിന്നെ വളഞ്ഞു നാലു പുറത്തും നിന്നും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു, നിന്നിൽ കല്ലിൻമേൽ കല്ലു ശേഷിപ്പിക്കാതെയിരിക്കുന്ന കാലം നിനക്കു വരും."

5 മാസത്തെ അതിശക്തമായ ഉപരോധം. ഒരു മനുഷ്യജീവിക്കുപോലും അകത്തേക്കു വരാനൊ പുറത്തേക്കു പോകാനൊ പറ്റുകയില്ല. യരുശലേം ചുറ്റുമതിലിന്റെ കനത്ത ഇരുമ്പുവാതിൽ അടഞ്ഞുകിടക്കുന്നു. എങ്ങും യഹൂദന്മാരുടെ ആളനക്കമില്ല. റോമൻ പടയാളികളുടെ ജാഗ്രതയോടുള്ള കാവലും അട്ടഹാസങ്ങളും മാത്രം. ആദ്യത്തെ മാസങ്ങളിൽതന്നെ ആഹാരവും മറ്റും തീർന്നു. വൈദ്യസഹായമില്ല. മരുന്നുകളെത്തിക്കാൻ മാർഗ്ഗമില്ല. രോദനങ്ങൾ മാത്രം. വിശന്നുവലഞ്ഞ കുഞ്ഞുങ്ങൾ അമ്മയച്ഛന്മാരുടെ മുഖങ്ങളിലേക്ക് നോക്കി വീണ്ടും മയക്കത്തിലേക്ക് വീഴുന്നു. പട്ടിണിമൂലം മരിച്ചവരെ സംസ്ക്കരിക്കാൻ കഴിയാതെ കിടക്കുന്നു. ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഭയാനകമായ ദൃശ്യങ്ങൾ. രോഗങ്ങൾ പടർന്നുപിടിക്കുന്നു. എന്തിനധികം സ്വന്തം മക്കളുടെ ശവശരീരങ്ങളെ വിശപ്പുമൂലം ഭക്ഷിക്കേണ്ടിവന്ന (ലേവ്യ26:29) മാതാപിതാക്കന്മാരുടെ ദുരവസ്ഥ. അവശേഷിക്കുന്നവരിൽ എഴുന്നേറ്റുനിൽക്കാൻ ത്രാണിയില്ലാത്ത യഹൂദന്മാർ, എങ്കിലും അവർ ആയുധങ്ങൾ ധരിച്ച് ദേവാലയം കാത്തുസൂക്ഷിക്കുവാൻ ബദ്ധപ്പെടുന്നവർ. ഈ അവസരത്തിലാണ് ആരോ വലിച്ചെറിഞ്ഞ തീപ്പന്തം ദേവാലയത്തിന്റെ തീപിടുത്തത്തിന് കാരണമാകുന്നത്. ആ സമയത്ത് എഴുന്നേൽക്കാൻ ജീവനില്ലാത്ത യഹൂദന്മാർ ചാടിയെഴുന്നേറ്റ് ദേവാലയം സംരക്ഷിക്കാനായി പാഞ്ഞുചെന്നപ്പോൾ കോട്ടമതിലിനെ ഭേദിച്ച തീത്തോസിന്റെ സൈന്യം നിർദ്ദയം അവരെ വാളുകൊണ്ട് വെട്ടിവീഴ്ത്തി. അവർ യെരുശലേം പിടിച്ചടക്കി. അർദ്ധപ്രാണരായവരെ ബന്ദികളാക്കി. സ്ത്രീകളെയും പുരുഷന്മാരെയും കുഞ്ഞുങ്ങളെയുമുൾപ്പെടെ അനേകരെ കൊന്നൊടുക്കി. ദേവാലയം പിടിച്ചെടുത്തു. അഗ്നിബാധയിൽ ഉരുകിയൊലിച്ച തങ്കവും പൊന്നും ദേവാലയ നിർമ്മാണത്തിനായി

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

ഉപയോഗിച്ച വലിയ കല്ലുകളുടെ അടിയിലേക്ക് ഒഴുകിയിറങ്ങി. അത് സംഭരിക്കുന്നതിനുവേണ്ടി ഭീമാകാരമായ കല്ലുകൾ വലിയ വടം കെട്ടി ആനയെക്കൊണ്ട് വലിപ്പിച്ചും മറ്റും ഒന്നൊന്നായി ഇളക്കിയെടുത്ത് മറിച്ചിട്ടു. ദേവാലയം കൽക്കൂമ്പാരമായി. സീയോൻ ഉഴുതു മറിക്കപ്പെട്ടു. കൂടാതെ ദേവാലയത്തിന്റെ അടിത്തട്ടിൽ വലിയ നിധിയുണ്ടെന്ന് കരുതിയ റോമൻ സൈന്യം അതിന്റെ അസ്ഥിവാരം മാന്തി, ആഴത്തിൽ കുഴിച്ച് അവിടം നാമാവശേഷമാക്കി.

AD 30-ൽ യേശു മരിക്കുന്ന അതേ ആഴ്ചയിൽ തീവ്രവേദനയോടെ യേശു ദേവാലയത്തെ നോക്കി കരഞ്ഞുകൊണ്ട് പറഞ്ഞത് ലൂക്കോ.19:41 "ഈ നാളിൽ എങ്കിലും നിന്റെ നാശത്തെക്കുറിച്ച് നീ അറിഞ്ഞിരുന്നുവെങ്കിൽ ...........

ഇനി മൂന്നാമത്ത കാര്യം 'അടയാളം' എന്ത്?

ഒരു കാര്യം പ്രത്യേകം പരിഗണന നൽകി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അടയാളങ്ങൾ എന്ത്? എന്നല്ല അടയാളം എന്ത്? എന്നാണ് മത്താ.24:36. ഏക വചനം. മത്തായി സുവിശേഷം 24:32-ൽ യേശു പറഞ്ഞു "അത്തിയെ നോക്കി 'ഒരു' ഉപമ പഠിക്കുവിൻ. ഒരു ഉപമ എന്നതും ഏകവചനമായി കൊടുത്തിരിക്കുന്നു. ഉപമയിലൂടെ കാര്യങ്ങൾ വ്യക്തമാക്കുവാൻ യേശു ആഗ്രഹിക്കുന്നു. ഉപമ ഇതാണ്, "അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് നിങ്ങളറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതെല്ലാം കാണുമ്പോൾ അവൻ അടുക്കൽ വാതിൽക്കൽ തന്നെ ആയിരിക്കുന്നുവെന്ന് അറിഞ്ഞുകൊള്ളുവിൻ; ഇതെല്ലാം സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളൊ ഒഴിഞ്ഞു പോവുകയില്ല" (മത്താ.24:32-35).

എന്തുകൊണ്ടാണ് യേശു ഉപമയിലൂടെ ഈ കാര്യങ്ങൾ വ്യക്തമാക്കുവാൻ ആഗ്രഹിച്ചത്? ഉത്തരം മത്തായി 13-ലുണ്ട്. 10-ാമത്തെ വാക്യം മുതൽ "പിന്നെ ശിഷ്യന്മാർ അടുത്തുവന്ന്, അവരോട് ഉപമകളായി സംസാരിക്കുന്നത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞത്, സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ അറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു. അവർക്കൊ ലഭിച്ചിട്ടില്ല". യേശുവിന്റെ ചുറ്റും കൂടിയവരിൽ പലതരക്കാരായ ആളുകളുണ്ടായിരുന്നു. യേശുവിനെ പരീക്ഷിക്കുവാൻ വന്നവർ, വാക്കിൽ കുടുക്കുവാൻ വന്നവർ, അവനിലെ എന്തെങ്കിലും തെറ്റ് കണ്ടുപിടിക്കാൻ വന്നവർ, അവൻ പ്രവാചകനാണൊ, ദൈവപുത്രനാണൊ എന്നെല്ലാം വിവിധ തരത്തിൽ യേശുവിനെ കാണുന്നവരുടെ ഒരു കൂട്ടമാണ് ചുറ്റുമുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ദൈവരാജ്യത്തിന്റെ മർമ്മങ്ങളറിയുവാനുള്ള വരം ശിഷ്യന്മാർക്ക് കൊടുത്തിരുന്നു. മറ്റുള്ളവർക്കൊ അതൊട്ട് ഇല്ല താനും. അതുകൊണ്ട് യേശു ഉപമകളായി പറയുന്ന കാര്യങ്ങളിലെ മറഞ്ഞിരിക്കുന്ന മർമ്മം (Hidden truth) ശിഷ്യന്മാർക്ക് മനസ്സിലാകും. മറ്റുള്ളവർക്കോ ഇല്ലതാനും. ദാനി.9:9,10 "ദാനിയേലെ പൊയ്ക്കൊള്ളുക; ഈ വചനങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടുമിരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ച് നിർമ്മലീകരിച്ച് ശോധന കഴിക്കും; ദുഷ്ടന്മാരോ, ദുഷ്ടത പ്രവർത്തിക്കും. ദുഷ്ടന്മാരിൽ ആരും അത് തിരിച്ചറിയുകയില്ല. ബുദ്ധിമാന്മാരോ ഗ്രഹിക്കും." ശോധന ചെയ്യുന്ന ദുഷ്ടന്മാർക്ക് അത് മറഞ്ഞിരിക്കുന്നതും "ബുദ്ധിമാന്മാർക്ക്" വെളിപ്പെടുന്നതുമായ മിസ്ട്രികൾ.

ആ ആഴ്ചയിൽതന്നെ ആക്ഷരികമായി നിറവേറിയ ഒരു പ്രവചനനിവൃത്തി എഴുതാം. യേശു ജനിക്കുന്നതിന് 500 വർഷങ്ങൾക്കുമുമ്പ് സഖരിയാ പ്രവാചകൻ എഴുതി, തന്റെ പുസ്തകം 9-ന്റെ 9 മുതൽ. "സീയോൻ പുത്രിയെ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക; യെരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു, അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്ത് പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു." ഹോശന്നാ ഞായർ ആയ ദിവസം ഇത് ആക്ഷരികമായി സംഭവിച്ചത് വളരെ ആശ്ചര്യകമായിരിക്കുന്നുവല്ലേ. നമ്മളിൽ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടാകും യെരുശലേം മുഴുവൻ ഇളകിമറിഞ്ഞ് ദാവീദന്റെ പുത്രന് ഹോശാന എന്ന് പാടി തങ്ങളുടെ രാജാവിനെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ച് ഒലിവിൻകൊമ്പുകൾ വിതറി എതിരേറ്റ ആ മനോഹര ദിവസത്തിൽ യേശു എന്തുകൊണ്ടായിരിക്കാം ഒരു കഴുതയുടെ പുറത്ത് യാത്ര ചെയ്തത്. രാജാക്കന്മാർ സാധാരണ കുതിരപ്പുറത്ത് സഞ്ചരിക്കുമ്പോൾ രാജാക്കന്മാരുടെ രാജാവായ

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

**പാ.ജോണി പാറപ്പുറത്ത്**

യേശു ഇതാ ഒരു കഴുതപ്പുറത്ത്! ഇതൊരു പ്രവചന നവൃത്തിയാണ്. അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് സെഖരിയാ പ്രവാചകൻ പരിശുദ്ധാത്മാവാൽ നിറഞ്ഞ് എഴുതി, ഇതാ നിന്റെ രാജാവ് ചെറുകഴുതയുടെ പുറത്തേറി വരുന്നു എന്ന്. തങ്ങളുടെ രാജാവിനെ തിരിച്ചറിയാനുള്ള അടയാളം കഴുതപ്പുറത്തേറിവരുന്ന രാജാവ്.

യേശു കഴുതപ്പുറത്ത് കയറി പ്രവേശിച്ചത് ദേവാലയത്തിലേക്കാണ് (മത്താ.21:4-12) അതു കിഴക്കേ വാതിലിലൂടെ. വേദപുസ്തകം ആ കാര്യം വെളിപ്പെടുത്തുന്നുണ്ട്. യെഹസ്ക്കേൽ പ്രവചനം 44:1-3 വാക്യങ്ങൾ "അനന്തരം അവൻ എന്നെ വിശുദ്ധമന്ദിരത്തിന്റെ കിഴക്കോട്ട് ദർശനമുള്ള പുറത്തേ ഗോപുരത്തിലേക്ക് മടക്കിക്കൊണ്ടുവന്നു, എന്നാൽ അത് അടച്ചിരുന്നു. അപ്പോൾ യഹോവ എന്നോട് അരുളിച്ചെയ്തത് : ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കേണം; ആരും അതിൽക്കൂടി കടക്കരുത്; യിസ്രായേലിന്റെ ദൈവമായ യഹോവ 'അതിൽക്കൂടി അകത്തു കടന്നതുകൊണ്ട്' അത് അടച്ചിരിക്കേണം.......... അവൻ ആ ഗോപുരത്തിന്റെ പൂമുഖത്തുകൂടി അകത്തു കടക്കുകയും പുറത്തുപോവുകയും വേണം". മറ്റൊരു വചനഭാഗംകൂടി സൂചിപ്പിക്കാം. ക്രിസ്തുസംഭവത്തിന് ആയിരത്തോളം വർഷങ്ങൾക്കുമുമ്പ് സങ്കീർത്തനക്കാരൻ തന്റെ പുസ്തകത്തിൽ പരിശുദ്ധാത്മാവാൽ നിറഞ്ഞ് ഇങ്ങനെ എഴുതി. സങ്കീ.24:7-10 "വാതിലുകളെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളെ, ഉയർന്നിരിക്കുവിൻ; മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ; മഹത്വത്തിന്റെ രാജാവ് ആര്? ബലവാനും വീരനുമായ യഹോവ; യുദ്ധവീരനായ യഹോവ തന്നെ; വാതിലുകളെ നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളെ, ഉയർന്നിരിക്കുവിൻ; മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവ് ആര്? സൈന്യങ്ങളുടെ യഹോവ തന്നെ; അവൻ ആകുന്നു മഹത്വത്തിന്റെ രാജാവ്."

രാജാധിരാജാവായി തന്റെ ജനത്തിന്റെ രക്ഷയ്ക്കായി യുദ്ധവീരനായ യഹോവയായ യേശുക്രിസ്തു തന്റെ മഹത്വപ്രത്യക്ഷ്യത എന്ന രണ്ടാംവരവിൽ യെരുശലേം ദേവാലയത്തിന്റെ കിഴക്കേവാതിലിലൂടെ അകത്തുകടക്കേണം. അതുവരെ ആരും അത് തുറക്കരുത്. എത്ര ആശ്ചര്യകരവും അതിശയകരവുമായിരിക്കുന്നു ഈ വചനങ്ങൾ. ഇതു പറയുമ്പോൾ വളരെ സ്വാഭാവികമായും ഉണ്ടായേക്കാവുന്ന ഒരു സംശയത്തിന് മറുപടി എഴുതട്ടെ. യെരൂശലേം ദേവാലയം ഇന്നില്ലല്ലോ. പിന്നെ എങ്ങനെയാണ് അതിന്റെ കിഴക്കേ വാതിൽ തുറക്കരുതെന് പറയുന്നത്. വളരെ പ്രസക്തമായ ഒരു ചോദ്യം. എന്നാൽ അതിന്റെ ഉത്തരവും അതിശയകരം തന്നെ. പ്രവചനനിവൃത്തിക്കായി ഇന്നും കിഴക്കേ ഗോപുരമതിലും വാതിലുകളും തകർക്കപ്പെടാതെയിരിക്കുന്നു. രാഷ്ട്രീയ പരമായ അനേകം കാരണങ്ങളാൽ കിഴക്കേ വാതിൽ അടഞ്ഞുകിടക്കുന്നു. അതിലേറ്റവും പ്രധാനപ്പെട്ടത് ഈ മതിലിന്റെ ഒരു ഭാഗം മുസ്ലീങ്ങളുടെ ശവപ്പറമ്പാണ്. വിലാപമതിൽ എന്നാണ് ഇതിനെ വിളിക്കുന്നത്. 1967-ൽ കിം ഹുസൈൻ എന്ന ജോർദ്ദാൻ രാജാവ് ഈ വാതിൽ തുറക്കുവാൻ ഒരു ശ്രമം നടത്തിയെങ്കിലും ദയനീയമായി പരാജയപ്പെട്ടു എന്നു മാത്രമല്ല അദ്ദേഹത്തിന്റെ അധീനതയിലായിരുന്ന അനേകം പ്രദേശങ്ങൾ അദ്ദേഹത്തിന് നഷ്ടമായി. അതിനു മുമ്പും ശേഷവും അനേകം ശ്രമങ്ങൾ നടന്നങ്കിലും അതെല്ലാം വ്യത്യസ്തമായ കാരണങ്ങളാൽ ദൈവം പരാജയപ്പെടുത്തുകയായിരുന്നു.

സെഖര്യാവിന്റെ പ്രവചനം 9 മുതലുള്ള വാക്യങ്ങളിൽ കഴുതപ്പുറത്ത് വരുന്ന രാജാവിനെ അവതരിപ്പിച്ച് ഹോശാന ഞായറാഴ്ച നിറവേറിയ ക്രിസ്തുവിന്റെ രാജകീയ ദേവാലയപ്രവേശനത്തിന്റെ മറഞ്ഞിരുന്ന മർമ്മം പ്രവാചകൻ വെളിപ്പെടുത്തി. ക്രിസ്തുവിനെ ദർശനത്തിൽ കണ്ട യോഹന്നാൻ ഇപ്രകാരം രേഖപ്പെടുത്തി വെളി.19:11 "അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിൻമേലിരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേര്; അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു." 13 "അവന് ദൈവവചനം എന്ന് പേരു പറയുന്നു" 14. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് കയറി അവനെ അനുഗമിച്ചു. 15 ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു.........."

അന്ന് കഴുതപ്പുറത്ത് വന്ന യേശുവിന് മുൾമുടിയാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് വെള്ളക്കുതിരപ്പുറത്ത് വരുന്ന യേശുവിന് അനേകം രാജമുടികൾ (വെളി.19:12) ഉണ്ട്. ആദ്യ വരവിൽ അവൻ വിധിക്കപ്പെട്ടു എങ്കിൽ രണ്ടമത്തെ വരവിൽ അവൻ വിധിയാളനായിട്ടാണ് വരുന്നത്. അന്ന് അവർ അവനെ നിന്ദിച്ച് പരിഹസിച്ച് അപമാനിച്ചു എങ്കിൽ ഇന്ന് എല്ലാവരും ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും (വെളി.1:7). അന്ന് അവനെ ക്രൂശിച്ചുവെങ്കിൽ ഇന്ന് അവനോട്

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

രക്ഷിക്കണമേ എന്ന് അപേക്ഷിക്കും. അന്ന് വലിയ ഞെരുക്കം ലോകത്തുണ്ടാകും. ഒരു ന്യൂക്ലിയർ യുദ്ധം സംജാതമാകും. ലോകജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും നശിക്കും. ശേഷിക്കുന്നവരെല്ലാവരും ചേർന്ന് യിസ്രയേലിനോട് പൊരുതും. തിരെഞ്ഞെടുക്കപ്പെട്ട ജനം തിരെഞ്ഞെടുത്തവനെ തള്ളിക്കളഞ്ഞുവെങ്കിലും തന്റെ ജനത്തിന്റെ നിലവിളിക്ക് ഉത്തരമേകാൻ യേശുവിന്റെ കാൽ ഒലിവുമലയിൽ പതിയും. അതേ യേശുവിതാ മേഘാരൂഢനായി വേഗം വരുന്നു. പ്രവചനങ്ങളെല്ലാം നിറവേറുകതന്നെ ചെയ്യും.

## അത്തിയിലേക്ക് മടങ്ങിവരാം

ഹോസന്നഞായറാഴ്ച വൈകുന്നേരം യേശു ബഥാന്യയിലേക്ക് പോയി. മത്താ.21:18 "രാവിലെ അവൻ നഗരത്തിലേക്ക് മടങ്ങിപ്പോകുന്ന സമയം വഴിയരികിൽ ഒരു അത്തിവൃക്ഷം കണ്ട് അടുത്തുചെന്നു. 'ഒരു' അത്തിവൃക്ഷം കണ്ടു എന്നെഴുതിയിരിക്കുന്നതിൽ നിന്നും എന്താണ് മനസ്സിലാകുന്നത്? അത് ഏകവചനമാണ്. ആദ്യം നമ്മൾ എഴുതിയ മത്താ.24:3-ൽ 'അടയാളം' ഏകവചനമുപയോഗിച്ചിരിക്കുന്നു. അനേകം അത്തിവൃക്ഷങ്ങൾ ഉണ്ടെങ്കിലും ഒരു അത്തിയെ മാത്രം എടുത്തുപറയാൻ എന്താണ് കാരണം. അത്തി യഹൂദനെ (യിസ്രായേൽ) കാണിക്കുന്ന അടയാളമാണ്. യോവേൽ 1:6,7 ''ശക്തിയുള്ളവരും സംഖ്യയില്ലാത്തതുമായ ഒരു ജനത 'എന്റെ ദേശത്തിന്റെ' നേരെ വന്നിരിക്കുന്നു. അതിന്റെ പല്ല് സിംഹത്തിന്റെ പല്ല്; സിംഹിയുടെ അണപ്പല്ല് അതിനുണ്ട്; അത് 'എന്റെ മുന്തിരവള്ളിയെ' ശൂന്യമാക്കി. 'എന്റെ അത്തിവൃക്ഷത്തെ' ഒടിച്ചുകളഞ്ഞു." എന്റെ ദേശം, എന്റെ മുന്തിരിവള്ളി, എന്റെ അത്തി ഈ പ്രയോഗങ്ങളൊക്കെയും യിസ്രായേലിനെയും യഹൂദനെയും പ്രതിനിധാനം ചെയ്യുന്നു. യിര.24:8-10, 29:17 ഹോശയ്യയിലുമെല്ലാം യഹൂദനെ അത്തിവൃക്ഷമായി ചിത്രീകരിച്ചിട്ടുണ്ട്. ഇങ്ങനെ യിസ്രായേലിനെ പ്രതിനിധീകരിക്കുന്ന അത്തിയിൽ ഇലയല്ലാതെ - മറ്റൊന്നും ഫലമൊന്നും - കണ്ടില്ല (മർക്കോ.11:13). ഇലയുള്ള ഒരു അത്തിമരം മാത്രം കാണാൻ എന്താണു കാരണം? അതു നല്ല നീരോട്ടമുള്ള സ്ഥലത്താണ് നിന്നിരുന്നത്. അത് മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാണ്. അതു താൻ തിരെഞ്ഞെടുത്ത് പാലൂട്ടി വളർത്തിയ തന്റെ ദേശത്തെ - മറ്റുള്ളവയെ അപേക്ഷിച്ച് വ്യത്യസ്തമായ, അനുഗ്രഹീതമായ സാഹചര്യത്തിലുള്ളവയാണ്. അതിൽ ഫലമുണ്ടാകേണ്ടതാണ്. അത്തിപ്പഴങ്ങളുടെ കാലമല്ലാതിരുന്നിട്ടും (മർക്കോ.11:13) യേശു അതിനടുത്തേക്ക് ചെല്ലാൻ കാരണമതാണ്. അത്തി തളിർത്ത് ഇലയാകുമ്പോൾ കായുണ്ടാകേണ്ടതാണ്. പക്ഷെ കണ്ടില്ല. ഇത് നമ്മെത്തന്നെ ആത്മശോധനക്ക് വിധേയമാക്കുവാൻ പര്യാപ്തമായതാണ്. ഇലയുണ്ട്, പക്ഷേ ഫലമില്ല. പള്ളിയുണ്ട്, പുരോഹിതനുണ്ട്, സ്തോത്രക്കാഴ്ചയും ധ്യാനവും പ്രാർത്ഥനയും പ്രെയിസ് ദ ലോർഡുമൊക്കെയുണ്ട്. പക്ഷേ ആത്മാവുണ്ടോ? ഫലമില്ലാത്ത അത്തിയെ യേശു ശപിച്ചുകളഞ്ഞു. മർക്കോ.11:14 "ഇനി നിന്നിൽ നിന്ന് ആരും ഫലം തിന്നാതിരിക്കട്ടെ."

മർക്കോ.11:20 "രാവിലെ അവർ കടന്നുപോകുമ്പോൾ അത്തി 'വേരോടെ' ഉണങ്ങിപ്പോയത് കണ്ടു. ഇവിടെ മലയാള പരിഭാഷയിലേക്ക് വന്നപ്പോൾ വളരെ ചെറിയ ഒരു വ്യത്യാസം വന്നുപോയിരിക്കുന്നു. എങ്കിലും നമ്മൾ ഈ എഴുതുന്ന കാര്യവുമായുള്ള ബന്ധത്തിൽ അത് വളരെ പ്രധാനപ്പെട്ടതാണ്. അത്തി വേരൊടെ ഉണങ്ങിപ്പോയി എന്നതല്ല ശരി; വേരു മുതൽ ഉണങ്ങിപ്പോയി എന്നാണ്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ഇങ്ങനെയാണ്. And in the morning, as they passed by, they saw the fig tree dried up "from the roots.'' ഫ്രം ദ റൂട്ട്സ് ആണ്. അതായത് വേരൊടെ എന്നല്ല വേരു മുതൽ മുകളിലേക്ക് എന്നാണ് മനസ്സിലാക്കേണ്ട അർത്ഥം. വേരുകൾ ഉണങ്ങിയിരുന്നില്ല. എങ്കിലും അത്തി ഉണങ്ങിപ്പോയി. നശിച്ചുപോയി. അവരുടെ രക്തപാതകങ്ങൾ! തങ്ങളെ മോചിപ്പിക്കാൻ വന്നവനെ അവർ കൊന്നു. അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും വീണുകൊള്ളട്ടെ (മത്താ.27:25). ശാപം ചോദിച്ചു വാങ്ങി. കർത്താവ് മരിച്ചുകഴിഞ്ഞ് നാല്പത് വർഷം അവരുടെ പ്രാബേഷൻ പീരിയഡ് ആയിരുന്നു. പരിശോധനയുടെ സമയം. യാതൊരുവനും അനുതപിച്ചില്ല. സ്തേഫാനോസിനെ കൊന്നു. യാക്കോബിനെ കൊന്നു. AD 68-ൽ പത്രൊസിനെയും, പൗലൊസിനെയും കൊന്നു. ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. നാല്പതിന് പ്രത്യേകതയുണ്ട്. നാല്പത് രാവും പകലും ഉപവസിച്ചു; മോശെ നാല്പത് രാവും പകലും ദൈവത്തോട് കൂടെയിരുന്നു, നാല്പത് വർഷം മരുഭൂമിയിലൂടെ നടത്തി.

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

നാല്പത് ദിവസം ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാരുടെ കൂടെയിരുന്നു. വേറെയും ധാരാളം ഉദാഹരണങ്ങൾ ബൈബിളിൽ നാല്പതിനോട് ബന്ധപ്പെട്ട് കാണാൻ കഴിയും. എ.ഡി 70–ൽ തീത്തോസ് കൈസർ യേശുവിന്റെ മരണശേഷം നാല്പത് വർഷം കഴിഞ്ഞപ്പോൾ യിസ്രായേലിനെ നാമാവശേഷമാക്കി. മർക്കോ.11:20 ഉണങ്ങിപ്പോയി, ബന്ധം വിട്ട അസ്ഥികൾ പോലെ തമ്മിൽ തമ്മിൽ ബന്ധമില്ലാതെയായി. ചിതറിക്കപ്പെട്ടു. ഉണങ്ങിവരണ്ടുപോയി. അനുസരണക്കേടിന് ശിക്ഷ കൊടുത്തു. ലേവ്യാ.26:33 ''ഞാൻ നിങ്ങളെ മറ്റു ജാതികളുടെയിടയിൽ ചിതറിച്ച് നിങ്ങളുടെ പിന്നാലെ വാൾ ഊരും; നിങ്ങളുടെ ദേശം ശൂന്യമായും നിങ്ങളുടെ പട്ടണങ്ങൾ പാഴ്നിലമായും കിടക്കും. ലോകത്തിന്റെ ദൃഷ്ടിയിൽ ഓ... അത്തി ഉണങ്ങിപ്പോയി. അതിനി ശേഷിക്കുകയില്ല. എന്നാൽ അതിന്റെ വേരുകളിൽ ജീവനുണ്ട്; മറഞ്ഞുകിടക്കുന്ന വേരുകൾ ചലിക്കാൻ തുടങ്ങും. ബാക്കിയായ ശേഷിപ്പുണ്ട്. യേശ.37:31 "യഹൂദാ ഗൃഹത്തിൽ രക്ഷിക്കപ്പെട്ട ഒരു ശേഷിപ്പ് വീണ്ടും താഴെ വേരൂന്നി മീതെ ഫലം കായ്ക്കും".

യിസ്രയേൽ തീരില്ല. യഹൂദന് വംശനാശം സംഭവിക്കുകയില്ല. അവരുടെ പ്രവൃത്തികളല്ല കാരണം. ദൈവം അവരോട് ചെയ്ത നിത്യനിയമം. സങ്കീ.105:9,10 വാക്യങ്ങൾ "അവൻ അബ്രഹാമിനോട് ചെയ്ത നിയമവും യിസഹാക്കിനേട് ചെയ്ത സത്യവും തന്നെ; അതിനെ അവൻ യാക്കോബിന് ഒരു ചട്ടമായും യിസ്രയേലിന് ഒരു നിത്യനിയമമായും തന്നെ." ദൈവം ഈ നിത്യനിയമം ഓർത്തു. യിസ്രയേലിന്റെ വേരുകൾ ചലിച്ചു. എപ്പോഴാണെന്നോ; ലേവ്യ.26:42 "അവർ തങ്ങളുടെ അനുസരണക്കേടിനുള്ള ശിക്ഷ അനുഭവിച്ചുകഴിഞ്ഞാൽ ഞാൻ യാക്കോബിനോടുള്ള എന്റെ നിയമവും അബ്രഹാമിനോടുള്ള എന്റെ നിയമവും ഞാൻ ഓർക്കും; ദേശത്തെയും ഞാൻ ഓർക്കും". അതേ ശിക്ഷ ഏറ്റെടുത്ത് അവർ നിലവിളിച്ചു. ദൈവം തന്റെ ജനത്തെ ഓർത്തു. നാനൂറ് വർഷത്തെ മിസ്രയീം ആധിപത്യത്തിൽ നിന്നും അവരെ കൈവിടാതെ മോചിപ്പിച്ചുകൊണ്ടു വന്നതുപോലെ അവൻ അവരെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിച്ചു."ഈ വിധത്തിൽ യിസ്രയേൽ മക്കൾ വളരെ കാലം രാജാവില്ലാതെയും, പ്രഭുവില്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഏഫോദില്ലാതെയും (പുരോഹിതനില്ലാതെയും) ഗൃഹബിംബമില്ലാതെയും ഇരിക്കും'' (ഹോശെ.3:4,5). ഇത് പ്രവചനമാണ്. അത് സംഭവിച്ചേ തീരൂ.

യിസ്രയേൽ സകല ജനപദങ്ങളുടെയും ഇടയിൽ അഡ്രസ്സ് ഇല്ലാതെ കിടക്കുകയാണ്. ഈ സമയത്ത് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. യിസ്രായേലിന്റെ വേരുകളെ ചലിപ്പിക്കുവാൻ ദൈവം ആ യുദ്ധത്തെ ഉപയോഗിക്കുകയാണ്. 1914 മുതൽ 18 വരെ 5 വർഷം നീണ്ടുനിന്ന മഹായുദ്ധം. ബ്രിട്ടൻ ഫ്രാൻസ്, റഷ്യ ഇറ്റലി മുതലായ രാജ്യങ്ങൾ ഒരു വശത്തും ജർമ്മനിയുടെ നേതൃത്വത്തിൽ ആസ്ട്രിയ, ഹംഗറി, ഓട്ടോമാൻ എംബയർ (തുർക്കി), ബൾഗേറിയ ഉൾപ്പെടെയുള്ള രാജ്യങ്ങൾ മറുവശത്തും. വിസ്താരഭയത്താൽ ഈ ലേഖനത്തിന് ആവശ്യമുള്ളത് മാത്രം ചുരുക്കിയെഴുതട്ടെ. ശബ്ദരൂക്ഷിതമായ യുദ്ധമെന്ന് ഇതിനെ വിശേഷിപ്പിക്കാം. കാരണം ഏറ്റവുമധികം വെടിമരുന്നുകളും, പീരങ്കികളുമെല്ലാം ഉപയോഗിക്കപ്പെട്ട ഒരു യുദ്ധമായിരുന്നു ഒന്നാം ലോകമഹായുദ്ധം. ഇവിടെ മറഞ്ഞുകിടന്നിരുന്ന വേരുകൾ അല്പമൊന്ന് ചലിക്കാൻ ഇടയാക്കിയ ചില സംഭവങ്ങൾ സംജാതമാകുകയാണ്. തെക്കേ അമേരിക്കൻ രാജ്യമായ 'ചിലി' യിൽ നിന്നാണ് ബ്രിട്ടൻ യുദ്ധത്തിനാവശ്യമായ വെടിമരുന്ന് കൊണ്ടുവന്നിരുന്നത്. എന്നാൽ ഈ ജലപാത ജർമ്മനി ഉപരോധിച്ചതോടുകൂടി ഗ്രേറ്റ് ബ്രിട്ടന് വെടിമരുന്ന് കിട്ടാതെയായി. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം യുദ്ധത്തിൽ പാരജയപ്പെടുമെന്ന അവസ്ഥയിൽ, ബ്രിട്ടനിലെ ഒരു യഹൂദാ കെമിസ്റ്റായിരുന്ന ഖിയാം വൈസ്മെൻ എന്ന ശാസ്ത്രജ്ഞൻ ഒരു രാത്രി മുഴുവൻ മുട്ടിൻമേൽ നിന്ന് തന്റെ പിതാക്കന്മാരുടെ ദൈവത്തോട് പ്രാർത്ഥിച്ചു. പിന്നീട് അദ്ദേഹം നടത്തിയ ചില പരീക്ഷണങ്ങളിൽ വായുവിലെ അറുപത് ശതമാനം നൈട്രജനും ചില വാതകങ്ങളും പദാർത്ഥങ്ങളും ഒരു പ്രത്യേക അനുപാതത്തിൽ യോജിപ്പിച്ച് TNT എന്ന എക്സ്പ്ലോസീവ് ഇവിടെത്തന്നെ ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചു. 1863–ൽ തന്നെ ജർമ്മനി ഇത് കണ്ടുപിടിച്ചിരുന്നു. മാരക സ്ഫോടകശേഷിയുള്ള ഈ പദാർത്ഥത്തിന്റെ ഉപയോഗം ബ്രിട്ടനെ യുദ്ധം ജയിക്കാൻ ഏറെ സഹായിച്ചു. ബ്രിട്ടീഷ് ഗവൺമെന്റ് ഖിയാം വൈസ്മേനോട് ചോദിച്ചു. ഞങ്ങളെങ്ങനെയാണ് നിങ്ങളെ ആദരിക്കേണ്ടത്. അദ്ദേഹം പറഞ്ഞു എനിക്ക് യാതൊന്നും വേണ്ടാ; എന്നാൽ നിങ്ങൾ എന്നെ ആദരിക്കുന്നുവെങ്കിൽ ലോകമെമ്പാടും ചിതറിക്കിടക്കുന്ന എന്റെ ജനത്തിന് പാലസ്തീനിൽ ഒരു മാതൃരാജ്യം അനുവദിച്ചുതരേണം.

അന്നത്തെ ബ്രിട്ടന്റെ ഫോറിൻ സെക്രട്ടറിയായിരുന്ന

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

'ആർതർ ബാൽഫോർ' ബ്രിട്ടീഷ് ഗവൺമെന്റിൽ ഈ ആവശ്യം ഒരു പബ്ലിക്സ്റ്റേറ്റ്മെന്റായി അവതരിപ്പിച്ച് പാസ്സാക്കി. 1917 നവംബർ 2-ന് അവതരിപ്പിച്ച ഈ രേഖയെ ബാൽഫോർ ഡിക്ലറേഷൻ എന്നാണ് അറിയപ്പെടുന്നത്. യഹൂദന്മാർക്ക് പാലസ്തീനിൽ ഒരു ദേശീയ ഭവനം (national home) ഉണ്ടാകുവാൻ ബ്രിട്ടൻ സപ്പോർട്ട് ചെയ്യുന്നു എന്നതാണ് ഇതിന്റെ ഉള്ളടക്കം. നാനൂറ് വർഷം തുർക്കികളുടെ ആധിപത്യത്തിൽ കിടന്ന പാലസ്തീന്റെ മണ്ണിൽ, യിസ്രയേലിന്റെ വാഗ്ദത്തദേശത്ത് യഹൂദന് സ്വന്തമായി ഒരു രാജ്യം! ഫീൽഡ് മാർഷൽ ജനറൽ എഡ്മണ്ട് ഹെൻട്രി ഹൈമെൻ അലൻബീ എന്ന ഇടപ്രഭുവായ പട്ടാളക്കാരന്റെ നേതൃത്വത്തിൽ ഒരു യുദ്ധവും കൂടാതെ തുർക്കികൾ പിന്മാറി. 1917 ഡിസംബർ മാസം 11-ാം തീയ്യതി സ്വന്തമെന്ന് പറയാൻ ഒരു പിടി മണ്ണ് യഹൂദന് ലഭിക്കുകയാണ്.

നാനാ ദേശങ്ങളിൽ ചിതറിക്കിടക്കുന്ന യഹൂദർ അവിടേക്ക് കുടിയേറാൻ തുടങ്ങി. അവർ ഒരു ജനതയാവുകയാണ്. എന്നാൽ ചരിത്രം അവിടെയും യഹൂദനെ ചതിച്ചു. ബ്രിട്ടൻ കാലുമാറി. തങ്ങൾക്ക് അനുവദിച്ചു കിട്ടിയ മണ്ണ് അറബികളെ പ്രീതിപ്പെടുത്താൻ വേണ്ടി മൂന്നായി വിഭജിച്ച് രണ്ട് ഭാഗമെടുത്ത് യോർദ്ദാൻ എന്ന രാജ്യമുണ്ടാക്കി. ബാക്കി ഒരുഭാഗംകൊണ്ട് യഹൂദന് തൃപ്തിപ്പെടേണ്ടിവന്നു. എന്നാലും അവർ പരാതി പറഞ്ഞില്ല. സന്തോഷത്തോടെ സ്വീകരിച്ചു. കാരണം അതൊരു പ്രവചനനിവൃത്തിയായിരുന്നു. യിര.49:1,2 വാക്യങ്ങൾ അമോന്യരെക്കുറിച്ചുള്ള അരുളപ്പാട് (അമ്മോൻ ജോർദ്ദാന്റെ തലസ്ഥാനം) "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. യിസ്രായേലിന് പുത്രന്മാരില്ലയോ? അവന് അവകാശിയില്ലയോ? പിന്നെ മൽക്കോം ഗാദിനെ കൈവശമാക്കി, അവന്റെ ജനം അതിലെ പട്ടണങ്ങളിൽ പാർക്കുന്നതെന്ത്? ആകയാൽ ഞാൻ അമോന്യരുടെ രബ്ബയിൽ യുദ്ധത്തിന്റെ ആർപ്പുവിളി കേൾപ്പിക്കുന്ന കാലം വരുന്നു......... യിസ്രയേൽ തന്നെ കൈവശമാക്കിയവരെ കൈവശമാക്കും എന്ന് യഹോവയുടെ അരുളപ്പാട്." അതേ, യിസ്രയേൽ തനിക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ പിടിക്കുകതന്നെ ചെയ്യും. എന്നാൽ അവിടംകൊണ്ടും പ്രശ്നം തീർന്നില്ല. ബ്രിട്ടനും അറബികളും ചേർന്ന് യഹൂദരെ പീഡിപ്പിച്ചു. പിടിച്ചുനിൽക്കാൻ രക്ഷയില്ല. അനേകർ പാലായനം ചെയ്തു. ഏകദേശം 900-ഓളം ആളുകൾ രക്ഷപ്പെടാൻവേണ്ടി കയറിയ ഒരു കപ്പൽ തീരത്തടുക്കാൻ ബ്രിട്ടനും ജർമ്മനിയും സമ്മതിച്ചില്ല. ആ കപ്പൽ മുങ്ങി. അനേകർ കാലയവനികക്കുള്ളിൽ മറഞ്ഞു. രണ്ടാംലോകമഹായുദ്ധം കൊടുമ്പിരികൊണ്ടു. 1939-45 നാനാഭാഗത്തുനിന്നും യഹൂദൻ പീഡിപ്പിക്കപ്പെട്ടു. ബ്രിട്ടനും, അറബികളും, പോളണ്ടും, ജർമ്മനിയും യിസ്രായേലിനെ വേട്ടയാടി. പോളണ്ടിൽത്തന്നെ പത്ത് ലക്ഷത്തോളം യഹൂദർ ഗ്യാസ്ചേംബറിൽ കൊല്ലപ്പെട്ടു. ജർമ്മനിയുടെ ഭരണാധികാരിയായ അഡോൾഫ് ഹിറ്റ്ലറും അദ്ദേഹത്തിന്റെ സെക്രട്ടറി അഡോൾഫ് ഐക്കുമാനും ചേർന്ന് അറുപത് ലക്ഷത്തോളം യഹൂദന്മാരെ കൊന്നൊടുക്കി. കോൺസെൻട്രേഷൻ ക്യാമ്പുകളിൽ നൂറ് പേർക്ക് താമസിക്കാനുള്ള ഇടങ്ങളിൽ അയ്യായിരം ആളുകളെ പാർപ്പിച്ചു. സ്വന്തം മലമൂത്ര വിസർജ്ജ്യങ്ങളിൽ അവർ കിടന്നു. അവരുടെ സ്ത്രീകളെ നഗരാക്കി, വലിയ വേലികെട്ട മൈതാനത്തേക്ക് കയറ്റിവിട്ട് അതിലേക്ക് വേട്ടപ്പട്ടികളെ തുറന്നു വിട്ടു. നൂറ് പേർക്കുപോലും നിൽക്കാൻ ഇടമില്ലാത്ത വാഗണുകളിൽ ആയിരം പേരെ കയറ്റി എളുപ്പത്തിൽ കൊല്ലുന്നതിനുവേണ്ടി അതിലേക്ക് യാത്രയിൽ വണ്ടിയുടെ പുകക്കുഴലുകൾ തുറന്നുവെച്ചു. അവർ നിന്നുകൊണ്ട് മരിച്ചു. ആ വാഹനത്തിൽ ആരും അവശേഷിച്ചില്ല.

ഈ ഞെരുക്കങ്ങളുടെയിടയിലും ദൈവം തങ്ങളെ തിരിച്ചുകൊണ്ടുവരുമെന്ന് വിശ്വസിച്ച യഹൂദൻ തങ്ങൾക്ക് അനുവദിച്ചുകിട്ടിയ മണ്ണിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും നുഴഞ്ഞുകയറി 1897-ൽ സ്ഥാപിതമായ സയോണിസ്റ്റ് മൂവ്മെന്റ് (Zionist movement) - ഉം അവരെ എൻകറേജ് ചെയ്തു. യിസ്രയേലിന്റെ പുനരധിവാസത്തിനും പീഡിപ്പിക്കപ്പെടുന്ന യഹൂദന്മാരുടെ കാര്യങ്ങളിൽ ഇടപെടുവാനും അവരെ സഹായിക്കാനുമായി രൂപം കൊണ്ട ഒരു സംഘടനയാണ് സയോണിസ്റ്റ് മൂവ്മെന്റ്. രണ്ടാം ലോകമഹായുദ്ധം 1945-ൽ അവസാനിച്ചു. 1947 ഓഗസ്റ്റ് 15 ഇന്ത്യ സ്വതന്ത്രയായി. എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടി ഇത്രയും യാതനകൾ സഹിച്ച യഹൂദന്, ദൈവത്തിന്റെ സ്വന്തം ജനത്തിന് യിസ്രയേൽ എന്ന സ്വതന്ത്ര സ്റ്റേറ്റിന്റെ പ്രഖ്യാപനത്തിനുവേണ്ടി പിന്നെയും ഒരു വർഷവുംകൂടി കാത്തിരിക്കേണ്ടിവന്നു. 1948 മെയ്മാസം 14-ാം തീയ്യതി ടെൽ

# അത്തിമരത്തിന്റെ വേരുകൾ ചലിച്ചപ്പോൾ

പാ.ജോണി പാറപ്പുറത്ത്

അവീവിലെ മ്യൂസിയത്തിൽ ഒത്തുചേർന്ന പൗരാവലിയുടെ സാന്നിധ്യത്തിൽ യിസ്രയേലിന്റെ പ്രഥമ പ്രധാനമന്ത്രിയായിത്തീർന്ന ഡേവിഡ് ബെൻ – ഗൂറിയോൺ യിസ്രയേലിന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബ്രിട്ടീഷുകാരുടെ ആധിപത്യം അവസാനിച്ചു. എന്നാൽ സ്ത്രീ പ്രസവിക്കുന്ന ശിശുവിനെ വിഴുങ്ങാൻ സർപ്പം വായ് പിളർന്നു നിന്നു എന്ന് ബൈബിൾ പറയുന്നതുപോലെ യിസ്രയേൽ എന്ന നവജാതശിശുവിനെ വിഴുങ്ങാൻ അറബിപ്പട കച്ചകെട്ടിയിറങ്ങി. 14 ാം തീയതി രാത്രി സ്വാതന്ത്യം; 15ാം തീയതി രാവിലെ യുദ്ധം. 15 ലക്ഷം ആയുധ ധാരികളായ അറബികൾ. ആകെ 65000–ത്തോളം മാത്രം വരുന്ന യിസ്രായേൽക്കാർ . അതിൽ യുദ്ധം ചെയ്യാൻ പ്രാപ്തരായവർ 30000 പേർ മാത്രം. യഹൂദനെ ഭൂമുഖത്തുനിന്നും തുടച്ചുമാറ്റി യിസ്രയേലിനെ ഭൂപടത്തിൽ നിന്നും മായിച്ചുകളഞ്ഞല്ലാതെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചില്ല എന്നു പറഞ്ഞിറങ്ങിയവർ ഇന്നും തിരിച്ചുവീട്ടിലെത്താതെ വഴിയോരങ്ങളിൽ കഴിയുന്നു. പലസ്തീൻകാർ! 15 ലക്ഷം ആയുധധാരികളോട് വേണ്ടത്ര ആയുധങ്ങളൊന്നുമില്ലാത്ത 30000 എങ്ങനെ യുദ്ധം ചെയ്തു! എങ്ങനെ അവർ ജയിച്ചു?

ദൈവം അവരോട് ചെയ്ത നിത്യനിയമം ഓർത്തു. ഉണങ്ങിപ്പോയി എന്ന് ലോകം കരുതിയ വൃക്ഷത്തിന്റെ താഴേക്കുള്ള പച്ചപ്പുള്ള വേരുകൾ ചലിക്കാൻ തുടങ്ങി. ആമോസ് പ്രവാചകന്റെ പുസ്തകം "ഞാൻ അവരെ മടക്കിവരുത്തും" 9:14,15 വാക്യങ്ങൾ, "അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രയേലിന്റെ പ്രവാസികളെ മടക്കിവരുത്തും; ശൂന്യമായിപ്പോയിരുന്ന പട്ടണങ്ങൾ അവർ പണിത് പാർക്കുകയും മുന്തിരിതോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞ് കുടിക്കുകയും തോട്ടങ്ങളുണ്ടാക്കി അവയിലെ ഫലം അനുഭവിക്കുകയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്ത് നടും; ഞാൻ അവർക്ക് കൊടുത്തിരിക്കുന്ന ദേശത്തുനിന്ന് അവരെ ഇനി പറിച്ചുകളയുകയുമില്ല" എന്ന് നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. അതേ! ഇത് യഹോവയുടെ അരുളപ്പാടാണ്. അവന്റെ വാഗ്ദത്തമാണ്! അവരെ ആർക്കും പറിച്ചുകളയുവാൻ കഴിയുകയില്ല. ഏറ്റവും വരണ്ടതായി കാണപ്പെട്ട പരസ്പരബന്ധം വിട്ടുപോയ അസ്ഥിക്കഷണങ്ങളിൽ നാലു ദിക്കിലെയും നാല് കാറ്റ് ഊതിയപ്പോൾ ആ നിഹിതന്മാരിൽ ശ്വാസം വന്നു നിറഞ്ഞു; അവയുടെമേൽ ഞരമ്പും മാംസവും വന്നു ത്വക്കുകൊണ്ടു പൊതിയപ്പെട്ടു (യെഹ.37:8) അവർ ജീവിച്ച് ഏറ്റവും വലിയ സൈന്യമായി നിവർന്നുനിന്നു. അവരെ ആർക്കും ഇനി തോൽപ്പിച്ചുകൂടാ (യെഹ.37:10).

യിസ്രയേൽ എന്ന ഒരു കൊച്ചുരാഷ്ട്രം ഇപ്പോൾ ആകെ ജനം 85 ലക്ഷം. യഹൂദന്മാർ 65 ലക്ഷം, അറബികൾ 15 ലക്ഷം, ക്രിസ്ത്യാനികൾ 2 ലക്ഷം മറ്റുള്ളവർ 3 ലക്ഷം. കേരളത്തിലെ ജനസംഖ്യ മൂന്നര കോടി. യിസ്രായേൽ ഒരു കോടി പോലുമില്ല. കേരളത്തിന്റെ വിസ്തീർണ്ണം 40,000 ച.കിലോമീറ്റർ ആണെങ്കിൽ യിസ്രയേൽ രാജ്യത്തിന്റെ ആകെ വിസ്തീർണ്ണം 20,000 ച.കിലൊമീറ്റർ. കേരളത്തിലെ രണ്ടോ മൂന്നോ ജില്ലകളുടെ മാത്രം വലിപ്പമുള്ള ഒരു രാജ്യം. എന്നാൽ ആ കൊച്ചുരാജ്യത്തെ അമേരിയ്ക്കക്കുപോലും ഭയമാണ്. വർഷങ്ങളായി അറബിരാജ്യങ്ങൾ ഒത്തുചേർന്ന് അവരോട് യുദ്ധം ചെയ്യുന്നു. ആർക്കും അവരെ തോല്പിച്ചുകൂടാ. കാരണം അവർ പുനരധിവസിപ്പിക്കപ്പെട്ട, ദൈവത്തിന്റെ സ്വന്തം ജനമാണ്. അമേരിക്കയുടെ CIA യും റഷ്യയുടെ KGB യും യിസ്രായേലിന്റെ രഹസ്യാന്വേഷണസംഘടനയായ മൊസ്സാദിന്റെ മുമ്പിൽ നിഷ്പ്രഭമാണ്. ആയുധവിദ്യയിലും യുദ്ധതന്ത്രങ്ങളിലും അവരെ വെല്ലാൻ ആരുമില്ല. 46 സംവത്സരംകൊണ്ട് പണിത തങ്ങളുടെ ദേവാലയം മൂന്നു ദിവസം കൊണ്ട് പണിയാൻ ഇന്നവർ ശക്തരാണ്.

എന്നാലിതാ ദശരാഷ്ട്രസഖ്യമുൾപ്പെടെ ലോക ശക്തികൾ വാഗ്ദത്തനാടിനെതിരെ വരാൻ പോകുന്നു. "ചൂള പോലെ കത്തുന്ന ഒരു ദിനം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കൊ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും" (മലാ.4:1,2). യുദ്ധവീരനായ കർത്താവ് തന്റെ ജനത്തെ രക്ഷിക്കാൻ ഒലിവുമലയിൽ അവന്റെ പാദം സ്പർശിക്കാൻ പോകുന്നു. അതിനുമുമ്പ് സഭ എടുക്കപ്പെടണം. ഉൾപ്രാപണത്തിൽ എടുക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ചേർക്കപ്പെടുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ? ആത്മശോധന ചെയ്യാം............ പ്രാർത്ഥിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.



# സത്യാരാധന

**പാ.രാധാകൃഷ്ണൻ** (ചർച്ച് ഓഫ് ഇറ്റേണിറ്റി തൃപ്പൂണിത്തുറ)

'ആസേതു ഹിമാചലം' നീണ്ടുകിടക്കുന്ന ഒരു രാജ്യത്തിന്റെ ആദ്ധ്യാത്മിക ചരിത്രത്തിൽ നിന്നും കളഭക്കുറി മായ്ച്ചുകളഞ്ഞെഴുന്നേറ്റ ഒരു സവർണ്ണനായിരുന്നു ഞാൻ. എന്നാൽ വഴി തെറ്റി അലഞ്ഞ ആ പൂർവ്വാബദ്ധ ചരിത്രങ്ങളെയൊന്നും ഈ വേള പറയുവാൻ തുനിയാതെ ഹൃദയത്തിൽ അലതല്ലുന്ന ആത്മസന്തോഷത്തിന്റെ കാരണമായ സാക്ഷ്യം വിലയേറിയതായതിനാൽ അതിനായി ശ്രമിക്കട്ടെ.

ഉമ്മറപ്പടിയുടെ കീഴെ സന്ധ്യാവേളയിൽ കത്തിച്ചു വെച്ചിരുന്ന നെയ്‌വിളക്കിന്റെ വെളിച്ചത്തെ നിഷ്പ്രഭമാക്കുമാറ് സത്യവെളിച്ചം എന്റെ കണ്ണുകൾക്ക് നേർക്കാഴ്ച നൽകുകയും 'രാമ' ജപത്തിൽ കിട്ടാത്ത യഥാർത്ഥ ആനന്ദം ഏകസത്യദൈവത്തിൽ ആസ്വദിക്കുകയും ചെയ്യവെ ജീവിതം ധന്യമാക്കപ്പെടുകയായിരുന്നു. മൺപുറ്റുകൾക്കുള്ളിൽ തപം ചെയ്ത (വാത്മീകി) മാമുനിയുടെ ഇതിഹാസങ്ങളെ പാടിത്തിമിർക്കുന്ന ഒരു പറ്റം ജനം അറിയുന്നുവൊ കഥയല്ല കാര്യമെന്ന്. സപ്തവർണ്ണങ്ങളിൽ ആലേഖനം ചെയ്യാൻ പറ്റുമൊ സത്യസ്വരൂപനെ!

ദൂരെ പടിഞ്ഞാറ് ജൂതന്റെ പാഠപുസ്തകത്തിൽ, തങ്ങൾ ഒരുവേള അഭയം നൽകിയ, സമസ്തരുടെയും നന്മയ്ക്കായി പ്രാർത്ഥിക്കുന്ന കിഴക്കിന്റെ ദേശത്തെക്കുറിച്ച് – ഭാരതത്തെക്കുറിച്ച് അവർ എഴുതിയത് അഭിമാനത്തോടെ പറഞ്ഞുകേൾക്കവെ അതിൽ സന്തോഷമുണ്ടെങ്കിലും എന്റെ രാജ്യം അറിയുന്നുവൊ സത്യദൈവത്തെ? "എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു" (റോമ.3:11). "ദൈവത്തെ അന്വേഷിക്കുന്നവൻ ഒരുവൻ പോലുമില്ല" (സങ്കീ.14:2,3) എന്നതും എന്റെ ജനം കേൾക്കുമോ? കേട്ടാലുള്ള പ്രതികരണം എന്തായിരിക്കും! സ്തേഫാനോസ് എന്ന വിശുദ്ധന് നേരെ കയ്യിൽ കല്ലുകളുമായി കോപാവേശത്തോടുകൂടി പല്ല് കടിച്ച് പാഞ്ഞുചെന്ന ജനത്തെപ്പോലെ, വലിച്ചുകീറിക്കളയുവാൻ തക്ക ക്രോധത്തോടെ പുറപ്പെട്ടുവരാതിരിക്കുമോ? 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' കൽക്കെട്ടിടങ്ങൾക്കുള്ളിൽ ഒളിച്ചിരിക്കുന്നുവോ ദൈവം! അശരണനെ രക്ഷിക്കുവാൻ പ്രത്യക്ഷപ്പെടാത്ത ദേവൻ എങ്ങനെ ദൈവമാകും? കണ്ണീരൊപ്പാൻ നിന്റെ തളർന്നുറഞ്ഞുപോയ കൈ എന്നെങ്കിലും ചലിക്കുമോ? നിന്റെ അടഞ്ഞ വായ്ക്കുള്ളിൽ നാവുണ്ടോ? ഉരിയാടാൻ തൊണ്ടയുണ്ടോ? അവ നിർമ്മിച്ചവനും അവനേപ്പോലെ തന്നെയല്ലേ. ആരാധനയ്ക്ക് യോഗ്യനായ സത്യദൈവത്തെ വെളിപ്പെട്ടുകിട്ടവെ ജനം കാളക്കുട്ടിയെ വർത്തുണ്ടാക്കി ആരാധിക്കുന്നതെന്തേ? "അവർ ഉണ്ടാക്കിയിരുന്ന കാളക്കുട്ടിയെ അവൻ എടുത്ത് തീയിൽ ഇട്ട് ചുട്ടു. അരച്ചുപൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രയേൽമക്കളെ കുടിപ്പിച്ചു" (പുറ.32:20) എന്നത് മോശെയിലുപരി ദൈവത്തിന്റെ കോപം തന്നെയല്ലേ! ജ്ഞാനികളെന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയത് (റോമ.1:22) സ്രഷ്ടാവിനുപകരം സൃഷ്ടിയെ ആരാധിച്ചതുകൊണ്ടാണ്. ഇതൊരു ദേശത്തിന്റെ കഥയല്ല. ഒരു ജാതിയുടെ മാത്രം ചരിത്രവുമല്ല, യഥാർത്ഥ വഴിയേതെന്ന് അറിയാതെ ഉഴലുന്ന പെരുവഴിയിൽ നെട്ടോട്ടമോടുന്ന ബഹുഭൂരിപക്ഷം വരുന്ന മാനവന്റെ ചരിത്രമാണ്. ലോകമതങ്ങൾ ജീവജലത്തിന്റെ ഉറവയെവിട്ട് വെള്ളമില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയാണ് (യിര.2:13, യോഹ.4:13,14). ഏകദൈവവിശ്വാസത്തിന്റെ വക്താക്കൾ പോലും ആ ഏകന്റെ വിശ്വസനീയമായ സർവ്വഗുണങ്ങളും വർണ്ണിക്കുമ്പോഴും സത്യദൈവത്തെ അറിയുവാനുള്ള ഏകമാർഗ്ഗത്തെ തള്ളി അവരവരുടെ വഴിയിൽ കയറിയിരുന്ന് 'കോതക്കുതോന്നിയത് പാട്ടാക്കുകയാണ്'. പരിശുദ്ധനായവനെ അറിയാതെ അവനെ ആരാധിക്കുന്നത് എങ്ങനെയാണ്?

ദൈവമില്ലെന്ന് ശഠിക്കുന്ന യുക്തിവാദിയും ദൈവമുണ്ടെന്ന് പറഞ്ഞ് ദൈവമല്ലാത്തതിന്റെ മുമ്പിൽ കുമ്പിടുന്നവനും തമ്മിൽ എന്തുഭേദം! ഈ പ്രകൃതിയിൽ ജനിച്ച മനുഷ്യന് ദൈവകൃപ ലഭിച്ച് ആത്മാവുസംബന്ധിച്ച്




# സത്യാരാധന

## പാ.രാധാകൃഷ്ണൻ

ഒരു പുതുസൃഷ്ടിയായി ഉള്ളിൽ ജനിച്ചുണരാത്ത പക്ഷം അവന്റെ ചിന്തയും വാക്കും പ്രവൃത്തിയും ലോകപരമാണ്. പാപപ്രകൃതിയുള്ള മനുഷ്യന്റെ സ്വയമേയുള്ള ഏതു പരിശ്രമത്താലും അവന് ദൈവത്തെക്കുറിച്ച് ഗ്രഹിക്കാവുന്നതല്ല; അവന്റെ തപസ്സും ഗാനാലാപവും ജഡത്തെ രസിപ്പിക്കുന്നതിലുപരി യാതൊന്നുമല്ല. ലോകത്തിൽ പല ദേശങ്ങളിൽ, ഭാഷകളിൽ ചിതറിക്കിടക്കുന്ന മനുഷ്യസമൂഹങ്ങൾക്ക് വ്യത്യസ്തങ്ങളായ അറിവുകളാണ് ദൈവത്തെക്കുറിച്ചുള്ളത്; അതിനനുസരിച്ചുള്ള ആരാധനാ രീതികളുമാണ് അവർ അവലംബിക്കുന്നത്.

**ലോകമതങ്ങളിലെ വ്യത്യസ്ത ആരാധനാരീതികൾ**

'ലോകം മിഥ്യ ആത്മം സത്യം' എന്ന സൂക്തത്തിന്റെ പൊരുളിൽ നിന്നുകൊണ്ടുള്ള ആത്മാന്വേഷണതപസ്സും ഹവിസർപ്പിച്ചുംകൊണ്ടുള്ള യാഗങ്ങളും ഭാരതീയ ആത്മീയസംസ്ക്കാരത്തിന്റെ പൂർവ്വഭാഗമായിരുന്നു. ദൈവത്തിൽ വ്യക്തിത്വം ആരോപിക്കാത്ത ഒരു വിശ്വാസസംഹിതയാണ് ഇതിൽ ഉണ്ടായിരുന്നത്. കാലാന്തരേ, അവർ ആവിഷ്ക്കരിച്ച ആത്മതത്വങ്ങളെ അവലംബിച്ച് കഥാപാത്രചിത്രണം ചെയ്യുകയാലാണ് ഇതിഹാസങ്ങളും പുരാണങ്ങളുമുണ്ടായത്. ബഹുദൈവവിശ്വാസത്തിലധിഷ്ഠിതമായ ദേവീ – ദേവ സങ്കല്പങ്ങളിലൂന്നിയാണ് ഹിന്ദുമതത്തിന്റെ ആരാധനാരീതികൾ. പ്രാദേശികവും ഭാഷാവരവും വ്യത്യസ്ത സമുദായ വിഭാഗങ്ങൾക്കനുസരിച്ചുമുള്ള ശാസ്ത്രവും കലയും ഉൾച്ചേർന്ന വിവിധങ്ങളായ ആരാധനാ രീതികളാണ് ഇതിലുള്ളത്. സർവ്വത്തിലും ദൈവമിരിക്കയാൽ (സർവ്വഖിലംബ്രഹ്മ:) സകലത്തിലും ദൈവദർശനം ആരോപിക്കുന്ന കണ്ടെത്തലാണ് 'മുപ്പത്തുമുക്കോടിദൈവ' സങ്കല്പങ്ങളിൽ അവരെക്കൊണ്ടെത്തിച്ചത്. മറ്റൊരു രീതിയിൽ ധർമ്മശാസ്ത്രത്തിലധിഷ്ഠിതമായ ജീവിതരീതിയാണ് ആത്മമോക്ഷദായകമായ നാല് ആശ്രമങ്ങളിലൂടെ (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം) മുക്തിയുദ്ദേശിക്കുന്നത്. ധർമ്മത്തിന് വിപരീതമല്ലാത്ത രീതിയിൽ പുരുഷാർത്ഥസിദ്ധി (ധർമ്മം, അർത്ഥം, കാമം, മോക്ഷം) പ്രാപിച്ചുവേണം ആത്മസാക്ഷാത്ക്കാരം നേടാൻ എന്നതാണ് ഭാരതീയചിന്തയുടെ മറ്റൊരുവശം. ഇവ്വിധം ഇതൊക്കെയും ചുരുക്കിയെങ്കിലും എഴുതിയിരിക്കുന്നത് ഒരു യഥാർത്ഥ ആത്മീയന് വിവിധങ്ങളായ മതരീതികൾ വിവേചിച്ചറിയേണ്ടുന്നതിനാണ്. 'മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും ദൈവമിരിക്കുന്നു' എന്ന ബോധ്യം വെച്ചുപുലർത്തുന്നവർക്ക് മണ്ണിനെയും വിണ്ണിനെയും സൃഷ്ടിച്ചവനെ അറിയാതെപോയി. "ജ്ഞാനികൾ എന്ന് പറഞ്ഞുകൊണ്ട് അവർ മൂഢന്മാരായിപ്പോയി" (റോമ.1:22) എന്ന വേദവാക്യം സത്യം സംസാരിക്കുന്നു. മനുഷ്യന്റെ സ്വയത്തിലധിഷ്ഠിതമായ കർമ്മമാർഗ്ഗം ഒരുവനെയും ആത്മരക്ഷയിലേക്ക് നയിക്കുകയില്ല.

വടക്കേ ആഫ്രിക്കയുടെ ബഹുഭൂരിഭാഗവും മദ്ധ്യഏഷ്യയിലും, ഇന്തോനേഷ്യയിലും, മിഡിൽ ഈസ്റ്റിലും തെക്കനേഷ്യയിലും അധിവസിക്കുന്ന ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ മതവിഭാഗമാണ് ഇസ്ലാം. 1.6 ബില്യൺ ജനമാണ് ഇതിലുള്ളത്. ക്രിസ്ത്യാനിയാണ് ലോകത്തിലെ ഏറ്റവും വലിയ ജനവിഭാഗം. അംഗസംഖ്യ 2.2 ബില്യൺ.

മെക്കയിലെ ഖുറൈഷി ഗോത്രത്തിൽ ജനിച്ച മുഹമ്മദ് അവിടെ അവരുടെയിടയിൽ നിലനിന്ന ബഹുദൈവവിശ്വാസത്തിൽ നിന്നും ഏകദൈവവിശ്വാസത്തിലേക്ക് ആർഷിക്കപ്പെടുവാൻ ക്രിസ്തീയ മാർഗ്ഗവും യഹൂദ മതവും വളരെ സ്വാധീനിച്ചിട്ടുണ്ട്. ബൈസാന്റിയൻസഭയും യമനിലും മദീനയിലും അന്ന് ധാരാളമായി ഉണ്ടായിരുന്ന യഹൂദന്മാരാലും ബന്ധപ്പെടാൻ മുഹമ്മദിന് വലിയ സാധ്യതയുണ്ടായിരുന്നു. യഹൂദന്മാരുടെ തൽമൂദുകളിലെ ഉപദേശങ്ങളിൽ നിന്നും മുഹമ്മദ് വളരെയധികം ഗ്രഹിച്ചിട്ടുണ്ട്. ഇസ്ലാമിന്റെ ദൈവനിശ്വസ്തമായ നാല് ഗ്രന്ഥങ്ങളുണ്ട്. അവ, മോശെയുടെ തൗറത്ത്, ദാവീദിന്റെ സാബൂർ, യേശുവിന്റെ ഇൻജ്ജീൽ, മുഹമ്മദിന് ലഭിച്ച ഖുറാൻ. ഇതിൽ ആദ്യത്തെ മൂന്ന് ഗ്രന്ഥങ്ങളും യഹൂദരാലും ക്രിസ്ത്യാനികളാലും തിരുത്തപ്പെട്ടു എന്ന് ഇസ്ലാമികർ കരുതുകയും ദൈവത്തിന്റെ അന്തിമവെളിപാട് ഖുർ–ആൻ മാത്രമാണെന്നും അവർ അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. ഇസ്ലാം മതവിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗം 'അല്ലാഹു അല്ലാതെ വേറെ ദൈവമില്ല' എന്നതാണ്. അവൻ ഏകനാണ് (അൽ വാഹിദ്), അവൻ ഒരുവനാണ് (അൽ അഹദ്);

# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

പരമകാരുണികനാണ് (അൽ റഹ്മാൻ); കരുണാവാരിധി (അൽ-റഹീം) എന്നെല്ലാം ഉള്ള വിശേഷണങ്ങളും പ്രത്യക്ഷമായ വിഗ്രഹാരാധനയോടുള്ള എതിർപ്പും ദാനധർമ്മത്തിന് നൽകുന്ന പ്രാധാന്യവും ദിനവും അഞ്ചു നേരങ്ങളിലായുള്ള നമസ്ക്കാരവും ജനശ്രദ്ധ പിടിച്ചു പറ്റിയതിൽ അത്ഭുതമില്ല. ക്രിസ്തുവിന്റെ ദൈവത്വത്തെ പാടെ നിഷേധിക്കുകയും യേശുവിനേക്കാൾ ഉയർന്നവനായി മുഹമ്മദിനെ സ്വയം അവരോധിക്കുകയും ചെയ്യുന്നു ഖുറാൻ. യേശുവിന്റെ ക്രൂശിതമരണത്തെ അവർ തീർത്തും നിഷേധിക്കുകയും യേശു ദൈവപുത്രനല്ലെന്നും വാദിക്കുന്നു. ക്രിസ്തു മാർഗ്ഗത്തിനെതിരെ ലോകത്തിൽ ഏറ്റവും കൂടുതൽ ന്യായവാദം നടത്തുന്നവരായി ഇസ്ലാം ന്യായശാസ്ത്രിമാർ ഇന്ന് രംഗത്തുണ്ട്.

വിശുദ്ധവേദപുസ്തകത്തിലെ വലിയൊരു പ്രസ്താവനയാണ് "ദൈവം ഏകനാണ്" എന്നത്. (1 തിമൊ.1:16, 1 തിമൊ.2:5, യേശ.44:6, 45:25, 1 കൊരി.8:4, ഏഫേ.4:5, ആവ.6:4). എന്നാൽ "അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാണാൻ കഴിയാത്തവനുമായ" പരമപരിശുദ്ധനായ ദൈവത്തെ (1 തിമൊ.6:16, പുറ.33:20, 1 പത്രൊ.1:16, ലേവ്യ.20:26) പാപപ്രകൃതിയുള്ള മനുഷ്യൻ അറിയുന്നതെങ്ങനെ? ഉത്തരം ഒന്നേയുള്ളൂ. ക്രിസ്തുവിന്റെ വാക്കിനാലും പ്രവൃത്തിയിലും സമ്പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു. വിശ്വസിക്കുന്ന സകല മനുഷ്യർക്കും ദൈവത്തെ കേട്ട് ഗ്രഹിക്കുവാനും അറിയുവാനും കാണുവാനുമുള്ള ഏകമാർഗ്ഗമാണ് യേശു. യേശുവിന്റെ കാൽവരിയിലെ പരമയാഗം - അത് മനുഷ്യന്റെ ആന്തരിക ശുദ്ധീകരണത്തിനുള്ള ഏക യാഗമാണ്, മനുഷ്യന് ലഭിക്കുന്ന നീതീകരണവുമാണ്. ദൈവകൃപ ലഭിക്കുന്ന മനുഷ്യന് മാത്രമെ വെളിപാടുകളാൽ ഇത് ഗ്രഹിക്കുമാറാകുകയുള്ളൂ. സത്യദൈവത്തെ ക്രിസ്തുവിൽ അറിയാത്ത ഒരു മനുഷ്യനും ദൈവത്തെ ആരാധിക്കുന്നില്ല; മറിച്ച് കേവലം മതപരമായ അനുഷ്ഠാനങ്ങൾ മാത്രമായി അത് തരംതാണതാണ്.

നാം അധിവസിക്കുന്ന ദേശമായതിനാലാണ് ഭാരതീയ ദർശനങ്ങളെക്കുറിച്ചുള്ള ഒരു രത്നച്ചുരുക്കം ആദ്യമെഴുതിയത്. മനുഷ്യന്റെ സമ്പൂർണ്ണരക്ഷയുടെ ദൂതാണ് സുവിശേഷം; അത് ക്രിസ്തുവിന്റെ ജീവിതത്തിലൂടെ ആവിഷ്ക്കരിച്ചതായുള്ളത് മുഴുവനുമാണ് വേദപുസ്തകത്തിലുള്ളത്. അതിനെ നിഷേധിക്കുന്നവർ മോക്ഷമാർഗ്ഗത്തെ അടച്ചുകളയുകയാണ്. രണ്ടാമത് പ്രതിപാദിച്ച മതത്തിന്റെ സുകൃതങ്ങൾ ദൈവനീതിയെ നിഷേധിക്കുകയും ആത്മരക്ഷയെ വില മതിക്കാതെ തള്ളിക്കളയുകയുമാണ്. ഇവ രണ്ടിന്റെയും സമീപനങ്ങൾ ദൈവപ്രസാദമുളവാക്കുന്നതല്ല. സത്യാ രാധനയെ നിഷേധിക്കുന്ന പൊയ്മുഖങ്ങളാണ്. ബുദ്ധമതവും ജൈനമതവും സിഖുമതവുമെല്ലാം ഭാരതമണ്ണിൽ വേരൂന്നിവളർന്ന വൈവിധ്യമാർന്ന ആരാധാനാരീതികളുള്ള മതങ്ങളാണ്. ബുദ്ധൻ ആവിഷ്ക്കരിച്ച അഷ്ടാംഗമാർഗ്ഗങ്ങളിൽ മൂന്നാമത്തെ അനുഷ്ഠാനമായ ധ്യാനത്തെ കേന്ദ്രീകരിച്ചാണ് ബുദ്ധൻമാരുടെ പ്രധാനമായുള്ള രീതികൾ. ഇത് ഉൾവ്യക്തിത്വത്തെ ഉണർത്തി മനസ്സിന്റെയും ആത്മാവിന്റെയും അസ്ഥിത്വമെന്തെന്ന് ആരാഞ്ഞറിയുവാനാണിത് ശ്രദ്ധവെയ്ക്കുന്നത്. പുറമെയുള്ള വസ്തുബോധത്തെ വെടിഞ്ഞ് ചിന്തയെ നിയന്ത്രിച്ചുകൊണ്ട് പ്രകാശിക്കുക എന്നതാണ് ലക്ഷ്യം. ഇതുവഴിയുള്ള ധ്യാനം അറിവിനെ ഉയർത്തി ദയയും സമാധാനവും ഉണ്ടാക്കുന്നു എന്നതാണ് ഇതിലെ ചിന്ത.

ജൈനമതവും ഇതിൽ നിന്നും ഏറെ വ്യത്യസ്തമായ ചിന്താധാരയിലുള്ളതല്ല. 6-ാം നൂറ്റാണ്ടിൽ ജൈനവർദ്ധമാനമഹാവീരനാണ് ഇതിന്റെ സ്ഥാപകൻ. യാഥാസ്ഥിതിക ബ്രാഹ്മണ്യത്തിനെതിരെ രൂപംകൊണ്ടതാണിത്. ഒരു ജീവജാലത്തെയും മുറിപ്പെടുത്തുകപോലും ചെയ്യാതെ വിജയകരമായ ജീവിതസാഹചര്യത്തിലൂടെ മോക്ഷപ്രാപ്തി നേടാം എന്ന ആശയമാണ് ജൈനരുടേത്. 10-ഓളം ഗുരുക്കന്മാർ ചേർന്ന് രൂപം നൽകിയ കൃതിയായ 'ഗുരുഗ്രന്ഥസാഹിബിലൂടെ' യാണ് സിക്കുമതത്തിലെ ആരാധന ഉടലെടുക്കുന്നത്. ഏകദൈവ ആരാധകരാണിവർ. ഏകസ്രഷ്ടാവും അത്ഭുതഗുരുവും അന്ധകാരത്തെ നീക്കുന്നവനിലും വിശ്വസിക്കുന്നവർ. ഈ മൂന്ന് മതരീതികളും സത്യദൈവോന്മുഖമല്ലാതെയുള്ള സ്വയകേന്ദ്രീകൃത രീതികളാണ് അവലംബിക്കുന്നത്. ജപ്പാന്റെ ഷിന്റോമതവും ചൈനയുടെ പാരമ്പര്യ ആരാധനയും ആഫ്രിക്കയുടെ പരമസ്രഷ്ടാവിലും ആത്മാവിലുമുള്ള ബഹുദൈവവിശ്വാസങ്ങളുമെല്ലാം വൈവിധ്യമാർന്ന ആരാധനാ രീതികളാണ്.



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

**സത്യാരാധനയുടെ ഉറവിടങ്ങൾ**

യഹൂദന്റെ തിരുവെഴുത്തുകളിൽ പ്രതിപാദിച്ചിരിക്കുന്ന ചരിത്രം ഇവിടെ വേറിട്ടെഴുതാത്തതിന്റെ കാരണം വേദപുസ്തകത്തിന്റെ കുത്തിക്കെട്ടഴിച്ച് പഴയതെന്നും പുതിയതെന്നും വേർതിരിക്കാൻ പാടില്ലാത്തതിനാലാണ്. വേരിൽ നിന്ന് തടിയും ശാഖോപശാഖയയും ഇലയും പൂവും കായും എന്നപോൽ, മനുഷ്യന്റെ സൃഷ്ടിയും വളർച്ചയും ആത്മഫലദായകമായ സമ്പൂർണ്ണതയും വിശുദ്ധ വേദപുസ്തകത്തിലാണ് ആദിമദ്ധ്യാന്തം രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവം ഒരു മനുഷ്യനെ വിളിക്കുന്നു, അവൻ യഹൂദനെന്നോ ജാതീയനെന്നോ ഇല്ല. ''ദൈവത്തിന് മുഖപക്ഷമില്ല" (റോമ.2:10, 3:29). മനുഷ്യൻ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് വരികെയന്നതും സത്യദർശനം പ്രാപിക്കുക എന്നതുമാണ് മനുഷ്യനെ പ്രതി ദൈവത്തിന്റെ ഉദ്ദേശം. അതിനാലാണ് ''ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ച" (യോഹ.1:9) മായി ക്രിസ്തു ഭൂമിയിൽ അവതരിച്ചത്. "സർവ്വ കൃപാലുവായ ദൈവം" പാപിയായ മനുഷ്യനെ വിളിക്കുന്നത്, പൂർവ്വപ്രതാപത്തിലേക്ക് അവനെ തിരിച്ചുകൊണ്ടുവരുവാനും യഥാസ്ഥാനപ്പെടുത്തുവാനുമാണ്. പാപിക്ക് എന്താണ് പൂർവ്വപ്രതാപം? അവൻ ഏദനിൽ ദൈവത്തോടുകൂടെയായിരുന്നതും ദൈവതേജസ്സുണ്ടായിരുന്നു എന്നതുമാണ് (ഉല്പ.2:25). എന്നാൽ പാപത്താൽ അത് നഷ്ടമാക്കി (റോമ.3:23). സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളും നിത്യതേജസ്സും വിശ്വസിക്കുന്ന ഏതു മനുഷ്യനും നൽകാൻ ദൈവം കൃപയായിരിക്കുന്നു (എഫേ.1:4, 2 പത്രൊ.5:10, തീത്തോസ്. 2:11-13). രക്ഷയുടെ അവർണ്ണനീയമായ ദൈവസ്നേഹത്തെ തിരിച്ചറിയുന്ന മനുഷ്യന് ദൈവത്തോടുള്ള സമീപനമാണ്, ഭക്ത്യാദരവും സ്നേഹവുമാണ് ആരാധന. അർഹതയുള്ള ഏതൊരു വ്യക്തിയെയും അംഗീകരിക്കുകയും ബഹുമാനിക്കുകയും വേണമെന്ന് വചനം പറയുന്നു. ഒരു വ്യക്തിയെ സ്നേഹിക്കാതെയും ഇത് പ്രകടമാക്കാൻ കഴിയും. എന്നാൽ കർത്താവിനോടുള്ള സ്നേഹത്താലാണ് കർത്താവിനെ നാം ആരാധിക്കുക. കർത്താവിനോടുള്ള സ്നേഹം പ്രകടമാക്കുന്നത് സഹജാതരെയും ഏതു മനുഷ്യനെയും സ്നേഹിക്കുക എന്നതാണ്. സമ്പൂർണ്ണ സമർപ്പണത്താലാണ് ഇത് സാധ്യമാകുന്നത്.

ദൈവം അബ്രഹാമിനെ വിളിക്കുന്നതിനു മുമ്പെ അവൻ കാനാൻ ദേശത്തിനും ജോർദ്ദാൻ നദിക്കുമക്കരെ ഊർ എന്ന് ദേശത്ത് തന്റെ പിതാവായ തേരഹിനൊപ്പമായിരുന്നു. തേരഹ് അന്യദൈവങ്ങളെ ആരാധിക്കുന്നവനായിരുന്നു - വിഗ്രഹാരാധകനായിരുന്നു (യോശു.24:2). അവയ്ക്കിടയിൽ നിന്നുമാണ് ക്രിസ്തുവിന്റെ മഹാസന്തോഷത്തിലേക്കുള്ള (യോഹ.8:56) ദൈവത്തിന്റെ വിശുദ്ധവിളി അബ്രഹാം കേൾക്കുന്നത്. നദിക്കക്കരെ കാനാനിലെത്തിയ അബ്രഹാമിന് ദൈവദർശനം ലഭിക്കുന്നു. (ബഥേലിനും ഹായ്ക്കുമിടയിൽ അവൻ കൂടാരമടിച്ചു) അവൻ അവിടെയും ബഥേലിനു കിഴക്കുള്ള മലയിലും യാഗപീഠം പണിത് ദൈവത്തെ ആരാധിച്ചു. ദൈവസാന്നിധ്യത്തിൽ വിശ്രമം കണ്ടെത്തിയ, ദൈവീകമഹത്വത്തെ തിരിച്ചറിഞ്ഞ അബ്രഹാമിന്റെ ഹൃദയത്തിൽ നിന്നുള്ള നന്ദിപ്രകടനമായിരുന്നു ആരാധന. യഥാർത്ഥ ആരാധകന് ദൈവമാണ് ഓഹരി (ഉല്പ.14:22). പഴയജീവിതരീതിയിൽ നിന്നും പുതിയ ജീവിതത്തിലേക്ക് അബ്രഹാം കാലെടുത്തുവെച്ചിരിക്കുന്നു. ദൈവത്തോടു കൂടെ നടക്കാൻ; വിശുദ്ധിയിൽ ദൈവത്തെ ആരാധിപ്പാൻ, നീതിയും ന്യായവും പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ - സന്തതി പരമ്പരകളെ വാർത്തെടുക്കാനായിരുന്നു അബ്രഹാമിന്റെ വിളി (ഉല്പ.18:19). ദൈവം അബ്രഹാമിനോട് പറഞ്ഞു "ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു; നീ എന്റെ മുമ്പാകെ നടന്ന് നിഷ്ക്കളങ്കനായിരിക്കുക" (ഉല്പ.17:1-5). സത്യദൈവത്തോട് എന്നും വിശുദ്ധിയിൽ ചേർന്ന് നടക്കുന്നതാണ് ആരാധന. അബ്രഹാമിനും ആ തലമുറയ്ക്കും അതിനുള്ള അടയാളമായി ദൈവം 'പരിച്ഛേദന' എന്ന നിയമം കല്പിച്ചരുളി (ഉല്പ.17:12-14).ഹൃദയത്തിനും നാവിനും ചെവിക്കുമെല്ലാമുള്ള വിശുദ്ധീകരണമാണ് പഴയനിയമത്തിലും പരിച്ഛേദനയിലൂടെ ദൈവം ഉദ്ദേശിക്കുന്നത്.

എന്നാൽ, ദൈവം അബ്രഹാമിന് നൽകിയ ഉടമ്പടിയെ അവന്റെ സന്തതികൾ ലംഘിക്കുന്ന ചിത്രം വേദപുസ്തകത്തിൽ പഴയനിയമത്തിൽ കാണാം. അവർ, സത്യദൈവത്തെ നമസ്ക്കരിക്കേണ്ടതിന് പകരം വിഗ്രഹങ്ങൾക്ക് വഴിപാടുകൾ സമർപ്പിച്ചു (പുറ.32.:2-10, 2 രാജാ.17:16, യെഹ.16:15-22, സങ്കീ.78:58, 1 കൊരി.10:14). പത്ത് കല്പനകളിൽ പ്രധാനമാണ്



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

: "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിലൊ താഴെ ഭൂമിയിലൊ ഭൂമിക്കുകീഴെ വെള്ളത്തിലുമുള്ള യാതൊന്നിന്റെയും പ്രതിമ അരുത്, അവയെ നമസ്ക്കരിക്കുകയൊ സേവിക്കുകയൊ ചെയ്യരുത്'' (പുറ.20:3-5). ''വിഗ്രഹത്തെ കൊത്തിയൊ വാർത്തൊ രഹസ്യത്തിൽ പ്രതിഷ്ഠിക്കുന്നവൻ ശപിക്കപ്പെട്ടവൻ" എന്ന് ആവ.25:17-ൽ കാണാം. മരണയോഗ്യമായ പാപമായിരുന്നു അത് (ആവ.17:2-7).

**സത്യദൈവാരാധന പഴയനിയമവീക്ഷണത്തിൽ**

ഭൂമദ്ധ്യത്തിൽ ജനതകളുടെ നടുവിൽ സത്യദൈവത്തെ സകല ജാതികൾക്കും അറിയിക്കുവാനായി ഒരു മാതൃകാജനമായി സാക്ഷിയാകുവാനാണ്, യിസ്രയേൽജനത്തെ ദൈവം വിളിച്ച് വേർതിരിച്ചത്. ദൈവത്തോട് അഥവാ വചനത്തോട് അനുസരണയോടെ ചേർന്നുനടക്കുകയെന്നതായിരുന്നു നിയോഗം (ആവ.8:3,6). അനുസരിച്ചാൽ പ്രതിഫലം, തേനും പാലുമൊഴുകുന്ന ഫലസമ്പുഷ്ടമായ കനാൻ ദേശമാണ്. എന്നാലിത് യഥാർത്ഥമായി ലഭിക്കാനിരിക്കുന്ന 'സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളുടെയും' (എഫേ.1:4) നിഴലാണ്. ഭൂമിയിലുള്ള ആസ്വാദനങ്ങൾ ജഡത്തിനുള്ളതാണ്, താൽക്കാലികങ്ങളാണ്. എങ്കിൽ അത് നിത്യതയിൽ സർവ്വസാധ്യതകളുമുള്ളതായിരിക്കും (ആവ.8:7-10, 11:11-12). എന്നാൽ പാപിയായ മനുഷ്യൻ ദൈവത്തോടുകൂടെ അഥവാ നിഷ്ക്കളങ്കനായി നടക്കുന്നതെങ്ങനെ! കൂടെ വിശുദ്ധിയിൽ നടന്നുകൊള്ളാമെന്നുള്ള സമർപ്പണവും അതിനായുള്ള വിശുദ്ധീകരണവും നീതീകരണവും യാഗം കഴിക്കുക എന്നതിനുണ്ട്; ഒരു ഉടമ്പടി വ്യവസ്ഥയും യാഗത്തിനുണ്ട്. യാഗത്തിന്റെ പരമപ്രാധാന്യം ലേവ്യാ പുസ്തകം വിവരിക്കുന്നുണ്ട്.

പഴയനിയമാരാധനയിൽ യാഗം പരമപ്രധാനമാണ്. സമ്പൂർണ്ണസമർപ്പണത്തെയും രക്തം ചിന്തിയുള്ള യാഗത്തിലൂടെയുള്ള പാപക്ഷമയും ദൈവത്തിൽ നിന്നുമുള്ള നീതീകരണവുമാണ് അർപ്പിക്കുന്നതിന് ലഭിക്കുക. പാപം കാരണമായി ദൈവവും മനുഷ്യനും തമ്മിലുള്ള വേർപാട് മാറ്റി ദൈവവും മനുഷ്യനും തമ്മിൽ സമാധാനവും നീതിയും സ്ഥാപിക്കുക എന്നതാണ് യാഗങ്ങളുടെ ലക്ഷ്യം. എന്നാൽ, കാൽവരിക്രൂശിൽ ക്രിസ്തു അർപ്പിക്കേണ്ടിയിരുന്ന പൂർണ്ണബലിയെ മുന്നിൽ കണ്ടുകൊണ്ടാണ് ലേവ്യായാഗങ്ങളിലൂടെ ദൈവം പാപമോചനം നൽകിയിത്. വെളി.13:8-ലെ വചനത്തിലൂടെ, "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" എന്നു വിളിക്കുന്നതിലൂടെ ഈ സൂചന കാണാം. എന്നാൽ ഇത് സമ്പൂർണ്ണമായിരുന്നില്ല, ക്രിസ്തു വരുവോളം ലംഘനങ്ങൾ നിമിത്തം നൽകിയതാണ്; ഇത് ആർക്കും സൽഗുണപൂർത്തി വരുത്തിയിരുന്നില്ല; ആന്തരിക ശുദ്ധീകരണം, പാപശാപങ്ങളുടെ വിടുതൽ ഇതൊന്നും ലേവ്യായാഗങ്ങളിലൂടെ വന്നില്ല. "ജഡസംബന്ധമായ ഈ നിയമത്താലുള്ള" (എബ്രാ.7:15) യാഗത്താൽ ജഡികശുദ്ധിവന്നിരുന്നുവെന്ന് വചനം സാക്ഷിക്കുന്നു(എബ്രാ.9:14)

''ഊനമറ്റതിനെ'' (ലേവ്യാ.1:3). ദൈവത്തിനു ബലിയായി-വഴിപാടായി സമർപ്പിക്കണമെന്ന കല്പന സമ്പൂർണ്ണസമർപ്പണത്തെയാണ് ആവശ്യപ്പെടുന്നത്. കന്നുകാലികളിൽ ആടാകട്ടെ കാളയാകട്ടെ വാങ്ങുവാൻ വകയില്ലാത്തവൻ അർപ്പിക്കേണ്ട ഭക്ഷ്യവർഗ്ഗത്തിൽ നിന്നുള്ള കുറുപ്രാവാകട്ടെ, ഇതെല്ലാം മനുഷ്യനെ പ്രതിനിധാനം ചെയ്ത് അർപ്പിക്കുന്ന ബലിയാണ്. തനിക്കുള്ളതിൽ ഏറ്റവും നല്ലത് ദൈവമുമ്പാകെ അർപ്പിക്കുന്നതുതന്നെയും തന്റെ ജീവനെയും ദൈവത്തിന് സമർപ്പിക്കുന്നതിന് തുല്യമാണ്. എന്നാൽ, ദൈവം ആത്മാവാകയാൽ ദൈവത്തിനാവശ്യം നമ്മുടെ ജഡമല്ല, നമ്മിലെ ആന്തരികവ്യക്തിയെയാണ് - ആത്മാവിനെയാണ്. ഈ ആന്തരികസമർപ്പണത്തിന്റെ ദൃശ്യമായ ബാഹ്യമായ സമർപ്പണമാണ് യാഗം. ഇത് മനസ്സിലാക്കാൻ സാധിക്കുന്നത്, ശുദ്ധിയുള്ള കന്നുകാലികളിൽ നിന്നും പറവയിൽ നിന്നും യാഗം കഴിക്കണമെന്നത് ഓരോന്നിനുമുള്ള ഗുണവിശേഷണമാണ് കാണിക്കുന്നത്. പ്രാവ് സ്വർഗ്ഗീയജീവിയെ പ്രതിനിധാനം ചെയ്യവെ, ആട് ശാന്തതയെ കുറിക്കുന്നു (യേശ.53:7). കാള യജമാനനോടുള്ള വിധേയത്വത്തെയും അനുസരണത്തെയും കാണിക്കുന്നു (യേശ.1:3, ഹെബ്രാ.5:8-9). ക്രിസ്തു സ്വയമായി അർപ്പിച്ച തന്റെ യാഗത്തിൽ ദൈവം പ്രസാദിക്കേണ്ട അത്ഭുതകരമായ സകല ഗുണങ്ങളും ഉണ്ടായിരുന്നതിനെ ഇത് സൂചിപ്പിക്കുന്നു. ഈ യാഗം



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

ക്രിസ്തുവിന്റെ അനന്തമായ സ്നേഹത്തെയും വിശുദ്ധിയെയും വ്യക്തമാക്കുന്നു. പാപം ഇല്ലാത്തവരായി, നമ്മെ ദൈവതിരുമുമ്പിൽ സമർപ്പിക്കേണ്ടതിന് യേശു നമ്മുടെ സ്ഥാനത്തുനിന്നുകൊണ്ട് വിശ്വസിക്കുന്നവന്റെ പാപങ്ങളെ വഹിക്കുകയും ക്രൂശിൽ യാഗമായി മരിക്കുകയും ചെയ്തു (എബ്രാ.13:11,12, 2 കൊരി.5:21). ഇവിടെ യാഗവസ്തുവിനേക്കാൾ യാഗപീഠത്തെയും കുറഞ്ഞതായി കാണേണ്ടതില്ല (മത്താ.23:19). ക്രിസ്തു തന്നെ പുരോഹിതനും യാഗമർപ്പിക്കുന്ന കുഞ്ഞാടുമായി സ്വയമർപ്പിക്കുന്ന യാഗമാണിവിടെ നടക്കുന്നത്; വഴിപാടും യാഗപീഠവും യേശു തന്നെ, പുറപ്പാട് 28, 29 അദ്ധ്യായങ്ങളിൽ ഇത് വായിച്ചെടുക്കാൻ സാധിക്കും. പൂർണ്ണമനുഷ്യനായ യേശുവിന് മുൻകുറിയാണ് യാഗപീഠം; അത് മരംകൊണ്ടുണ്ടാക്കി പിച്ചളകൊണ്ട് പൊതിയുന്നു. എരിഞ്ഞ് വെണ്ണീറാകാത്ത അതിൽക്കൂടെ ന്യായവിധിയുടെ തീ കടന്നുപോകാൻ സാധിക്കുന്ന നീതിയുടെ അടയാളമാണ് പിച്ചളം (സംഖ്യ.16:38). ക്രിസ്തു മരിച്ചടക്കപ്പെട്ട് മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റുവന്നതിലൂടെ ഇത് തെളിയിക്കുന്നു.

യേശുക്രിസ്തു കാൽവരിയിലെ യാഗപീഠത്തിൽ അർപ്പിക്കാനിരിക്കുന്ന പരമബലിയുടെ ഉറപ്പ്, ഉല്പ.22-ൽ മുൻകുറിയായായാണെങ്കിലും പ്രവൃത്തിയിലൂടെ പ്രവചനരൂപത്തിൽ വരച്ചുവെച്ചിരിക്കുന്നു. അബ്രഹാമിന്റെ ഏകജാതനായ യിസഹാക്കിന്റെ യാഗം. ഒരു മനുഷ്യന്റെ സമ്പൂർണ്ണവിടുതലിനായി ഒരു മനുഷ്യൻ പകരമായി അർപ്പിക്കപ്പെടേണം, യാഗമാകണം, മരിക്കണം എന്നാണിത് കാണിക്കുന്നത്. ഒരു മനുഷ്യനുവേണ്ടി ഒരുവൻ മരിക്കുന്നെങ്കിൽ മാത്രമെ ദൈവനീതി നിവർത്തിക്കപ്പെടുകയുള്ളൂ. ഈ ഒരു വാഗ്ദത്തമാണ് ഉല്പ.3:15-ൽ ദൈവം ആദാമിനോട് പറഞ്ഞിരുന്നത്. വീണ്ടെടുപ്പിന്റെ യഥാർത്ഥ അടിസ്ഥാനം മനുഷ്യൻ സ്വയമേ കൊണ്ടുവരുന്നതല്ലാത്ത ദൈവം കൊണ്ടുവരുന്ന യാഗവസ്തുവിലൂടെ ക്രിസ്തുവിന്റെ നിഴലായി യിസഹാക്കിൽ കാണുകയാണ്. ദൈവം അബ്രഹാമിനോട് ചെയ്ത വാഗ്ദത്തമായ ദേശത്തെയും സന്തതിയെയും ("പുത്രൻ അനേകരിൽ ആദ്യജാതനാകുന്നത്" റോമ.8:29) സംബന്ധിച്ച ഉടമ്പടിയാഗമാണ് ഇസഹാക്കിൽ അരങ്ങേറിയത്. അകൃത്യയാഗമായിത്തീർന്നിട്ട് സന്തതിയെ കാണുകയും ദീർഘായുസ്സ് പ്രാപിക്കുന്നതായും യേശ.53:10 വായിക്കുന്നതും യിസഹാക്കിലും അതിന്റെ പരിപൂർത്തിയായി യേശുവിലും കാണാം. ഉല്പ.12:7,8-ൽ അബ്രഹാം കനാനിൽ എത്തിയപ്പോൾ യഹോവക്ക് ഒരു യാഗപീഠം പണിയുന്നതായി







# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

കാണാം, യാഗത്തെക്കുറിച്ച് പറഞ്ഞിട്ടില്ല എന്നാൽ, അവൻ അവിടെനിന്നും ബഥേലിന് കിഴക്ക് കൂടാരമടിക്കുകയും അവിടെ ഒരു മലയിൽ യാഗപീഠം പണിത് ദൈവത്തെ ആരാധിക്കുന്നതായും കാണാം. എന്നാൽ ആരാധന പൂർണ്ണതയിലെത്തുന്നത് സമ്പൂർണ്ണ സമർപ്പണത്തിലൂടെയാണ്. തന്റെ ഏകജാതനെ മോറിയാ മലയിൽ യാഗമർപ്പിച്ചതിലൂടെ (എബ്രാ.11:17-19) അബ്രഹാമിന്റെ അടിയുറച്ച വിശ്വാസത്തെയും സമർപ്പണത്തെയും കാണിക്കുന്നു. ഇവിടെ ശരീരത്തിന്റെ ഒരു രക്തചൊരിച്ചിൽ യിസഹാക്കിലൂടെ നടന്നില്ലെങ്കിലും ദൈവം മനുഷ്യനിലൂടെ ഉദ്ദേശിക്കുന്ന ഹൃദയത്തിന്റെ സമ്പൂർണ്ണസമർപ്പണം അബ്രഹാമിൽ കണ്ടെത്തുന്നു. അത് അവന് നീതിയായി കണക്കിടുകയും ചെയ്യുന്നു. ഇവിടെ യിസഹാക്കിന്റെ രക്തചൊരിച്ചിലിലൂടെ പാപമോചനം സാധ്യമല്ല. പാപമില്ലാത്ത ഒരുവനായ മറ്റൊരു മനുഷ്യൻ അവനുവേണ്ടി മരിക്കണം. അങ്ങനെയുള്ള മനുഷ്യരാരും ഭൂമിയിലില്ല! (റോമ.3:12, അപ്പൊ.17:26, റോമ.5:12, 3:23).

ദൈവം അബ്രഹാമിനോട്. "താൻ സ്നേഹിക്കുന്ന തന്റെ ഏകജാതനായ യിസഹാക്കിനെ തന്നെ ഹോമയാഗം അർപ്പിക്കാൻ പറഞ്ഞതുപോലെ (ഉല്പ.22:2) ദൈവം തന്റെ ഏകജാതനായ പുത്രനെ സമസ്തർക്കുമായി അർപ്പിച്ചതിനാൽ (യോഹ.3:16) സമ്പൂർത്തി വരുത്തി. പഴയനിയമാരാധനയുടെ - യാഗത്തിന്റെ സമ്പൂർണ്ണ സമർപ്പണമാണ്, പ്രദർശനമാണ് യേശുക്രിസ്തുവിൽ വെളിപ്പെടുന്നത്. ''ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായി ഇരിപ്പാൻ ഒരു മനുഷ്യൻ മാത്രം, എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നെ" (1 തിമൊ.2:5, ഫിലി.2:6-8). ''ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മത്താ.3:17) എന്നു പറയുവാൻ യേശു മാത്രം. മാനവകുലത്തിനു മുഴുവനുമായി ദൈവമിതാ യേശുവിൽ ഒരു സമ്പൂർണ്ണശരീരം ഒരുക്കിയിരിക്കുന്നു (എബ്രാ.10:5). അതുവഴി നമുക്കായി ഒരു സമ്പൂർണ്ണസമർപ്പണവും സാധ്യമാക്കി യിരിക്കുന്നു (എബ്രാ.10:10). ക്രിസ്തുവിൽ ദൈവം ആവിഷ്ക്കരിച്ച രക്ഷയും, വിശുദ്ധീകരണവും, നീതീകരണവുമാണ് ഇത്. ഇതാണ് വിശ്വാസത്താൽ പ്രാപിച്ച ഒരു വിശ്വാസിയെ ദൈവത്തിന് സ്വീകാര്യനാക്കുന്നത്.

## സങ്കീർത്തനങ്ങളിലെ ആരാധന

സ്തോത്രഗീതങ്ങളാലും കീർത്തനങ്ങളാലും മുഖരിതമാണ് സങ്കീർത്തനങ്ങൾ. സ്തോത്രത്തെയും പ്രാർത്ഥനയെയും ആരാധനയെയും നാം വേറിട്ട് ഗ്രഹിക്കേണ്ടതുണ്ട്, എങ്കിലും ഇവയെല്ലാം സമഞ്ജസമായി ത്തീരുന്ന ഏകാത്മാവിലുള്ള സമീപനമാണ് ആരാധന. മനുഷ്യഹൃദയത്തിന്റെ സമസ്തഭാവങ്ങളെയും ദൈവമുമ്പാകെ പ്രതിഫലിപ്പിക്കുന്നതായി കാണാം സങ്കീർത്തനങ്ങളിൽ. ദൈവത്തിന്റെ ഗുണങ്ങളെയും പ്രവൃത്തികളെയും പ്രകീർത്തിച്ചു സ്തുതിക്കുന്ന ഗീതങ്ങളായതിനാലാണ് ഇവയെ സങ്കീർത്തനങ്ങൾ എന്നു വിളിക്കുന്നത്. എന്നാൽ സ്തോത്രഗീതം ദൈവസ്തുതിയെങ്കിലും കീർത്തനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ദൈവം ഒരു വ്യക്തിക്കൊ സമൂഹത്തിനൊ ചെയ്ത ഉപകാരത്തിന് നന്ദി പറയുന്നതാണ് സ്തോത്രഗീതം. എന്നാൽ ദൈവത്തിന്റെ സകലർക്കുമായുള്ള പ്രവൃത്തികളെ - സൃഷ്ടി, മോചനം, ന്യായവിധി തുടങ്ങിയ വിഷയങ്ങൾക്കുവേണ്ടിയാണ്, അതോർത്തുകൊണ്ട് ദൈവത്തിന് കീർത്തനങ്ങൾ പാടുന്നത്. യെരുശലേം ദേവാലയാനുഷ്ഠാനങ്ങളിൽ നിന്നകന്ന് യഹോവയായ ദൈവത്തെ ആരാധിച്ചുകൊണ്ടിരുന്ന സമൂഹങ്ങളെപ്പറ്റി സൂചനയുണ്ട് (സങ്കീ.50:12-15, 22:25, 26:12, 35:18, 40:9-10). യിസ്രായേലിന്റെ വിശ്വാസചരിത്രത്തിൽ രൂപപ്പെട്ടതാണ് സങ്കീർത്തനങ്ങൾ. ഉദാഹരണം ഉത്സവങ്ങളെക്കുറിച്ചും, ദേവാലയം, യെരുശലേം (സീയോൻനഗരം, സ്രഷ്ടാവും രാജാവുമായ ദൈവം, പൗരോഹിത്യം) എന്നിത്യാദി കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ട്, സങ്കീ.8,19,33,104 എന്നീ അദ്ധ്യായങ്ങളിൽ സ്രഷ്ടാവാം ദൈവത്തെ സ്തുതിക്കുന്ന കീർത്തനങ്ങൾ കാണാം. സങ്കീ.47,93,96,97,98,99-ലും രാജാവാം ദൈവത്തെയും, സങ്കീ.65,145-ലും കൊയ്ത്തിന്റെ നാഥനെയും സങ്കീ. 105,114,135-ലും ചരിത്രനിയന്താവായവനെയും സങ്കീ. 24,95,100 അദ്ധ്യായങ്ങളിൽ ദേവാലയപ്രവേശന ത്തിനുള്ളതുമായ കീർത്തനങ്ങളാലും ദൈവത്തെ ആരാധിക്കുന്നതായി കാണാം.

ചരിത്രാതീതമായ മാനുഷികാനുഭവങ്ങളാണ് സങ്കീർത്തനങ്ങളുടെ പ്രമേയം. പ്രത്യേക ചരിത്രപശ്ചാത്തലത്തിലാണ് ഇത് രൂപപ്പെട്ടത്; അതുമായി ബന്ധപ്പെട്ട്



# സത്യാരാധന

## പാ.രാധാകൃഷ്ണൻ

വ്യാഖ്യാനിക്കാൻ ശ്രമിക്കവെയാണ് തെറ്റുപറ്റുക. ദാവീദിന്റെ ജീവിതത്തിലപ്പുറമായി ക്രിസ്തുവിൽ ഇതിനെ കാണണം. സങ്കീർത്തനങ്ങളിലെ പ്രതിബിംബങ്ങൾ യാഥാർത്ഥ്യമായ ക്രിസ്തുവിലേക്ക് വഴിമാറണം, ക്രിസ്തുവിലുള്ള പുതിയ അനുഭവങ്ങൾക്ക് വഴിമാറണം. സങ്കീർത്തനങ്ങളിൽ എഴുതിയിരിക്കുന്ന സകലതും യേശുവിന്റെ ജീവിതത്തിലൂടെയുള്ള വ്യാഖ്യാനമായാണ് പുതിയനിയമത്തിന്റെ താളുകളിൽ എഴുതിവെച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിനാൽ ഇവയെ വ്യാഖ്യാനിച്ചുകിട്ടിയില്ലെങ്കിൽ തെറ്റുപറ്റും (മർക്കോ.12:24, 1 കൊരി.2:11, 2 പത്രൊ.1:20, ലൂക്ക.24:27). സങ്കീർത്തനങ്ങളിലെ പ്രവചനഗീതങ്ങളിൽ നിന്നും തെളിഞ്ഞുവരുന്ന സ്വരൂപം ക്രിസ്തുവിന്റേതാണ്. “എന്നെക്കുറിച്ച് സങ്കീർത്തനങ്ങളിലെഴുതിയത് നിവൃത്തിയായത്” (ലൂക്ക.24:44) ഗ്രഹിച്ചില്ലെങ്കിൽ യേശുവിൽ യഥാർത്ഥ വിശ്വാസം കെട്ടിപ്പടുക്കുവാനൊ വിശുദ്ധ ആദ്ധ്യാത്മികതയിൽ കർത്താവിനെ ആരാധിക്കുവാനൊ സാധ്യമല്ല. സങ്കീർത്തനങ്ങളിലെഴുതിയിരിക്കുന്നവയുടെ വ്യാഖ്യാനമായ പുതിയനിയമ വചനങ്ങൾ ആത്മാവിൽ പഠിച്ചില്ലെങ്കിൽ ആത്മാവിൽ ഒരു കീർത്തനവും പാടാൻ സാധ്യമല്ല! ക്രിസ്തുവിൽ ആവിഷ്ക്കരിച്ചിരിക്കുന്ന സർവ്വനന്മകളും ആത്മാവിന്റെ വെളിപ്പാടിനാൽ സ്വീകരിക്കാത്ത അനേകർ അതിനെ ഗാനമേളയും പ്രേഷകാഭിനന്ദനങ്ങളും കഥപറച്ചിലുകളും കലാപ്രകടനങ്ങളുമാക്കി സ്തോത്രക്കാഴ്ചയെ സൂത്രക്കാഴ്ചയാക്കി സ്വേച്ഛാരാധനയിൽ തിമിർക്കുന്ന അനേകർ സത്യാരാധനയെ ലോകത്തിനുമുമ്പിൽ കൂത്തുകാഴ്ചയാക്കുയാണ് ചെയ്യുന്നത്.

വേദപുസ്തകം വളരെ വ്യക്തതയോടെ പറയുകയാണ് സങ്കീർത്തനങ്ങൾ പഠിയ്ക്കുകയും തമ്മിൽ സംസാരിക്കുകയും ബുദ്ധിയുപദേശിക്കുകയും വേണമെന്ന്. നന്ദിയോടെ ഹൃദയത്തിൽ പാടണമെന്നും (എഫേ.5:19, കൊലൊ.3:16) അതിന്റെ അർത്ഥതലങ്ങളെ ആത്മാവിൽ അറിഞ്ഞുകൊണ്ട്, പരിശുദ്ധാത്മാവിൽ കർത്താവിനെ സ്തുതിക്കുന്നത്, ഗീതങ്ങൾ നന്ദിയുള്ള ഹൃദയത്തോടെ പാടുന്നത് എത്ര ശ്രേഷ്ഠമാണ്. ‘കഥയറിയാതെ ആട്ടം കാണുന്നവരായി അനേകർ ഇതിനെ അറിഞ്ഞുമറിയാതെയും ആചാരമാക്കി മാറ്റിയിരിക്കുന്നു. സംഗീതത്തിനും ശബ്ദത്തിനും കൂടുതൽ ശ്രദ്ധകൊടുത്ത് കർത്താവിനൊപ്പമാകാതെ പോകവെ മഹത്വം ദൈവത്തിനാകാതെ മനുഷ്യരിലേക്ക് തിരിച്ചുകളയും. “നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു” (പുറ.20:5).

ആരാധനയ്ക്ക് യോഗ്യൻ ത്രീയേകദൈവമായ ദൈവപുത്രനും മനുഷ്യപുത്രനുമായ യേശുക്രിസ്തു മാത്രം. യേശുക്രിസ്തുവിൽ ‘‘ഞാൻ ഞാനായിരിക്കുന്നവനെ’’ (യഹോവ) കണ്ടെത്താതെ പോയാൽ ആരാധന പരാജയപ്പെടും. പഴയനിയമത്തിലുടനീളം പ്രതിപാദിച്ചിരിക്കുന്ന ദിവ്യനാമങ്ങളുള്ളവനായ (ഏലോഹിം, ഏൽ ഏലിയോൻ, അഡോണായ്, രോയ്, ഷാലോം, ഷമ്മാ, നിസ്സി, ഏലിയോൻ, യിരെ, സാബോത്ത്, റോഫി, യെക്കാദിയാ, സിദ്ക്കെന്യാ) അവ്വിധം “ഞാൻ ഞാനായിരിക്കുന്നവനെ” വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തെളിയിച്ച ക്രിസ്തുതന്നെയാണ് അതെന്ന് അറിയാതെ പോയാൽ, “അറിയുകയും വിശ്വസിക്കുകയും ചെയ്യാത്തവനോട് (റോമ.10:14) എങ്ങിനെ പ്രാർത്ഥിക്കും എന്നതുപോൽ, യേശുവിൽ സത്യദൈവത്തെ അറിയാത്തവന് എങ്ങനെ അവനെ ആരാധിക്കുവാൻ സാധിക്കും? അവന്റെ നാമത്തിലാണ് പ്രാർത്ഥിക്കേണ്ടത് എന്നതുപോൽ അവന്റെ നാമത്തെയാണല്ലൊ ആരാധനയിലൂടെ മഹത്വപ്പെടുത്തേണ്ടതും (യോഹ.5:43, 17:8,14:9). യെഹോവ തന്നെ യെഷുവാ (യേശു യോഹ.8:24 ) കാര്യങ്ങൾ ഹൃദയത്തിൽ ഗ്രഹിച്ചില്ലെങ്കിൽ ഹൃദയം അവനിൽ നിന്നും അകലെയായിപ്പോകുകയും ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിപ്പോകുകയും ചെയ്യും (യെശ.1:10-15, 29:13).

മനുഷ്യപുത്രന്മാരായ നമുക്ക് ദൈവത്തെ അറിയുവാനാണ് ദൈവം, ദൈവപുത്രനായ് - മനുഷ്യപുത്രനായ് വന്നത്. യേശുവിലുള്ള മനുഷ്യത്വ ഘടകങ്ങളും ആത്മാവും ഒരു ശിഷ്യനിൽ നിറയവേയാണ് അവൻ യഥാർത്ഥ ആത്മീയമനുഷ്യനാകുന്നതും ദൈവത്തിന് പ്രസാദകരമാകുന്ന ‘‘പൂർണ്ണ ഹൃദയത്തിലും, പൂർണ്ണ മനസ്സിലും, പൂർണ്ണ ആത്മാവിലും ശക്തിയിലുമുള്ള” (ലൂക്ക.10:28) ദൈവസ്നേഹം അഥവാ ആരാധന വെളിപ്പെടുകയുള്ളു. യഹോവയെ സ്തുതിക്കുവിൻ; കീർത്തനം പാടുവിൻ എന്നതു നാം മനസ്സിലാക്കേണ്ടത് ‘അങ്ങനെയായിരിക്കുന്നവനെ’ നാം യേശുവിൽ അറിഞ്ഞ് ആരാധിക്കുകയെന്നതാണ് (പുറ.15:11,21,



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

സങ്കീ.86:8,10,12, 103:1, 34:1–3, 47:6,7, 103:1–5)

**സത്യസ്വാതന്ത്ര്യത്തിന്റെ ജയോത്സവമാണ് പുതിയനിയമ ആരാധന**

ബന്ധിതനായ മനുഷ്യൻ സ്വാതന്ത്ര്യത്തിന്റെ സുഖം അനുഭവിക്കാത്തവനാണ്. പാപത്താൽ ബന്ധിതനായ മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നില്ല. പാപമോചനവും വീണ്ടുംജനനവും പ്രാപിച്ചവനെ രോഗം കടന്ന് ആക്രമിച്ചുകളഞ്ഞാലും ക്രിസ്തു അവനിലുള്ളതിനാൽ അവൻ സത്യദൈവത്തെ ആരാധിക്കും, കാരണം ആരാധന ജഡത്തിലല്ല, ആത്മാവിലാണ്. മാനസാന്തരപ്പെട്ട് വീണ്ടുംജനനം പ്രാപിച്ച ഒരുവൻ പുതിയ സൃഷ്ടിയാണ്. അവൻ സത്യമറിഞ്ഞവനാണ്, സത്യദൈവത്തെയറിഞ്ഞവനാണ്, സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവനാണ്, സത്യത്തിന്റെ സ്വാതന്ത്ര്യം ലഭിച്ചവനുമാണ് (യോഹ.17:6, 14:6, 17:3, 1 യോഹ.5:20, 17:17, ഗലാ.5:1, യോഹ.8:32).

“സത്യം നിങ്ങളറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” (യോഹ.8:32) എന്ന് യേശു പറയുമ്പോൾ ശ്രദ്ധിക്കേണ്ടത് ദൈവം ക്രിസ്തുവിൽ മനുഷ്യന് വരുത്തിയ വീണ്ടെടുപ്പും രക്ഷയുമാണ്. സ്വാതന്ത്ര്യം നൽകിയവൻ സത്യം തന്നെയായ യേശുവാണ്. ആ സ്വാതന്ത്ര്യം അനുഭവവേദ്യമാക്കിത്തരുന്നത് സത്യവചനവുമാണ്. “അവിടുത്തെ വചനമാണ് സത്യം” (യോഹ.17:17) പഴയനിയമ ആരാധന, ജഡസംബന്ധമായ കല്പനയുടെ പ്രമാണത്താൽ (എബ്രാ.7:19) ഉള്ള ആചാരാനുഷ്ഠാനങ്ങളായിരുന്നു. അപ്പൊ.പ്ര.26:7-ൽ പൗലൊസ്, “പിതാക്കന്മാർ (12 ഗോത്രങ്ങളും) രാപ്പകൽ ആരാധിച്ച”തിനെക്കുറിച്ച് പറയുന്നുണ്ട്. സ്തുതി സ്തോത്രങ്ങളാലും കീർത്തനങ്ങളാലും അനുദിനയാഗങ്ങളിലൂടെയും അവർ യഹോവയെ ആരാധിച്ചതിനെക്കുറിച്ചാണ് പഴയനിയമത്തിൽ മനസ്സിലാക്കാൻ സാധിക്കുക. കാരണം, ന്യായപ്രമാണത്താൽ ഒരുവനും നീതീകരിക്കപ്പെടുകയൊ, പൂർണ്ണ വിശുദ്ധീകരണത്തിലേക്ക് വരികയൊ, ദൈവാത്മാവിനെ ലഭിക്കുകയൊ ചെയ്യുന്നില്ല. ക്രിസ്തുവിൽ ആവിഷ്ക്കരിച്ച യാഗത്തിലൂടെയുള്ള വിടുതലിനാലാണ വിശ്വസിക്കുന്ന ഒരുവന് ആന്തരികവിശുദ്ധീകരണത്താൽ ഉള്ളത്തെ ഒരുക്കുകയും തന്റെ ആത്മാവിനെ കർത്താവ് നൽകുകയും ദൈവമകനായ് വീണ്ടും ജനിപ്പിക്കുകയും ചെയ്യുന്നത്. അവനിലെ ആന്തരികമനുഷ്യൻ ജീവൻ പ്രാപിച്ച് ഉണരുന്നു. ദൈവത്തെ അറിയുകയും തന്റെ വിളിയെക്കുറിച്ചും നിയോഗത്തെക്കുറിച്ചും അറിയുകയും പഴയജീവിതത്തിൽനിന്ന് വേർപെടുകയും ക്രിസ്തുവോട് ചേർന്ന് വിശുദ്ധജീവിതം നയിക്കുകയും ചെയ്യുന്നവനാകുന്നു. ഇത് സാധ്യമാകുന്നത് കാൽവരിയിലെ യേശുവിന്റെ യാഗത്താ ലാണ്, അവിടുന്ന് വിശ്വസിക്കുന്നവർക്ക് പകർന്നുനൽകുന്ന “വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനെ” പ്രാപിക്കയാലുമാണ് (യോവേ.2:28, യെഹ.36:26,27, എഫേ.1:14, അപ്പൊ.1:4, ലൂക്ക.24:49).


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

യുഗാന്തരങ്ങളായി മനുഷ്യൻ പാപത്തിന്റെ അടിമകളാണ്. അവരുടെയുള്ളിൽ യഥാർത്ഥ സമാധാനമൊ, സന്തോഷമൊ, സ്നേഹമൊ, ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനമൊ വിശുദ്ധജീവിതമൊ ഒന്നുമില്ല. ഉത്സവത്തിന്റെ അന്ത്യനാളിൽ യെരുശലേം ദേവാലയത്തിൽവെച്ച് വിളിച്ചുപറഞ്ഞത് "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. അവൻ ഇത് തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്ക് ലഭിക്കാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്; യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു" (യോഹ.5:37–38). പഴയനിയമത്തിൽ ദൈവം പ്രത്യേക ഉദ്ദേശങ്ങൾക്കായി വിളിച്ച മനുഷ്യരുടെമേൽ ആത്മാവ് വരികയും പോവുകയും ചേയ്യുന്ന രീതിയാണുണ്ടായിരുന്നത്. ''എന്നേക്കും വസിക്കുമാറ് പരിശുദ്ധാത്മാവിനെ നൽകിയിരുന്നില്ല" (യോഹ.14:16).

ക്രിസ്തുയേശുവിന്റെ ജീവിതം പിതാവിന്റെ മുമ്പിൽ സമ്പൂർണ്ണസമർപ്പണത്തിന്റേതായിരുന്നു, അനുസരണത്തിന്റേതുമായിരുന്നു; അവനത് നിവൃത്തിയാക്കുകയും ചെയ്തു (യോഹ.19:30). അങ്ങനെ "തന്നെ അനുസരിക്കുന്നവർക്ക് നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രാ.5:9). നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കാൻ നിങ്ങളുടെ മന:സ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികൾ പോക്കി എത്രമാത്രം ശുദ്ധീകരിക്കും? (എബ്രാ.9:14). ക്രിസ്തുവിൽ പഴയനിയമവ്യവസ്ഥകൾ



പുതിയനിയമത്തിന്റെ ആത്മാവിഷ്ക്കാരങ്ങളായി മാറുകയായിരുന്നു. ന്യായപ്രമാണവ്യവസ്ഥകൾക്കു പകരം "വിശ്വസിക്കുന്ന ഏവർക്കും" എന്ന സൗജന്യം നിലവിൽ വന്നു. മനുഷ്യൻ ദൈവത്തിന്റെ ആലയമായി മാറി. പാപത്താൽ അടഞ്ഞുപോയിരുന്ന അവന്റെ ഉൾക്കണ്ണുകൾ തുറന്നു കിട്ടി. സത്യം കേട്ട് ഗ്രഹിക്കാതിരിക്കുമാറ് അടഞ്ഞുപോയ ചെവി തുറക്കപ്പെട്ടു. സൽപ്രവൃത്തികൾക്ക് വിരുദ്ധമായിരുന്ന കുറുകിയ കൈകൾ നിവർന്നു; തളർന്നു പോയിരുന്ന കാലുകൾ ശക്തിപ്പെട്ടു. അവർ അവനെ അനുഗമിച്ചു; മരിച്ചുയർത്തവനെ അവർ അറിഞ്ഞു. അവർ "അവനെ കൈക്കൊണ്ടു"

ന്യായവിധിയുടെ മഹാപ്രളയത്തിൽ നിന്നും കയറിവന്നവരാണ് വിശ്വാസികൾ. കാൽവരിയിലെ രക്തസ്നാനത്താൽ കഴുകപ്പെട്ടവരാണിവർ, വിടുവിക്കപ്പെട്ടവരാണ് (എഫേ.1:7, കൊലൊ.1:14, 1 പത്രൊ.1:18, എബ്രാ.9:22, 1 യോഹ.5:6, വെളി.7:14, 1 കൊരി.11:25, എബ്രാ.12:24, 13:20, അപ്പൊ.20:28). രക്ഷകനവർക്ക് കല്പനകൾ നൽകി. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിക്കുവിൻ" (1 പത്രൊ.1:16). ലോകത്തിന്റെ നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളാകുവിൻ" (2 പത്രൊ.1:4). "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്" (1 യോഹ.2:15). "നിങ്ങൾ തമ്മിൽ തമ്മിൽ ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ സ്നേഹിക്കുവിൻ" (യോഹ.13:34). തന്റെ കല്പനകളെ അനുസരിക്കുമാറ് അവൻ തന്റെ പരിശുദ്ധാത്മാവിനെ നൽകി ശക്തീകരിക്കവെ ദൈവകല്പന സുസാധ്യമായി മാറുന്ന കൃപായുഗത്തിലാണ് വിശ്വാസി. വീണ്ടെടുക്കപ്പെട്ടവൻ ഇനി തന്റേതല്ല, ക്രിസ്തുവിന്റേതാണ്, ദൈവമഹത്വത്തിനുള്ളതാണ് നിങ്ങളുടെ ശരീരവും (1 കൊരി.6:19,20). "നാം ദൈവമക്കളെന്ന് വിളിക്കപ്പെടുന്നു" (1 യോഹ.3:1). അബ്ബാ പിതാവെ എന്നും വിളിക്കുമാറ് ദൈവപുത്രന്റെ ആത്മാവിനാൽ ദൈവപുത്രന്മാരായി നാം രൂപാന്തരപ്പെടുന്നു (ഗലാ.4:6).

നാമിനി മേൽ ലോകത്തിന്റെ അടിമയല്ല, സത്യത്തിന്റെ, നീതിയുടെ അടിമകളാണ്. നമുക്കിനി പാപം ചെയ്യാനാത്ത വിധം യേശു നമ്മുടെ അവയവങ്ങളെ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. വിശുദ്ധീകരിക്കുന്നു (റോമ.6:17–19).



# സത്യാരാധന

പാ.രാധാകൃഷ്ണൻ

യേശുവിന്റെ ജീവിതത്തിന്റെ ഒരു പകർപ്പായി നാം ഈ ഭൂമിയിൽ വിശുദ്ധരായി ജീവിക്കേണ്ടതുണ്ട്. പഴയനിയമത്തിലെ ജീവൻ പോയ യാഗമൃഗത്തെ ബലിപീഠത്തിൽ അർപ്പിക്കുന്ന പോലെയല്ല, ജീവൻ ലഭിച്ചവരായ നിത്യജീവൻ ലഭിച്ചവരായ വിശ്വസികൾ ജീവനിലെന്നും അവിടുത്തെ ആരാധിക്കേണ്ടതുണ്ട്; വിശുദ്ധവിശ്വാസമെന്ന യാഗമർപ്പിക്കേ ണ്ടതുണ്ട് (ഫിലി.2:17). ദൈവം തന്റെ ആത്മാവിനെ നമ്മുടെയുള്ളിലാക്കി ജീവൻ തന്നത്, സകല സത്യങ്ങളും നമുക്ക് വെളിപ്പെടുത്തിത്തന്നത്, സത്യാത്മാവിൽ സത്യവചനപ്രകാരം എവ്വിധം ജീവിക്കേണമെന്ന് യേശുവിന്റെ ജീവിതം നമ്മിൽ വരച്ചുവെയ്ക്കുന്നത് നാം ദൈവത്തെ "ആത്മാവിലും സത്യത്തിലും ആരാധിക്കുവാനാണ്" (യോഹ.4:24, റോമ.1:10). മനുഷ്യ, കരനിർമ്മിതമായ മന്ദിരങ്ങളിൽ നിന്നും ഇറങ്ങിവരിക, ''നാം ജീവനുള്ള ദൈവത്തിന്റെ മന്ദിരമാകുന്നു" (1 കൊരി.3:16). ഭയഭക്തിയുള്ളവനാകാം, എങ്കിലും ദൈവം സ്നേഹമാകുന്നു. അവിടുന്ന് നമ്മെ സ്നേഹംകൊണ്ട് നിറയ്ക്കുന്നു, നമുക്കും സ്നേഹിക്കാം.

രക്ഷിതഗണം ഇന്ന് പുതുവാനഭൂമിയിലല്ലെങ്കിലും അവരുടെയുള്ളിൽ ദൈവരാജ്യമുണ്ട്. നമുക്കെന്തുണ്ട് ദൈവത്തിന് പകരമായി കൊടുക്കാൻ? ആയിരം പാട്ടുകളെ? നന്ദിയുള്ളവരായിരിക്കാം; നമ്മെത്തന്നെ പൂർണ്ണമായും അവിടുത്തേക്ക് വിട്ടുകൊടുക്കാം. ഇനിയൊരു യാഗം രക്തം ചിന്തി അർപ്പിക്കേണ്ടതില്ല; ഇനിയൊരു യാഗം ആത്മാവിൽ അവിടുത്തേക്ക് അർപ്പിക്കേണ്ടതുണ്ട്.

പാപഗണത്തെ പ്രളയത്താൽ തുടച്ചുനീക്കപ്പെട്ടശേഷം പുതിയാരു ഭൂമിയിലേക്ക് നോഹ കാലെടുത്തുവെച്ചു. അവൻ തന്നെ രക്ഷിച്ച ദൈവത്തിന് ഒരു യാഗപീഠം പണിതു - വേദപുസ്തകം സൂചിപ്പിക്കുന്ന ആദ്യയാഗപീഠം. എല്ലാ ശുദ്ധിയുള്ള മൃഗങ്ങളിൽ നിന്നും പറവകളിൽ നിന്നും ചിലതെടുത്ത് ഹോമയാഗമർപ്പിച്ചു. നോഹ യാഗം കഴിച്ചത് രക്ഷിക്കപ്പെടേണ്ടതിനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണ്. ഇതിനായി അവന്റെ ഹൃദയം നന്ദിയാൽ നിർഭരമായി. നമുക്കും നന്ദിയുള്ളവരായിരിക്കാം (1 കൊരി.1:4). നമ്മുടെ "ശരീരങ്ങളെ (ആത്മാവും പ്രാണനും ശരീരവും) ബുദ്ധിയുള്ള ആരാധനയായി ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദകരമായ യാഗമായ് സമർപ്പിക്കുവിൻ'' (റോമ.12:1). ഹാബേലിന്റേതിനേക്കാൾ ഉത്തമയാഗം കഴിച്ച യേശുവിന്റെ പുണ്യാഹരക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് സത്യവിശ്വാസികൾ. നാം എവ്വിധമൊരു ആരാധന കർത്താവിന് സമർപ്പിക്കും? യാഗാനന്തരമാണ് ക്രിസ്തു മരണത്തിൽ നിന്നും ജീവൻ പ്രാപിച്ച് എഴുന്നേറ്റ് എടുക്കപ്പെട്ടത്. നാമും ദൈവത്തിന് പ്രസാദകരമായ വിശുദ്ധവിശ്വാസജീവിതമെന്ന യാഗം - ആരാധന കാഴ്ചവെച്ചില്ലെങ്കിൽ എടുക്കപ്പെടുമൊ? അവിടുത്തോടുള്ള നമ്മുടെ പ്രാർത്ഥനയും ആരാധനയും സ്തോത്രവും ആത്മാവിൽ തന്നെയോ!

നമ്മുടെ സ്തുതികൾ എത്ര തളർന്നതും ക്ഷീണിതവുമാണെന്ന് കാണുന്നത് പറയട്ടെ! പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമായിരി ക്കുന്നതുപോൽ ആത്മാവില്ലാത്ത ആരാധനയും നിർജ്ജീവമാണ് (ലേവ്യ.10:1-11). നാം ഒരുങ്ങണം,, മനസ്സുപുതുക്കി രൂപാന്തരപ്പെടണം; നമ്മുടെ ലക്ഷ്യത്തെ നാം മറന്നുപോകരുത്. മരുഭൂമിയിൽ കത്തുന്ന മുൾപ്പടർപ്പിനടുത്തേക്ക് നീങ്ങിയ മോശെയോട് കർത്താവ് കാലിലെ ചെരിപ്പഴിച്ചുമാറ്റാൻ പറഞ്ഞതെന്തേ? ആഘോഷതിമിർപ്പിൽ അലയുന്നവനേപ്പോൽ അലഞ്ഞു നടക്കരുത്, മയങ്ങരുത്, ഹൃദയത്തിൽ ശൂന്യതയുമായി വരരുത് - ഒരുക്കത്തോട വിശുദ്ധനായ ദൈവത്തെ ജീവിതത്തിൽ ആരാധിക്കാൻ നമുക്കടുത്തുവരാം.

''കാളയുടെ മാംസം ഭക്ഷിക്കാത്ത കോലാട്ടുകൊറ്റന്റെ രക്തം കുടിക്കാത്ത ദൈവത്തിന്" (സങ്കീ.50:13) ആവശ്യമായ യാഗം - ആരാധന, ഒരു മനുഷ്യന്റെ നിഷ്ക്കളങ്കവും കുറ്റമറ്റതുമായ നല്ല നടപ്പാണ് - വിശുദ്ധജീവിതമാണ്. അവിടുത്തെ "പരിജ്ഞാനത്തിന്റെ വാസന പരത്തുന്ന" ജീവിതസാക്ഷ്യം നമ്മിലുണ്ടാവട്ടെ. അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലമെന്ന സ്തോത്രയാഗം ഇടവിടാതെ" ജീവിതചര്യകളിലേക്ക് പകർത്തണം നാം (എബ്രാ.13:15). നാം അവനിൽ വിശ്രമം കണ്ടെത്തിയിരിക്കുന്നു (ഉത്തമ.2:3,4).

നാനൂറിലേറെ വർഷത്തിലെ അടിമത്തത്തിൽ നിന്നും തങ്ങളെ വിടുവിച്ച് ചെങ്കടൽ കടത്തി ഇപ്പുറം കൊണ്ടുവന്നപ്പോൾ അഹരോന്റെ സഹോദരിയായ മിര്യാം തപ്പെടുത്ത് താളംകൊട്ടി നൃത്തത്തോടെ ദൈവത്തെ സ്തുതിച്ചാരാധിച്ചു. എന്നാൽ ഇതേ മിര്യാം



# സത്യാരാധന

**പാ.രാധാകൃഷ്ണൻ**

മോശെയ്ക്കെതിരെ വിരോധമായ് സസാരിച്ച് പാപം ചെയ്തു. ദൈവത്തിന് ആർത്തുഘോഷിച്ച് ആരാധിച്ചവൾ വലിയ പാപത്തിൽ വീണുപോയി (പുറ.15:20–21, സംഖ്യ.12:2–10).

ദൈവത്തിന്റെ കല്പനകൾ സ്വീകരിച്ച് ദാവീദുരാജാവ് ദൈവത്തിന്റെ പെട്ടകം ബാലേ – യഹൂദായിൽ നിന്നും യരൂശലേമിലേക്ക് കൊണ്ടുവന്നപ്പോൾ, "ദാവീദ് പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു" (2 ശമു.6:2,14). കണ്ടു നിന്ന ശൗലിന്റെ മകളായ മീഖൾ ദാവീദിനെ എതിരേറ്റുചെന്ന് "ദാസികൾ കാൺകെ തന്നെത്താൻ അനാവൃതനാക്കിയ യിസ്രായേൽ രാജാവ് ഇന്ന് എത്ര നല്ലവൻ'' എന്ന് കുറ്റപ്പെടുത്തി പറഞ്ഞപ്പോൾ ദാവീദ് യഹോവയുടെ നാമത്തെ വാഴ്ത്തി, "........ ഞാനിനിയും നൃത്തം ചെയ്യും, യഹോവയുടെ മുമ്പാകെ നൃത്തം ചെയ്യും. ഇനിയും ഇതിലും ഇതിലധികവും ഹീനനും എന്റെ കാഴ്ചക്ക് എളിയവനുമായിരിക്കും" (2 ശമു.6:20–22). ഏറെ നാൾ താമസിച്ചില്ല ദാവീദുരാജാവ് ദൈവമുമ്പിൽ മഹാപാപം ചെയ്തു. തന്റെ ദാസനായ ഊരിയാവിന്റെ ഭാര്യയുമായി പാപം ചെയ്തു, ഊരിയാവിനെ യുദ്ധത്തിൽ മുൻനിരയിൽ നിർത്തി കൊന്നുകളയിച്ചു. ദാവീദിന്റെ വിലാപം സങ്കീ.51–ാം അദ്ധ്യായം മുഴുവനും നിറഞ്ഞിരിക്കുന്നു.

ദൈവത്തിനെ വിശുദ്ധിയിൽ ആരാധിക്കാൻ ഈ കൃപായുഗത്തിൽ പരിശുദ്ധാത്മാവിനെ, വിശ്വസിക്കുന്ന ഏവർക്കും നൽകിയിരിക്കുന്നു. അവർ യേശുവിന്റെ രക്തത്താൽ അന്ത:രംഗം കഴുകി വിശുദ്ധീകരിക്കപ്പെട്ട ജനമാണ്–ദൈവത്തിന്റെ വിശുദ്ധസഭയാണ്; നിത്യാത്മാവിനാൽ ദൈവത്തെ എന്നും ആരാധിക്കാൻ (വെളി.7:18) വരം ലഭിച്ചവരാണ്. ക്രിസ്തുവിൽ സ്വാതന്ത്ര്യം ലഭിച്ചവരുടെ വിശുദ്ധഗണമാണ് സത്യസഭ; അവർ ഇടവിടാതെ കർത്താവിനെ സ്തുതിക്കുകയും അവനോട് പ്രാർത്ഥിക്കുകയും വിശുദ്ധജീവിതമെന്ന ചിന്തയും, വാക്കും പ്രവൃത്തിയുമാകുന്ന പ്രസാദകരമായ ആരാധന അവിടുത്തേക്കു അർപ്പിക്കുകയും വേണം.

### ദിവ്യസ്നേഹത്തിന്റെ ആവിഷ്ക്കാരമാണ് സത്യാരാധന

"ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിക്കുവിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടക്കുവിൻ" (എഫേ.5:1,2).

ദൈവം സൃഷ്ടിച്ച മനുഷ്യരിൽ ദൈവത്തിന് പൂർണ്ണപ്രസാദം നൽകുമാറ് ദൈവത്തിന്റെ വചനത്തിന്റെ അനുസരണത്തിൽ തികഞ്ഞവരായി ആരുമുണ്ടായിരുന്നില്ല. സ്വന്തം ഹൃദയം പറിച്ചുസമർപ്പിച്ചെന്നപോൽ ആട്ടിൻകൂട്ടത്തിൽ നിന്ന് കടിഞ്ഞൂലുകളിലൊന്നിനെ വഴിപാടായി അർപ്പിച്ച ഹാബേലിന്റെ യാഗവും (ഉല്പ.4:4) 'ദൈവത്തോടുകൂടെ നടന്ന് ദൈവം എടുത്തതിനാൽ കാണാതെയായ' (ഉല്പ.5:24) ഹാനോക്കിന്റെ സമർപ്പണവും ശ്രദ്ധേയമാണ്. സത്യദൈവത്തിൽ നിന്നുള്ള രക്ഷയെ പ്രാപിച്ച മനുഷ്യന്റെ ദൈവത്തോടുള്ള സമീപനമാണ് – സ്നേഹമാണ് ആരാധന. നമ്മുടെ ജീവനും ഹൃദയവും മുഴുവനായി അവന് സമർപ്പിച്ചാൽ മാത്രമേ നമുക്ക് അതിന് സാധിക്കുകയുള്ളു.

"ദൈവം സ്നേഹമാണ്" (1 യോഹ.4:8). മാനവനിത് അറിയുന്നത് "സ്നേഹസ്വരൂപനായ പുത്രനിലൂടെയാണ്" (കൊലൊ.1:13). ദൈവസ്നേഹത്തിന്റെ ആദ്യസൃഷ്ടിയാണ് മനുഷ്യൻ – "ദൈവത്തിന്റെ ഛായയിലും സാദൃശത്തിലും സൃഷ്ടിക്കപ്പെട്ടവൻ". അവനെ ദൈവം "തന്റെ മകനെന്ന് വിളിച്ചു" (ലൂക്ക.3:38). എന്നാൽ മനുഷ്യൻ അഥവാ ആദം ദൈവത്തിന്റെ സ്നേഹകല്പനയെ ലംഘിക്കുകയാൽ പാപം ചെയ്തു. "അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലയോ ദൈവത്തോടുള്ള സ്നേഹം" (1 യോഹ.5:3). എങ്കിലും ദൈവം തന്റെ സ്നേഹത്തിൽ നിന്നും മനുഷ്യനായ് ഒരു രക്ഷകനെ വാഗ്ദത്തം ചെയ്തു (ഉല്പ.3:15). 'കാലസമ്പൂർണ്ണതയിൽ' രക്ഷകൻ വരുമ്പോൾ പാപം നിമിത്തം അഥവാ ലംഘനങ്ങൾ നിമിത്തമാണ് ദൈവം വിളിച്ചു വേർതിരിച്ച ജനത്തിന് വിശുദ്ധകല്പനകൾ നൽകിയത്. കല്പനകളുടെ സ്വത്വം സ്നേഹമാണ്. പത്ത് കല്പനകളേയും ആയിരത്തി ഇരുനൂറോളം ഉപകല്പനകളെയും ഏക കല്പനയിൽ ക്രോഡീകരിച്ചിരി ക്കുന്നു. "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കണം'' (ആവ.6:5). ദൈവത്തിന്റെ സ്നേഹത്തെ തിരിച്ചറിയുന്നത് ദൈവത്തിന്റെ കല്പനകളിലൂടെയാണ്; പാപം ചെയ്യാതെ ദൈവത്തോട് ചേർന്നുനിൽക്കുക എന്നതാണത്. "അവനെ പൂർണ്ണഹൃദയ

# സത്യാരാധന

പാ.രാധാകൃഷ്ണൻ

ത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുന്നതും തന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളേക്കാളും സാരമേറിയതുതന്നെ" (മർക്കോ.12:33). ദൈവസ്നേഹത്തിന്റെ കല്പപനയെ അനുസരിക്കുന്ന വനാണ് നിത്യജീവൻ ലഭിക്കുക. അതെന്തെന്ന് നല്ല ശമര്യാക്കാരന്റെ ഉപമയിലൂടെ കർത്താവ് ന്യായ ശാസ്ത്രിക്ക് ഉത്തരം കൊടുക്കുന്നുണ്ട്. (ലൂക്കൊ.10:25-37)

ദൈവകല്പന അനുസരിച്ച് പൂർത്തിയാക്കാൻ ആർക്കും സാധിക്കാതെ സകലരും ലംഘനത്താൽ പാപത്തിൻകീഴിൽ അടക്കപ്പെട്ടപ്പോൾ (ഗലാ.3:22-23) കാൽവരിയിലർപ്പിക്കപ്പെട്ട ദൈവത്തിന് സൗരഭ്യവാസന യായ വഴിപാടും യാഗവുമായ ക്രിസ്തുവിന്റെ അനന്തസ്നേഹത്തിലൂടെയാണ് നിത്യതയുടെ കവാടങ്ങൾ മനുഷ്യനായ് ദൈവം തുറന്നത്. "ഞാൻ നിങ്ങളെ സ്നേഹി ച്ചതുപോലെ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം" (യോഹ.13:34) എന്ന ഏകകല്പനയിൽ സകല പ്രവാചകന്മാരും നിയമവും അടങ്ങിയിരിക്കുന്നു. ദൈവത്തോടുള്ള ഭക്ത്യാദരവും സ്നേഹവുമാണ് ആരാധനയെന്ന് നാം പറഞ്ഞുകഴിഞ്ഞു. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും" (യോഹ.14:23) എന്നതിൽ മാത്രമെ ദൈവത്തോടുള്ള ആരാധന ദൈവം സ്വീകരിക്കുന്നുള്ളു, അതിലൂടെ മാത്രമെ ദൈവം പ്രസാദിക്കുകയുള്ളു. "സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടാണ് ക്രിസ്തു എന്ന തലയോളം വളരുക" (എഫേ.4:15). എന്നാൽ അതു മാത്രമല്ല "നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കണം" (1 യോഹ.3:18).

യേശു പറഞ്ഞു: "ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്യാൻ വരുന്നു" (എബ്രാ.10:9). യേശു ദൈവേഷ്ടം നിവർത്തിച്ചു. നാമിനി യേശുവിനെ അനുകരിക്കണം. അവനൊരു മാതൃക വച്ചേച്ചുപോയിരിക്കുന്നു. അത് സഹോദരപ്രീതിയാൽ ഗാഢമായി സ്നേഹിക്കുക എന്ന ദൈവത്തിനർപ്പിക്കുന്ന യാഗമല്ലാതെ - ആരാധനയല്ലാതെ മറ്റൊന്നുമല്ല (എഫേ.5:2, റോമ.13:8). വി.പൗലൊസിന്റെ ജീവിതം അവ്വിധമൊരു പാനീയയാഗമായിരുന്നു. യോഹന്നാനെ സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്ന് ഏവരും വിളിക്കുന്നത് യേശുവിന്റെ മാർവ്വിൽ ചാരിയിരുന്ന് എല്ലാം പ്രാപിച്ചതിനാലായിരുന്നു. "ക്രിസ്തുവിനുവേണ്ടി മരിക്കുവാനും ജയിൽവാസമനുഷ്ഠിക്കാനും" തയ്യാറായ പത്രൊസിന് ദൈവസ്നേഹത്തിന്റെ അഭിഷേകം (റോമ.5:5) ഉള്ളിൽ നിറഞ്ഞപ്പോൾ അവന്റെ ജീവിതത്തിലത് സഫലമായി. വേദപുസ്തകത്തിന്റെ താളുകൾക്കിടയിൽ നാം പിന്നയും അനേകരെ ഇവ്വിധം കണ്ടെത്തുന്നു; ചരിത്രത്തിൽ പിന്നെയുമെത്രപേർ. ഒരു സ്നേഹസാമ്രാജ്യം ദൈവം കെട്ടിപ്പടുക്കുന്നത് നിത്യരാജ്യത്തിൽ എന്നും അവനെ ആരാധിക്കുന്ന തിനാണ്. ഇല്ല നമുക്ക് ശത്രുക്കളില്ല; കാൽവരിയിൽ നിന്നും അവന്റെ ദേഹത്തിലൂടെ നമ്മിലേക്കൊഴുക്കിയ തിരുരക്തത്താൽ നമ്മുടെ മാലിന്യങ്ങളെല്ലാം നീക്കപ്പെട്ടിരിക്കുന്നു; "നമ്മുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരി ക്കുന്നത് ഹൃദയപൂർവ്വം അന്യോന്യം സ്നേഹിക്കാനാണ് (1 പത്രൊ.1:22, കൊലോ.3:14). "നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞു മിരിക്കുന്നു" (1 യോഹ.4:12). മേശമേൽ നുറുക്കിവെച്ചിരിക്കുന്ന അപ്പവും പകർന്നുവെച്ചിരിക്കുന്ന വീഞ്ഞും നമ്മുടെ കണ്ണുകളെ ഈറനണിയിച്ചേക്കാം; എന്നാൽ അവയ്ക്കൊന്നും നമുക്കായ് ചെയ്യുവാൻ സാധിക്കുന്നില്ല - ഓർമ്മപ്പെടു ത്തലുകൾ മാത്രം! വചനം നമ്മെ ഉജ്ജീവിപ്പിക്കട്ടെ, ആത്മാവ് നമ്മെ ശക്തിപ്പെടുത്തട്ടെ; അനേകർക്കായ് മുറിച്ചുകൊടുക്കപ്പെടുവാൻ ദൈവസ്നേഹം അനേകരെ പാനം ചെയ്യിപ്പിക്കുവാൻ. കുട്ടയിൽ ഇനിയും അവശേഷിക്കുന്നു അവന്റെ സ്നേഹം.

# വാർത്തകൾ NEWS

## ലൂസിഫർ സാത്താൻസഭയുടെ സ്ഥാപകൻ ക്രൈസ്തവവിശ്വാസം സ്വീകരിച്ചു

ടെക്സാസ്: സാത്താന്റെ സാമ്രാജ്യം ദൈവരാജ്യത്തിൻമേൽ പ്രബലപ്പെടുകയില്ല എന്നതിന് ഉത്തമസാക്ഷ്യവുമായി മക്-കെൽവിയുടെ ജീവിതം ശ്രദ്ധേയമാകുന്നു. ടെക്സാസിലെ ഗ്രേറ്റർ ചർച്ച് ഓഫ് ലൂസിഫർ എന്ന സാത്താൻ സഭയുടെ സ്ഥാപകനായ മക് - കെൽവി ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചുകൊണ്ടാണ് ക്രിസ്തുവിനായി തന്റെ ജീവിതം സമർപ്പിച്ചത്. നേരത്തെ താൻ ആരംഭിച്ച സാത്താൻസഭയിലേക്ക് അനേകരെ സ്വീകരിച്ച മക്-കെൽവി ഇനി ക്രിസ്തുവിനെ പ്രഘോഷിച്ചുകൊണ്ട് ജീവിതം ധന്യമാക്കുകയാണ്.

2015 ഒക്ടോ.30-ന് ഇരുട്ടിന്റെ രാജാവായ ലൂസിഫറിനെ ആരാധിച്ചിരുന്ന ഒരുകൂട്ടം ആളുകളെ ഒരുമിപ്പിച്ചുകൊണ്ടാണ് മക്-കെൽവി ലൂസിഫേറിയൻ സഭ എന്ന സാത്താൻ ആരാധക കൂട്ടായ്മയ്ക്ക് രൂപം കൊടുത്തത്. സഹോദരിയുടെ അപ്രതീക്ഷിത മരണവും പണത്തോടും അധികാരത്തോടുമുള്ള ആഭിമുഖ്യവുമാണ് മക്-കെൽവിയെ സാത്താൻ ആരാധനയിലേക്കെത്തിച്ചത്. വീടിന്റെ കാർപോർച്ചിൽ തുടങ്ങിയ സാത്താനിക സഭയുടെ വളർച്ച വളരെ വേഗത്തിലായിരുന്നു.

അന്ധകാരത്തിന്റെ ശക്തിയിലേക്ക് അതിവേഗം സ്വാധീനിക്കപ്പെട്ട മക്-കെൽവി അനേകരെ സാത്താൻസഭയിലേക്ക് ക്ഷണിച്ചു. "നിങ്ങൾ തന്നെയാണ് നിങ്ങളുടെ ദൈവം" എന്ന് സാത്താൻ ആരാധകരുടെ വാക്കുകൾ തന്നിലേറെ സ്വാധീനിച്ചിരുന്നതായി മക്-കെൽവി പറയുന്നു.

എന്നാൽ അധികം വൈകാതെ തന്നെ താൻ ചെയ്യുന്നത് വലിയ തെറ്റാണെന്നുള്ള ചിന്ത മക്-കെൽവിയെ വേട്ടയാടുവാൻ തുടങ്ങി. ഒരു ക്രൈസ്തവദേവാലയത്തിൽ പോകണമെന്നുള്ള അതിയായ ആഗ്രഹം മക്-കെൽവിയിലുടലെടുത്തു. അധികം താമസിയാതെ തന്നെ അദ്ദേഹം സ്പ്രിംഗ് ഫസ്റ്റ് ദേവാലയത്തിലെത്തി. തുടർന്ന് നിരവധി വചന പ്രഘോഷകരുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം ക്രിസ്തുവിന് മുന്നിൽ ജീവിതം അടിയറവ് വെയ്ക്കുകയായിരുന്നു.

ക്രിസ്തുവിനെ അറിഞ്ഞതിനുശേഷം താൻ അനുഭവിക്കുന്ന സന്തോഷവും ശക്തിയും വിവരിക്കാനാവാത്തതാണെന്ന് മക്-കെൽവി തുറന്നു പറയുന്നു. ഇന്ന് ടെക്സാസിലെ വിവിധ ദേവാലയങ്ങളിൽ പോയി ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും പ്രാർത്ഥനയുടെ സക്തിയെക്കുറിച്ചും പ്രഘോഷിക്കുകയാണ് മക്-കെൽവി. ദൈവത്തിൽനിന്നും എത്രമാത്രം അകലെയാണെങ്കിലും, ദൈവസ്നേഹം തിരിച്ചറിഞ്ഞ് ക്രിസ്തുവിലേക്ക് തിരികെയെത്തുവാൻ തന്റെ ജീവിതസാക്ഷ്യം അനേകർക്ക് പ്രയോജനമാകുമെന്ന പ്രതീക്ഷയിലാണ് മക്-കെൽവി.

DISCIPLES NEWS


### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

ATHMABHISHEKAM MONTHLY
2018 FEBRUARY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th FEBRUARY 2018

**ദേവസ്യാമുല്ലക്കരസാർ നേതൃത്വം നൽകുന്ന ടെന്റ് മിനിസ്ട്രി 2018 ആരംഭിച്ചിരിക്കുന്നു. കേരളത്തിൽ ഉടനീളം പ്രാദേശിക ചർച്ചുകൾ മുഖേന നടത്തപ്പെടുന്നു. ശുശ്രൂഷയുടെ വിജയത്തിനായി പ്രിയ വായനക്കാർ പ്രാർത്ഥിക്കുമല്ലോ.**




പാപത്തിന്റെ അടിമനുകത്തിൽ നിന്നും വിടുവിച്ച് ക്രിസ്തു നമ്മെ ഒന്നിച്ച് കൂട്ടിവരുത്തുന്നു; സ്വാതന്ത്ര്യത്തിന്റെ മഹാസന്തോഷത്തെ നമുക്ക് കൂടാരത്തിൽ (ലേവ്യ.22:42-43). ഒത്തുകൂടി പങ്കുവയ്ക്കാം, നന്ദിയുള്ള ഹൃദയത്തോടെ അവനെ സ്തുതിക്കാം, കീർത്തനങ്ങൾ പാടാം.

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).